**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2011-2014)**

**പതിനാറാമത് റിപ്പോർട്ട്**

(2012 ഡിസംബർ മാസം 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

പതിനാറാമത് റിപ്പോർട്ട്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002–2003 മുതൽ 2004–2005 വരെ വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച്]

80/2013.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 85 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2011-2014)

### ഘടന

അദ്ധ്യക്ഷൻ:

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദീൻ*

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 സെപ്റ്റംബർ മാസം 20-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 18.

# റിപ്പോർട്ട്

പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വരെയുള്ള സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

നാരങ്ങാനം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അഡ്വാൻസ് കൈപ്പറ്റിയതിനുശേഷം പണി ചെയ്തിട്ടില്ല—ഭീമമായ നഷ്ടം**

നാരങ്ങാനം ഗ്രാമപഞ്ചായത്തിലെ താഴെ പ്രതിപാദിച്ചിരിക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനായി മൊബിലൈസേഷൻ അഡ്വാൻസ്, സെക്യേർഡ് അഡ്വാൻസ് എന്നീ ഇനങ്ങളിൽ തുകകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃ സമിതി കൺവീനർമാർ പണികൾ ഏറ്റെടുത്ത് നടത്താതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് 1,19,287 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. ഈ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | | കൈപ്പറ്റിയ തുക |
|---|---|---|
| കുളത്തൂർപടി, ചാപ്പൽപടി തോട്ടിൽ പുന്നോൺപടി മടവീഴ്ചയുള്ള ഭാഗം സംരക്ഷണ ഭിത്തി കെട്ടുന്ന പദ്ധതി | .. | 27,487 |
| മലയിൽ ഭാഗം ശുദ്ധജലവിതരണ പദ്ധതി | .. | 24,300 |
| നാരങ്ങാനം മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം | .. | 25,000 |
| കുന്നിടംകുഴി ഇളവരുത്തി റോഡ് പുനരുദ്ധാരണം | .. | 12,500 |
| കുളഞ്ഞികൊമ്പിൽപടി ബണ്ട് പുനരുദ്ധാരണം | .. | 10,000 |
| കുരീലയം ശുദ്ധജലവിതരണ പദ്ധതി | .. | 20,000 |
| ആകെ | .. | 1,19,287 |

[സമാഹൃത റിപ്പോർട്ട് 2002-03, ഖണ്ഡിക നമ്പർ VII. 3.1.1]

80/2013.

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/2007/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

കുളത്തൂർപടി-ചാപ്പൽപടി റോഡിൽ പുന്നോൽപടി മടവീഴ്ചയുള്ള ഭാഗം സംരക്ഷണഭിത്തി കെട്ടുന്ന പദ്ധതി—27,487 രൂപ

പണി പൂർത്തീകരിച്ചിട്ടുണ്ട്. കൺവീനർ ശ്രീ. ഒ. പി. കുഞ്ഞച്ചന് ഫൈനൽ ബിൽ തുകയായ 24,590 രൂപ 26-11-2002-ലെ 951660-ാം നമ്പർ ചെക്കുപ്രകാരം നൽകിയിട്ടുണ്ട്.

**മലയിൽ ഭാഗം ശുദ്ധജല വിതരണ പദ്ധതി**

കൺവീനർ ശ്രീ. വി. ആർ. രാധാകൃഷ്ണനിൽ നിന്നും 51,263 രൂപ പലിശയടക്കം പത്ത് തവണകളായി റവന്യൂറിക്കവറി നടപടിവഴി ഈടാക്കിയിട്ടുണ്ട്.

| *ക്രമ നമ്പർ* | *തുക* | *രസീത് നമ്പർ* | *തീയതി* |
|---|---|---|---|
| 1 | 1,550 | 17/3302 | 14-11-2003 |
| 2 | 3,100 | 45/3312 | 15-1-2004 |
| 3 | 4,650 | 55/ | 28-4-2004 |
| 4 | 3,330 | 58/3323 | 19-7-2004 |
| 5 | 26,600 | 63/ | |
| 6 | 6,622 | 68/12453 | 31-8-2005 |
| 7 | 1,406 | 5/12463 | 17-11-2005 |
| 8 | 695 | 4/12469 | |
| 9 | 3,308 | 81/12469 | 21-1-2006 |

**നാരങ്ങാനം മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം**

ചുറ്റുമതിൽ നിർമ്മാണം സംബന്ധിച്ച കേസ് പഞ്ചായത്തിന് അനുകൂലമായി വിധിച്ചതിനെ തുടർന്ന് ടി മതിലിന്റെ നിർമ്മാണം പൂർത്തീകരിച്ച് 22,068 രൂപ ഫൈനൽ ബിൽ തുകയായി 2-2-2005-ൽ 50369-ാം നമ്പർ ചെക്കുപ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. നാരങ്ങാനം ഗ്രാമപഞ്ചായത്തിനെതിരെ സമീപവാസിയായ ഒരാൾ കേസ് ഫയൽ ചെയ്തിരുന്നതിനാലാണ് ഈ പണി പൂർത്തീകരിക്കാതിരുന്നത്.

**കുന്നിടംകുഴി ഇളവരുത്തി റോഡ് പുനരുദ്ധാരണം**

കുന്നിടംകുഴി ഇളവരുത്തി റോഡ് പുനരുദ്ധാരണത്തിന്റെ പ്രോജക്ട്, എസ്റ്റിമേറ്റ് എന്നിവ ഭേദഗതി വരുത്തി പണി പൂർത്തീകരിച്ചിട്ടുണ്ട്. കൺവീനർ ശ്രീ. എം. എം. മത്തായിക്ക് ഫൈനൽ ബിൽ തുകയായ 29,366 രൂപ 30-3-2002-ലെ 219321-ാം നമ്പർ ചെക്കുപ്രകാരം നൽകിയിട്ടുള്ളതാണ്.

**കുളഞ്ഞിക്കൊമ്പിൽപടി ബണ്ട് പുനരുദ്ധാരണം**

ഈ പണി പൂർത്തീകരിച്ചിട്ടുണ്ട്. കൺവീനർ ശ്രീ. കെ. വാസുദേവന് ഫൈനൽ ബിൽത്തുകയായ 9,080 രൂപ 26-9-2001-ലെ 537158-ാം നമ്പർ ചെക്കു പ്രകാരം നൽകിയിട്ടുണ്ട്.

**കുരീലയം ശുദ്ധജലവിതരണ പദ്ധതി**

കൺവീനർ ശ്രീ. വി. എസ്. രാജനിൽ നിന്നും 18% പലിശ സഹിതം 28,800 രൂപ 30/3302 തീയതി 19-11-2003 രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് 3-9-2008-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുത്തു.

മലയിൽ ഭാഗം ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തിയായിട്ടില്ലെന്നും പദ്ധതിയുടെ കൺവീനറായ ശ്രീ. വി. ആർ. രാധാകൃഷ്ണനിൽ നിന്നും പലിശ സഹിതം തുക മുഴുവനും (51,263) ഈടാക്കിയിട്ടുണ്ടെന്നും നാരങ്ങാനം പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

2. കുരീലയം ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ടി പദ്ധതിയുടെ കൺവീനറായ ശ്രീ. കെ. ഐ. വർഗ്ഗീസിൽ നിന്നും പലിശ സഹിതം 28,800 രൂപ ഈടാക്കിയിട്ടുണ്ടെന്ന് നാരങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. നാരങ്ങാനം മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം എന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കി ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

4. പുന്നോൻപടിയിൽ മടവീഴ്ചയുള്ള ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടുന്ന പണി എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പുന്നോൺപടിയിൽ മട വീഴ്ചയുള്ള ഭാഗത്ത് സംരക്ഷണഭിത്തി കെട്ടുന്ന പണി പൂർത്തീകരിച്ചെന്നും മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും നാരങ്ങാനം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മറുപടി പറഞ്ഞു.

5. കുന്നിടംകുഴി ഇളവരുത്തി റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കുന്നിടംകുഴി ഇളവരുത്തി റോഡ് പുനരുദ്ധാരണം പണി പൂർത്തീകരിച്ചെന്നും ഫൈനൽ ബിൽ തുകയായ 2,93,336 രൂപ കൊടുത്തിട്ടുണ്ടെന്നും നാരങ്ങാനം പഞ്ചായത്ത് സെക്രട്ടറി പറഞ്ഞു. കുളഞ്ഞിക്കൊമ്പിൽപടി ബണ്ട് പുനരുദ്ധാരണം സംബന്ധിച്ച പണി പൂർത്തീകരിച്ചുവെന്നും ഫൈനൽ പേമെന്റ് ആയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

6. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട മുകളിൽ സൂചിപ്പിച്ച 6 പണികളിൽ പണി പൂർത്തീകരിച്ച 5 എണ്ണത്തിന്റെയും, അഡ്വാൻസ് തുക തിരിച്ചുപിടിച്ച ഒരു വർക്കിന്റെയും വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ലോക്കൽഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അടിയന്തരമായി ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

7. സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് പരാമർശങ്ങളുടെമേൽ പരിശോധന നടത്തി, 6-2-2009-ലെ എൽ.എഫ്. 37/സ്പെ.സെൽ. ജി.2/2009 നമ്പർ കത്തു പ്രകാരം ലോക്കൽഫണ്ട് വകുപ്പ് ഡയറക്ടർ സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

(i) കുളത്തൂർപടി, ചാപ്പൽപടി തോട്ടിൽ പുന്നോൺപടി മടവീഴ്ചയുള്ള ഭാഗം സംരക്ഷണ ഭിത്തികെട്ടുന്ന പദ്ധതി 2002-03-ൽ പൂർത്തീകരിക്കുകയും മുൻകൂർ തുകയായ 27,487 രൂപ ആകെ മൂല്യമായ 57,345 രൂപ (55,500 രൂപയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്) യിൽ നിന്നും തട്ടിക്കിഴിച്ചിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

(ii) മലയിൽഭാഗം ശുദ്ധജല വിതരണ പദ്ധതി പ്രകാരമുള്ള തുക പൂർണ്ണമായും ആർ.ആർ. നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

(iii) നാരങ്ങാനം മൃഗാശുപത്രിയുടെ ചുറ്റുമതിൽ നിർമ്മാണം 2003-04-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ആകെ മൂല്യമായ 93,495 രൂപയിൽനിന്നും മുൻകൂർ നൽകിയ 25,000 രൂപ തട്ടിക്കിഴിച്ചിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

(iv) കുന്നിടംകുഴി ഇളവരുത്തി റോഡ് പുനരുദ്ധാരണം 2001-02-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും പ്രവൃത്തിയുടെ ആകെ മൂല്യമായ 44,747 രൂപയിൽ നിന്നും മുൻകൂർ തുകയായ 12,500 രൂപ തട്ടിക്കിഴിച്ചിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

(v) കുളഞ്ഞിക്കൊമ്പിൽപടി ബണ്ട് പുനരുദ്ധാരണം 2001-02-ൽ പണി പൂർത്തീകരിക്കുകയും പ്രവൃത്തിയുടെ ആകെ മൂല്യമായ 40,970 രൂപയിൽ നിന്നും (40,000 രൂപയായി പരിമിതപ്പെടുത്തി) മുൻകൂർ 10,000 രൂപ തട്ടിക്കിഴിച്ചിട്ടുണ്ട് എന്നറിയിച്ചിരിക്കുന്നു.

(vi) കുരീലയം ശുദ്ധജല വിതരണ പദ്ധതിക്കായി മുൻകൂറായി നൽകിയ 20,000 രൂപ പലിശ സഹിതം ഈടാക്കിയിട്ടുണ്ട്. മേൽ ഖണ്ഡികകൾ ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

**8. വിവിധ പ്രവൃത്തികൾ നടത്തുന്നതിന് അഡ്വാൻസായി കൈപ്പറ്റിയ തുകകൾ അന്തിമബില്ലിൽ തട്ടിക്കിഴിക്കുകയോ മറ്റുള്ളവ തിരിച്ച് ഈടാക്കുകയോ ചെയ്തെന്ന പഞ്ചായത്തിന്റെ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് നൽകി—പണികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.**

1998-99 സാമ്പത്തികവർഷം മുതൽ മുൻകൂറുകൾ പറ്റിയതിനുശേഷം നാളിതുവരെയായിട്ടും പണികൾ പൂർത്തിയാക്കിയിട്ടില്ലാത്ത താഴെപ്പറയുന്ന പ്രവൃത്തികളുടെ കൺവീനർമാരിൽനിന്നും നൽകിയ തുക 18% പലിശയോടുകൂടി ഈടാക്കി പ്ലാൻ പി.ഡി.യിൽ ഒടുക്കേണ്ടതാണ്.

| പ്രവർത്തിയുടെ പേര് | | ആകെ തുക |
|---|---|---|
| 1. മലയിൽ ഭാഗത്തെ ശുദ്ധജല വിതരണ പദ്ധതി (1998-99) | .. | 39,300 |
| 2. കുരീലയം ശുദ്ധജല വിതരണ പദ്ധതി (1999-2000) | .. | 20,000 |
| 3. മടുക്കകുന്ന് സ്റ്റെപ്പ് നിർമ്മാണം (2000-2001) | .. | 6,000 |
| 4. നാരങ്ങാനം മൃഗാശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം | .. | 25,000 |
| ആകെ | .. | 90,300 |

ടി തുക ഈടാക്കുന്നതിന് പഞ്ചായത്തിൽനിന്നും യാതൊരു നടപടിയും ഉണ്ടായിക്കാണുന്നില്ല.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഖണ്ഡിക നമ്പർ 3.3.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 28-8-2008-ലെ 42711/എബി1/2007/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

1. മലയിൽഭാഗം ശുദ്ധജല വിതരണ പദ്ധതി

കൺവീനർ വി. ആർ. രാധാകൃഷ്ണനിൽനിന്നും 51,263 രൂപ 10 തവണയായി റവന്യൂ റിക്കവറി നടപടിവഴി ഈടാക്കിയിട്ടുണ്ട്.

| *ക്രമ നമ്പർ* | *തുക* | *രസീത് നമ്പർ* |
|---|---|---|
| 1 | 1,550 | 17/3302/14-11-03 |
| 2 | 3,100 | 45/3312/15-1-04 |
| 3 | 4,650 | 55/3319/28-4-04 |
| 4 | 3,330 | 53/3323/19-7-04 |
| 5 | (6) 8,550+8,550+9,500= 26,600 | 63/12450/28-4-05 |
| 7 | 6,622 | 68/12453/31-8-05 |
| 8 | 1,408 | 5/12463/17-11-05 |
| 9 | 695 | 4/12469/30-12-05 |
| 10 | 3,308 | 81/12469/4-1-06 |

2. കുരീലയം ശുദ്ധജല വിതരണ പദ്ധതി

കൺവീനർ ശ്രീ. കെ. എം. വറുഗീസിൽനിന്നും 18% പലിശ സഹിതം 28,800 രൂപ 30/3302/19-11-2003 രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

3. മടുക്കകുന്ന് സ്റ്റെപ്പ് നിർമ്മാണം

കൺവീനർ ശ്രീ. റ്റി. എൻ. രാജനിൽനിന്നും റവന്യൂ റിക്കവറി വഴി 4 തവണകളായി 11,035 രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | തുക | രസീത് നമ്പർ |
|---|---|---|
| 1 | 1,200 | 57/3323/19-7-04 |
| 2 | 2,280 | 64/12450/28-4-05 |
| 3 | 1,883 | 59/12452/13-6-05 |
| 4 | 5,672 | 27/12480/28-4-06 |

4. നാരങ്ങാനം മൃഗാശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം

നാരങ്ങാനം ഗ്രാമപഞ്ചായത്തിനെതിരെ സമീപവാസിയായ ഒരാൾ കേസ് ഫയൽ ചെയ്തിരുന്നതിനാലാണ് ടി പണി പൂർത്തീകരിക്കാതിരുന്നത്. കേസ് പഞ്ചായത്തിന് അനുകൂലമായി വിധിച്ചതിനെത്തുടർന്ന് ചുറ്റുമതിൽ നിർമ്മാണം കൺവീനറായ അജിമോൻ, 2004-05 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തുകയായി 2-2-2005-ൽ 50369-ാം നമ്പർ ചെക്കുപ്രകാരം 22,068 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്.

9. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പണികളുടെ മുൻകൂർ നൽകിയ തുക റവന്യൂ റിക്കവറി നടപടി പ്രകാരം 19-7-2004 മുതൽ 28-4-2006 വരെയുള്ള കാലഘട്ടത്തിൽ തിരികെ ഈടാക്കിയിട്ടുണ്ടെന്ന് നാരങ്ങാനം മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ രേഖാമൂലം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

10. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 6-2-2009-ലെ എൽ.എഫ്. 37/സ്പെ.സെൽ.ജി2/2009/നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു. "2000-01-ന്റെ ആവർത്തനം അപാകത പരിഹരിച്ചിട്ടുണ്ട്. (തുക തട്ടിക്കിഴിച്ചിട്ടുണ്ട്) ആർ.ആർ. നടപടിയിലൂടെ തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ട്. 2000-01-ന്റെ ആവർത്തനം (തുക തട്ടിക്കിഴിച്ചിട്ടുണ്ട്)".

മേൽ ഖണ്ഡികകൾ ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

**11. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക തിരികെ ഈടാക്കിയിട്ടുണ്ട് എന്ന് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അദ്ധ്യാപകരുടെ താൽക്കാലിക നിയമനം യഥാസമയം പിരിച്ചുവിടാത്തതിലുണ്ടായ നഷ്ടം**

മലയാലപ്പുഴ ജെ.എം.പി. ഹൈസ്ക്കൂളിൽ പഞ്ചായത്ത് അധികാരികൾ താല്ക്കാലികമായി നിയമിച്ച രണ്ട് അദ്ധ്യാപകരെ അദ്ധ്യയനവർഷത്തിന്റെ അവസാനം പിരിച്ചുവിടുന്നതിന് സ്കൂൾ ഹെഡ്മാസ്റ്റർ നോട്ടീസ് നൽകിയെങ്കിലും കോടതി ഉത്തരവുപ്രകാരം അദ്ധ്യാപകരെ പിരിച്ചുവിടാൻ സാധിക്കാതെ വന്നു. സ്കൂൾ മാനേജരുടെ നിയമന ഉത്തരവിൽ കാലയളവിന്റെ പരിധി രേഖപ്പെടുത്താത്തതിനാലും അദ്ധ്യാപകരുടെ സർവ്വീസ് അവസാനിപ്പിച്ചുകൊണ്ടുള്ള നോട്ടീസ് യഥാസമയം മാനേജർ നൽകാതിരുന്നതിനാലും അദ്ധ്യാപകർ സർവ്വീസിൽ തുടരുന്നതിന് തടസ്സമില്ലാ എന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശത്തിന്റെയും പിൻബലത്തിലാണ് കോടതി ഉത്തരവ് ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരള സർക്കാരിന്റെ താല്ക്കാലിക നിയമനങ്ങളുടെ അംഗീകൃത തത്വങ്ങളെ ലംഘിക്കുവാൻ പഞ്ചായത്ത് അധികൃതർ കൂട്ടുനിന്നിട്ടുണ്ടോ എന്ന കാര്യം സർക്കാരിന്റെ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക നമ്പർ VII.3.2.1]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/2007/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

മലയാലപ്പുഴ ജെ.എം.പി.എച്ച്.എസിൽ 1998-99 അദ്ധ്യയനവർഷം 7-10-1998-ൽ താൽക്കാലിക അടിസ്ഥാനത്തിൽ രണ്ട് അദ്ധ്യാപകരെ നിയമിച്ചിരുന്നു. നിയമനം താൽക്കാലികമാണെന്നും വിദ്യാഭ്യാസ ആക്ടിന്റെയും ചട്ടങ്ങൾക്കും വിധേയമാണ് താൽക്കാലിക നിയമനം എന്നും ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നതിനാൽ പിരിച്ചുവിടുന്ന തീയതി രേഖപ്പെടുത്താത്തത് ബോധപൂർവ്വമായ പിശകാണെന്നും ബോധ്യപ്പെടാൻ കഴിയുന്നില്ല. 31-3-1999-ന് രണ്ട് അദ്ധ്യാപകരെയും പിരിച്ചുവിട്ടുവെങ്കിലും ടി അദ്ധ്യാപകർ ബഹു. കേരള ഹൈക്കോടതിയിൽ 12317/99 നമ്പരായി ഫയൽ ചെയ്ത ഒ.പി.യിൽ 17-6-1999-ൽ സി.എം.പി. 19713/99 നമ്പരായി ഇടക്കാല ഉത്തരവുണ്ടായി. ടി കേസിന്റെ അന്തിമ വിധിക്ക് വിധേയമായി തികച്ചും താല്ക്കാലികമായി തുടരുന്നതിന് കോടതി അനുവദിച്ചു. കോടതി ഉത്തരവിൽ ടി അദ്ധ്യാപകർ സർവ്വീസിൽ തുടരുന്നതിന് പഞ്ചായത്തിന് തടസ്സമില്ല എന്നുള്ള പഞ്ചായത്ത് പരാമർശം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പഞ്ചായത്ത് മിനിട്ട്സ് പരിശോധിച്ചതിനാൽ 31-3-1999-നും 17-6-1999-നും ഇടയ്ക്കുകൂടിയ പഞ്ചായത്ത് കമ്മിറ്റി ഇങ്ങനെയൊരു വിഷയം ചർച്ചയ്ക്ക് എടുക്കുകയോ തീരുമാനിക്കുകയോ ചെയ്തിട്ടില്ല. ടി കേസിലെ അന്തിമവിധിയിൽ നിലവിലുള്ള വേക്കൻസിയിൽ ടി അദ്ധ്യാപകർക്ക് നിയമനം നൽകണമെന്ന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ

1-7-1999-ലെ രണ്ടാം നമ്പർ തീരുമാനത്തിൽ സി.എം. 19713/99 തീയതി 7-4-2000-ലെ അന്തിമവിധിക്ക് സഹായകരമായി പഞ്ചായത്ത് കമ്മിറ്റിയുടെയും സ്കൂൾ മാനേജരുടെയും നിർദ്ദേശത്തിന് വിരുദ്ധമായി കേസിന് സ്റ്റേറ്റ്മെന്റ് നൽകിയ അഡ്വക്കേറ്റിന്റെ വക്കാലത്ത് മാറ്റുന്നതിനും തീരുമാനിച്ചിരിക്കുന്നു.

കോടതിവിധിക്കെതിരെ പഞ്ചായത്ത് അപ്പീൽ നൽകുകയും ഡബ്ല്യു.എ. 1646/ 2000-ാം നമ്പരായി ഫയൽ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ഡിവിഷൻ ബഞ്ച് ഫുൾബഞ്ചിന് റഫർ ചെയ്യുകയും അന്തിമ വിധിയിൽ അദ്ധ്യാപകരെ പിരിച്ചുവിടാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 3-3-2003-ൽ ടി അദ്ധ്യാപകരെ പിരിച്ചുവിടുകയും ടി ഒഴിവിൽ പി.എസ്.സി. സ്ഥിരനിയമനം നടത്തിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താൽക്കാലിക നിയമനങ്ങളുടെ അംഗീകൃത തത്വങ്ങളെ ലംഘിക്കുവാൻ പഞ്ചായത്തധികൃതർ കൂട്ടുനിന്നതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

12. താൽക്കാലികമായി നിയമിച്ച അധ്യാപകരെ യഥാസമയം എന്തുകൊണ്ട് പിരിച്ചുവിട്ടില്ല എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി, 2003-ൽ പി.എസ്.സി.വഴി പുതിയ അധ്യാപകരെ നിയമിച്ചപ്പോൾ താൽക്കാലിക അധ്യാപകരെ 31-3-2003-ന് തന്നെ പിരിച്ചുവിട്ടിരുന്നെന്നും എന്നാൽ അവർ അതിനെതിരെ ഹൈക്കോടതിയിൽ പോയി എന്നും സെക്രട്ടറി ശ്രീ. എ. ജെ. വാസുദേവകുറുപ്പ് അറിയിച്ചു. എന്നാൽ അന്നത്തെ പഞ്ചായത്ത് കമ്മിറ്റി കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ ഇവർ തുടരുന്നതിൽ വിരോധമില്ലെന്ന് പറഞ്ഞിരുന്നതായി സമിതി ചൂണ്ടിക്കാട്ടിയപ്പോൾ കമ്മിറ്റി അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ലായിരുന്നെന്ന് സെക്രട്ടറി അറിയിച്ചു. കോടതിയുടെ ഇടപെടൽമൂലം 1999 മുതൽ 2003 വരെ മേൽപ്പറഞ്ഞവർ ജോലിയിൽ തുടർന്നുവെന്നും അവർക്ക് അവധിക്കാല വേതനം കൊടുക്കേണ്ടിവന്നു എന്നും അഡ്വക്കേറ്റിനുണ്ടായ ഒരു പിഴവാണിതിനുകാരണമെന്നും സമിതിയുടെ ചോദ്യത്തിനു മറുപടിയായി സെക്രട്ടറി പറഞ്ഞു. പിന്നീട് ടി അഡ്വക്കേറ്റിനെ മാറ്റി പുതിയ അഡ്വക്കേറ്റിനെ വച്ച് പഞ്ചായത്ത് കേസ് ജയിച്ചുവെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു.

13. വെക്കേഷൻ സാലറി നൽകുകവഴി പഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടത്തെക്കുറിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

14. **കോടതിയുടെ ഇടപെടൽമൂലമാണ് ജോലിയിൽ തുടർന്ന രണ്ട് അദ്ധ്യാപകർക്ക് അവധിക്കാല വേതനം നൽകേണ്ടിവന്നതെന്ന സാഹചര്യം കണക്കിലെടുത്തും വെക്കേഷൻ സാലറി നൽകുകവഴി പഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടത്തെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഇല്ലാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## കലഞ്ഞൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗാന്ധി ജംഗ്ഷൻ-നെടുമൺകാവ് റോഡ് ടാറിംഗ് നടത്തിപ്പിലെ ക്രമക്കേടുകൾ**

4,25,000 രൂപ അടങ്കലിൽ പഞ്ചായത്ത് നേരിട്ടുനടത്തുന്ന ഗാന്ധി ജംഗ്ഷൻ മുതൽ നെടുമൺകാവ് വരെയുള്ള റോഡിന്റെ ടാറിംഗ് ജോലികൾക്കായി ജോലി തുടങ്ങുന്നതിനും വളരെ ദിവസങ്ങൾക്ക് മുൻപുതന്നെ ടാറിംഗ് ഉപകരണങ്ങൾക്കും 16 ദിവസത്തേക്ക് വാടക ഇനത്തിൽ ആകെ 54,000 രൂപ മുൻകൂറായി കൊടുത്തുകാണുന്നു. ടാറിംഗ് വേല തുടങ്ങുന്നതിനും മുൻപ് വാടക നിശ്ചയിച്ചും തുക നൽകിയ നടപടി സംശയാസ്പദമാണ്. ലിറ്ററിന് 15 രൂപാനിരക്കിൽ 440 ലിറ്റർ മണ്ണെണ്ണ വാങ്ങിയത് ആവശ്യമുള്ള മണ്ണെണ്ണയുടെ അളവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ എന്ത് അടിസ്ഥാനത്തിൽ എന്ന് വ്യക്തമല്ല. നിജഃസ്ഥിതി മനസ്സിലാക്കാൻ വകുപ്പ് തലത്തിൽ സമഗ്രമായ അന്വേഷണം ആവശ്യമാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.3.3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി.1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"ഗാന്ധി ജംഗ്ഷൻ, നെടുമൺകാവ് റോഡ് ടാറിംഗ് എന്ന പ്രവൃത്തി 4,25,000 രൂപ അടങ്കലിൽ പഞ്ചായത്ത് നേരിട്ട് നടത്തിയിട്ടുള്ളതാണ്. ഈ പ്രവൃത്തിയുടെ മെഷർമെന്റ് ബുക്കും ഫൈനൽ ബില്ലും പരിശോധിച്ചതിൽ 12-11-1999-ൽ ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി വർക്ക് സൂപ്പർവൈസ് ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 14-11-1999-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. 12-11-1999 ലാണ് ഈ പ്രവൃത്തിക്കുള്ള റോഡ് റോളർ വാടക പഞ്ചായത്തിൽനിന്നും നൽകിയിട്ടുള്ളത്. ആകയാൽ ടാറിംഗ് ജോലി തുടങ്ങുന്നതിന് വളരെ ദിവസങ്ങൾക്കുമുമ്പുതന്നെ ടാറിംഗ് ഉപകരണങ്ങൾക്ക് 16 ദിവസത്തേക്ക് വാടകയിനത്തിൽ 54,000 രൂപ മുൻകൂറായി കൊടുത്തു എന്ന ഓഡിറ്റ് പരാമർശം ശരിയല്ല എന്ന് ബോദ്ധ്യമാകുന്നു. പണി പൂർത്തിയായതിനുശേഷമാണ് റോളർ വാടക നൽകിയിരിക്കുന്നത് എന്നതുകൊണ്ടുതന്നെ ഇതിൽ സംശയാസ്പദമായി ഒന്നും തന്നെ കാണാൻ കഴിയുന്നില്ല.

ഈ വർക്കിന് ആവശ്യമായിവരുന്ന മണ്ണെണ്ണയുടെ അളവു സംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയറിൽനിന്നും യാതൊരു സാക്ഷ്യപ്പെടുത്തലും വാങ്ങാതെയാണ് തുക നൽകിയിരിക്കുന്നതെന്ന ഓഡിറ്റ് പരാമർശം ശരിയാണ്. ടി കാലയളവിലെ സെക്രട്ടറി ശ്രീ. വൈ. മാത്യു എന്നയാളാണ്. ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. "

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

15. ഗാന്ധി ജംഗ്ഷൻ നെടുമൺകാവ് റോഡ് ടാറിംഗ് പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ, പ്രസ്തുത പദ്ധതി തുക മുൻകൂറായാണോ നൽകിയത് എന്നിങ്ങനെയുള്ള സമിതി യുടെ ചോദ്യങ്ങൾക്ക് പണി പഞ്ചായത്ത് നേരിട്ട് നടത്തിയതാണെന്നും പ്രസ്തുത പദ്ധതിയിന്മേൽ വകുപ്പുതല അന്വേഷണം ഉണ്ടായിരുന്നെന്നും, വർക്ക് മെഷർ ചെയ്ത തിനുശേഷമാണ് തുക നൽകിയതെന്നും കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഇ. ഉണ്ണികൃഷ്ണൻ മറുപടി പറഞ്ഞു. റോഡ് ടാറിംഗ് ആരംഭിക്കുന്നതിന് മുമ്പ് ടാറിംഗ് മെഷീൻ വാടകയ്ക്കെടുത്തുവെന്നും മെഷീന്റെ പ്രവർത്തനത്തിനാവശ്യമായ മണ്ണെണ്ണ ക്രമാതീതവും ഉയർന്ന നിരക്കിലുമാണ് വാങ്ങിയിരിക്കുന്നതെന്നുമുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി 12-11-1999 ലാണ് വർക്ക് മെഷർ ചെയ്തതെന്നും അന്നേ ദിവസം തന്നെയാണ് റോളറിന്റെ കാശ് കൊടുത്തിട്ടുള്ളതെന്നും, മണ്ണെണ്ണയുടെ ബിൽ ഉണ്ടെന്നും വകുപ്പുതല അന്വേഷണത്തിന്റെ നിഗമനത്തിൽ പണി പൂർത്തിയായിട്ടുണ്ടെന്നും പത്തനംതിട്ട എ.ഡി.പി. ശ്രീ. തോമസ് രാജൻ അറിയിച്ചു. നേരത്തേകൂട്ടി യന്ത്രം വാടകയ്ക്കെടുത്തതിനാൽ പണി തുടങ്ങുന്നതിന് എത്ര ദിവസം മുമ്പ് വാടക കൊടുത്തു എന്നുള്ള വസ്തുതയാണ് അന്വേഷിക്കേണ്ടിയിരുന്നത് എന്നുള്ള സമിതിയുടെ നിർദ്ദേശത്തിന് മറുപടിയായി ജോലിചെയ്ത സമയത്തിനു മാത്രമേ വാടകകൊടുത്തി ട്ടുള്ളുവെന്നും, സമിതി ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത വിവരത്തിന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് സമിതി മുൻപാകെ ലഭ്യമാക്കാമെന്നും എ.ഡി.പി. അറിയിച്ചു. ഈ വർക്കിനായി പഞ്ചായത്തു വാങ്ങിയ മണ്ണെണ്ണയുടെ അളവ് സമാഹൃത റിപ്പോർട്ടിൽ 440 ലിറ്ററാണെന്നും, ആഡിറ്റ് സമിതിക്കു നൽകിയ കുറിപ്പിൽ 1540 ലിറ്റർ എന്നുമുള്ള കണക്കിലെ വൈരുദ്ധ്യം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പിശകാണെന്നും സമിതി നിരീക്ഷിച്ചു. ഇത് പരിശോധിച്ച് സമിതിക്ക് വ്യക്തമായ റിപ്പോർട്ടു നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, പഞ്ചായത്ത് വാങ്ങിയ മണ്ണെണ്ണയുടെ അളവുമായി ബന്ധപ്പെട്ട സമാഹൃത റിപ്പോർട്ടിലെ വൈരുദ്ധ്യത്തെ സംബന്ധിച്ച് സമിതി ലോക്കൽ ഫണ്ട് ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെട്ടതനുസരിച്ച്, 3-10-2008-ലെ എൽ.എഫ്.13705/സ്പെ.സെൽ./ജി.2/08 നമ്പർ കത്തു പ്രകാരം നൽകിയ വിശദീകരണം ചുവടെ ചേർത്തിരിക്കുന്നു:

16. "2002-03 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക VII.1.3.3.1-ൽ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 'ഗാന്ധി ജംഗ്ഷൻ നെടുമൺകാവ് റോഡ് ടാറിംഗ്— നടത്തിപ്പിലെ ക്രമക്കേടുകൾ' എന്ന ഓഡിറ്റ് പരാമർശത്തിൽ ലിറ്ററിന് 15 രൂപ നിരക്കിൽ വാങ്ങിയ മണ്ണെണ്ണയുടെ അളവ് 440 ലിറ്റർ എന്നാണ് ചേർത്തിരിക്കുന്നത്. പത്തനംതിട്ട ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച 1999-2000-ത്തിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ 15 രൂപ നിരക്കിൽ 1540 ലിറ്റർ മണ്ണെണ്ണ വാങ്ങിയിട്ടുളളതായാണ് ഓഡിറ്റ് പരാമർശം. രണ്ടു തവണകളായി 12/99-ലെ 47-ാം നമ്പർ വൗച്ചർ പ്രകാരം 1100 ലിറ്ററും 51-ാം

വൗച്ചർ പ്രകാരം 440 ലിറ്ററും മണ്ണെണ്ണയാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനമാക്കി സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ ആദ്യം വാങ്ങിയ 1100 ലിറ്റർ മണ്ണെണ്ണയുടെ വിവരം പരാമർശത്തിൽ ചേർക്കാൻ വിട്ടുപോകുകയാണുണ്ടായത്. ഓഡിറ്റ് റിപ്പോർട്ടിലെ വിശദമായ ഖണ്ഡികയുടെ സംക്ഷിപ്തം തയ്യാറാക്കിയപ്പോൾ സംഭവിച്ചുപോയ പിശകാണ്. ഇത് മനഃപൂർവ്വം ചെയ്തതല്ല.

17. ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി തന്നെ പദ്ധതിയിൽ സംഭവിച്ച അപാകതകൾ വിവരിച്ചിട്ടുള്ളതും വ്യക്തമായി രണ്ടു വൗച്ചറുകളിലായി വാങ്ങിയ മണ്ണെണ്ണയുടെ അളവ് പ്രതിപാദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ കൂടാതെ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നൽകിയിട്ടുള്ളതും അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് മറുപടി ബോധിപ്പിക്കാനാവശ്യപ്പെട്ടിട്ടുള്ളതുമാണ്. ആയതിനാൽ തന്നെ ബോധപൂർവ്വമായി തെറ്റ് മൂടിവയ്ക്കാൻ ഓഡിറ്റ് ശ്രമിച്ചിട്ടില്ല എന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

18. സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ സംഭവിച്ചുപോയ തെറ്റ് മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു. മേലിൽ തെറ്റുകൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ വരാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതുമാണെന്നും അറിയിച്ചുകൊള്ളുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

19. **സർക്കാരിന്റെയും പഞ്ചായത്തിന്റെയും മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗ്രാമപഞ്ചായത്ത് വക ജീപ്പ് ഉപയോഗിക്കുന്നതിലെ ക്രമക്കേടുകൾ**

പഞ്ചായത്തിന്റെ ആവശ്യത്തിലേക്കുവേണ്ടി 10 വർഷങ്ങൾക്ക് മുൻപ് വാങ്ങിയ ജീപ്പ് ദിവസക്കൂലി ഡ്രൈവറെ ഉപയോഗിച്ചാണ് ഓടിക്കുന്നത്. നാളിതുവരെയായിട്ടും സ്ഥിരം ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ജീപ്പിന്റെ ആർ.സി. ബുക്ക് ആരുടെ കൈവശമാണെന്ന് വ്യക്തമല്ല. വാഹനത്തിന്റെ ടാക്സും ഇൻഷ്വറൻസും അടയ്ക്കുന്നില്ല. ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഇടയ്ക്ക് വാഹനം ഇലക്ഷനുവേണ്ടി ഉപയോഗിച്ചപ്പോൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയ കിലോമീറ്ററിൽ കൃത്രിമം നടന്നതായി കാണുന്നു. ജീപ്പിന്റെ പണികൾക്കായി ചെലവാക്കുന്ന തുകയ്ക്ക് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരുടെ അനുവാദമോ അംഗീകാരമോ ലഭിച്ചതായി കാണുന്നില്ല. വിശദമായ പരിശോധനയിൽ 5,214 രൂപയ്ക്ക് അധികമായി ഡീസൽ വാങ്ങിയിട്ടുണ്ട്. 5,214 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നതോടൊപ്പം വകുപ്പുതല അന്വേഷണത്തിനുവേണ്ട സത്വരനടപടികൾ എടുക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.3.4.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 28-8-2008-ലെ 42711/എ.ബി.1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:—

(1) ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ജീപ്പ് നമ്പർ കെ.എൽ. 3-682 കാലപ്പഴക്കത്താൽ മാവേലിക്കര പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2-7-2003-ലെ ഡി.ബി. 19/2000 നമ്പർ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും 9-10-2003-ലെ സ.ഉ. (സാധാ) 3570/2003/ തസ്വഭവ. നമ്പർ സർക്കാർ അനുമതിയുടേയും അടിസ്ഥാനത്തിൽ പരസ്യലേലം നടത്തി 51,111 രൂപയ്ക്ക് 29-10-2003-ലെ ഒന്നാം നമ്പർ കമ്മിറ്റി തീരുമാനത്തിലൂടെ അംഗീകരിച്ച് പെരുനാട് മൂലമണ്ണിൽ ഈപ്പൻ നൈനാൻ എന്നയാൾക്ക് വിൽക്കുകയും ടിയാൻ ജീപ്പും ആർ. സി. ബുക്കും ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും 31-10-2003-ൽ ഏറ്റുവാങ്ങിയിട്ടുള്ളതുമാണ്.

(2) ഓഡിറ്റിൽ നിരാകരിച്ചിരുന്ന 5,214 രൂപ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. തോമസ് ജോൺ, ഐ.യിൽ നിന്നും ഈടാക്കുന്നതിന് ടിയാന് രജിസ്ട്രേഡ് കത്തിലൂടെ അറിയിപ്പ് നൽകിയത് ടിയാൻ 4-2-2008-ൽ കൈപ്പറ്റിയിട്ടുണ്ട്. തുക പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

(3) ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പുതിയ ജീപ്പ് വാങ്ങിയിട്ടുള്ളതാണ്. ജീപ്പിന് ഡ്രൈവർ തസ്തിക ഇതുവരെയും അനുവദിച്ച് വാങ്ങിയിട്ടില്ല. ദിവസകൂലിക്ക് ഡ്രൈവറെ വച്ചാണ് ജീപ്പ് ഓടിക്കുന്നത്.

(4) മാവേലിക്കര പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും അനുവാദം വാങ്ങിയാണ് ജീപ്പിന്റെ അനുവദനീയമായ പണികൾ ഒഴിച്ച് പ്രധാനപ്പെട്ട പണികൾ നടത്തുന്നത്. ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്.

(5) ശ്രീ. തോമസ് ജോൺ ഇതുവരെയും തുക അടച്ചിട്ടില്ല. ടിയാൻ തൃശ്ശൂർ ജില്ലയിൽ പടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലിയിലാണ്. ടിയാൻ വളരെ നാളുകളായി അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ലെന്ന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽനിന്നും അറിഞ്ഞു. ടിയാനിൽ നിന്നും 5,214 രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടർക്ക് 1-7-2008-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സമിതി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

20. പഞ്ചായത്തു വക ജീപ്പിന്റെ R.C. ബുക്ക്, ലോഗ് ബുക്ക് എന്നിവ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് 1989 ലാണ് ജീപ്പ് വാങ്ങിയതെന്നും 10-10-2003-ൽ അത് ലേലം ചെയ്തുവെന്നും അതുവരെയുള്ള 14 വർഷത്തെ ലോഗ് ബുക്ക് ഉണ്ടെന്നും ജീപ്പ് വാങ്ങിയ ആൾ ആർ.സി. ബുക്ക് ഏറ്റുവാങ്ങിയതായി

രേഖയുണ്ടെന്നും സെക്രട്ടറി ശ്രീ. സാമുവൽ എസ്. തോമസ് സമിതിയെ ബോധിപ്പിച്ചു. ഇപ്പോൾ പുതിയ ജീപ്പാണ് ഉപയോഗിക്കുന്നതെന്നും പഴയ ഡ്രൈവർ തന്നെ ഇപ്പോൾ ദിവസം 170 രൂപാ നിരക്കിൽ ജോലിചെയ്യുന്നുവെന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. ജീപ്പിന്റെ പണികൾക്കായി ചെലവാക്കുന്ന തുകയ്ക്ക് അനുവാദമോ അംഗീകാരമോ ലഭിച്ചതായി കാണുന്നില്ലെന്നുള്ള സമിതിയുടെ നിരീക്ഷണ ത്തിന് അനുവദനീയമല്ലാത്ത തുകയ്ക്കെല്ലാം അനുമതി വാങ്ങുന്നുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ജീപ്പിന്റെ നിയന്ത്രണം പ്രസിഡന്റിനാണെന്നും അത് ദിവസകൂലിക്കാരനായ ഡ്രൈവറുടെ ഇഷ്ടത്തിന് കൊണ്ടുനടക്കുകയാണെന്നും, ടി വാഹനത്തിന് ആർ.സി. ബുക്കോ ലോഗ് ബുക്കോ ഇല്ല എന്നുമുള്ള റിപ്പോർട്ടിനെ കുറിച്ച് അന്വേഷിക്കാൻ എ.ഡി.പി.ക്ക് ഉത്തരവാദിത്വമൊന്നും ഇല്ലേയെന്ന് സമിതി ആരാഞ്ഞു. മാത്രമല്ല വർഷങ്ങൾക്കുമുമ്പ് വന്ന ഓഡിറ്റ് റിപ്പോർട്ടിന്മേൽ എ.ഡി.പി.യും ഡെപ്യൂട്ടി ഡയറക്ടറും നിരുത്തരവാദപരമായ സമീപനമാണ് കൈക്കൊണ്ടതെന്നും സമിതി കുറ്റപ്പെടുത്തി. എന്നാൽ പെർഫോമൻസ് ഓഡിറ്റ് മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ടെന്നും ആ സമയത്ത് ആർ.സി. ബുക്ക് ഇല്ലായിരുന്നെന്നും പിന്നീട് 31-10-2003-ന് ജീപ്പ് വിറ്റപ്പോൾ ആർ.സി. ബുക്ക് കൈപ്പറ്റിയിട്ടുണ്ടെന്നും എ.ഡി.പി. അറിയിച്ചു.

21. അധികമായി ഡീസൽ വാങ്ങിയ ഇനത്തിലുള്ള 5,214 രൂപ അടച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഇതിനുത്തരവാദിയായ ആൾ ഇപ്പോൾ സർവ്വീസിലില്ലെന്നും, അനധികൃതമായി ഓഫീസിൽ വരാതിരിക്കുകയാണെന്നും 2008 ഫെബ്രുവരിയിൽ ആർ.ആർ. നടപടിക്കായി കളക്ടർ ഉത്തരവിട്ടിട്ടുണ്ടെന്നും റാന്നി പെരുനാട് സെക്രട്ടറി അറിയിച്ചു. ഇതിനുത്തരവാദിയായ ആളിൽനിന്നും തുക ഒരു മാസത്തിനകം റിക്കവർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

22. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുനഃപരിശോധന നടത്തി 6-11-2008-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:—

"(എ) ഗ്രാമപഞ്ചായത്തിനുണ്ടായ 5,214 രൂപയുടെ അധിക ചെലവ് അതിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. തോമസ് ജോണിൽനിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കുന്നതിനുള്ള അപേക്ഷ 1-7-2008-ലെ ജെ.എസ്.180/08-ാം നമ്പർ കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ആർ.6-38369/08-ാം നമ്പർ കത്ത് പ്രകാരം ജില്ലാ കളക്ടർ തിരുവല്ലാ തഹസിൽദാർക്ക് തുക ഈടാക്കുന്നതിനുള്ള നിർദ്ദേശം നൽകിയതായും കാണുന്നു. തുക ഈടാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശത്തിന് തീർപ്പു കൽപ്പിക്കാവുന്നതാണ്.

(ബി) പ്രസ്തുത ജീപ്പ് 29-10-2003-ൽ സർക്കാർ അനുമതിയോടെ ലേലം ചെയ്തു നൽകിയിട്ടുണ്ട്. 51,111 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ. ഈപ്പൻ നൈനാൻ, മൂലമണ്ണിൽ എന്നയാൾ രജിസ്ട്രേഷൻ ബുക്ക്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ജീപ്പ് കൈപ്പറ്റിയതിന്റെ രസീതാണ് നൽകിയിരിക്കുന്നത്.

(സി) (ആർ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പിന്നീട് എടുത്തതായാണ് അനൗദ്യോഗിക മായി അറിഞ്ഞത്) മറ്റ് അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് ഹാജരാക്കിയതിനാൽ ടി തടസ്സം ഒഴിവാക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെടുന്നു.

23. ഓഡിറ്റ് പരാമർശത്തിന് സമിതി നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-9-2009-ലെ 8524/എ.ബി.1/09/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:—

"അധിക ചെലവ് 5,214 രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ജോൺ തോമസിൽ നിന്നും ഈടാക്കാൻ 1-7-2008-ലെ ജെ.എസ്. 180/08 നമ്പർ ആർ.ആർ. അപേക്ഷ പത്തനംതിട്ട ജില്ലാ കളക്ടർക്കു നൽകിയിരുന്നു. തുക ഈടാക്കുന്നതിന് ജില്ലാ കളക്ടർ R6-38369/08 നമ്പർ കത്തു മുഖേന തിരുവല്ല തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തുക ഇതുവരെ അടച്ചിട്ടില്ല. ജീപ്പിന്റെ ലോഗ് ബുക്കിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 14-10-2008-ൽ പ്രാദേശിക പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് 28-10-2008-ലെ LFPTA-P1-614(5)/08 നമ്പരായുള്ള റിപ്പോർട്ടിൻമേൽ വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്."

24. അധിക ചെലവിന് ഉത്തരവാദിയായ സെക്രട്ടറിയിൽനിന്ന് തുക ഈടാക്കു ന്നതിന് ആർ.ആർ. നടപടികൾ ആരംഭിച്ചുവെങ്കിലും തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന് 24-1-2011-ലെ എൽ.എഫ്. 13705/സ്പെ.സെൽ. ജി.2/08 നമ്പർ കത്തു പ്രകാരം ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

25. **അധികമായി ഡീസൽ വാങ്ങിയ ഇനത്തിലുള്ള 5,214 രൂപയും നാളിതു വരെയുള്ള പലിശയും ബന്ധപ്പെട്ട മുൻ സെക്രട്ടറിയിൽനിന്നും ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

26. **ജീപ്പിന്റെ ലോഗ് ബുക്കിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട് എന്ന ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോഗ് ബുക്കുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് ജോലികൾക്ക് ആവശ്യമായ സാധനങ്ങൾക്ക് അധികവില നൽകി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കി**

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 1998-99 വർഷത്തിൽ നേരിട്ട് ഏറ്റെടുത്ത് നടത്തിയ വിവിധ പൊതുമരാമത്ത് ജോലികൾക്ക് ആവശ്യമായ സാധനങ്ങൾ അധിക വില നൽകി വാങ്ങിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി ഒരു ഘനമീറ്റർ ആറ്റുമണലിന് 300 രൂപയും ഒരു ഘനമീറ്റർ 40 എം.എം. മെറ്റലിന്

375 രൂപയുമാണ് പരമാവധി വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി വ്യത്യസ്ത വൗച്ചറുകൾ പ്രകാരം മണലിനും മെറ്റലിനും 400 രൂപാ ക്രമത്തിൽ നൽകിയിരിക്കുന്നു. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് 18,125 രൂപയുടെ വ്യക്തമായ സാമ്പത്തികനഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

ഇതേ രീതിയിൽ പതിനാലാം മൈൽ പുത്തൻചന്ത റോഡിന്റെ മെറ്റലിംഗിന്റെയും ടാറിംഗിന്റെയും പണിയുടെ ഭാഗമായി റോഡ് സെക്ഷനിംഗ് നടത്തി നിരപ്പാക്കുന്നതിന് അധികരിച്ച നിരക്കിൽ തുക അനുവദിച്ച് നൽകിയിരിക്കുന്നു. നിലവിലുള്ള റോഡ് സെക്ഷനിംഗ് നടത്തുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി നിശ്ചയിച്ച പ്രാദേശിക നിരക്ക് 10 ചതുരശ്ര മീറ്ററിന് 25 രൂപയാണ്. എന്നാൽ ഇതിന് വിപരീതമായി 10 ചതുരശ്രമീറ്ററിന് 50 രൂപാ ക്രമത്തിൽ ചെലവെഴുതി കാണുന്നു. ഇപ്രകാരം 4644.40 ചതുരശ്ര മീറ്റർ സെക്ഷനിംഗ് നടത്തിയതിന് അധികമായി 11,611 രൂപ നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 29,736 രൂപ (18,125 + 11,611) യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.3.5.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:—

"ഓഡിറ്റ് പരാമർശം ശരിയാണ്. ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. എൻ. ഹരിബാലനിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുകയായ 29,736 രൂപ (11,611 + 18,125 രൂപ) ഈടാക്കുന്നതിനായി ടിയാന് 22-7-2008-ൽ 10/2008 നമ്പരായി രജിസ്ട്രേഡ് തപാലിൽ നോട്ടീസ് നൽകിയിട്ടുണ്ട്;"

സമിതിയുടെ 3-9-2008-ൽ നടന്ന തെളിവെടുപ്പ് യോഗം ഓഡിറ്റ് പരാമർശം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:—

27. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി തീരുമാനിച്ചതിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തു നേരിട്ടു ചെയ്യിക്കുന്ന പൊതുമരാമത്തു പണികൾക്കാവശ്യമായ ആറ്റുമണൽ, മെറ്റൽ എന്നിവയ്ക്ക് അധികവില നൽകുകമൂലം പഞ്ചായത്തു ഫണ്ടിന് 18,125 രൂപ നഷ്ടം ഉണ്ടായതായും, റോഡുപണിക്ക് 10 ചതുരശ്ര മീറ്ററിന് 25 രൂപ നിരക്ക് ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിരുന്നത് 50 രൂപ നിരക്കിൽ കൺവീനർക്ക് നൽകുകവഴി 11,611 രൂപ നഷ്ടം ഉണ്ടാകുകയും ചെയ്ത സംഭവത്തിൽ ഇപ്രകാരം അധികരിച്ച നിരക്ക് നൽകുന്നതിന് പഞ്ചായത്തു സമിതിയുടെ അംഗീകാരം ഉണ്ടായിരുന്നോ എന്ന് സമിതി ആരാഞ്ഞു. പഞ്ചായത്തു കമ്മിറ്റി ചെലവുകൾ അംഗീകരിച്ചിരുന്നതായി പഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു. വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത തുകയെക്കാൾ കൂടുതൽ തുക നൽകുന്നതിന് പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്തിരുന്നോയെന്നും ഇപ്രകാരം തീരുമാനം എടുത്തിരുന്നുവെങ്കിൽ ആയതിനെതിരെ സെക്രട്ടറി തന്റെ

വിയോജിപ്പു രേഖപ്പെടുത്തിയിരുന്നോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് എക്സസ് തുക നൽകുന്നതിന് പഞ്ചായത്തു തീരുമാനമെടുത്തിരുന്നില്ലെന്നു പള്ളിക്കൽ ഗ്രാമപഞ്ചായത്തു സെക്രട്ടറി സമിതിയെ അറിയിച്ചു. റോഡുപണിയുടെ കാര്യത്തിൽ വന്ന 11,611 രൂപയുടെ അധികബാദ്ധ്യത എസ്റ്റിമേറ്റിൽ വന്ന പിശകാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയതുതന്നെ 10 ചതുരശ്രമീറ്ററിന് 50 രൂപാ നിരക്കിലായിരുന്നുവെന്നും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെക്നിക്കൽ സാങ്ഷൻ നൽകിയത് ടി എസ്റ്റിമേറ്റിനായിരുന്നുവെന്നും ഈ തുകയും എം.ബുക്കിൽ മെഷർ ചെയ്തു തന്ന തുകയും ഒരുപോലെയായിരുന്നുവെന്നും പള്ളിക്കൽ ഗ്രാമപഞ്ചായത്തു സെക്രട്ടറി തുടർന്നറിയിച്ചു. ഒറിജിനൽ എസ്റ്റിമേറ്റിൽ ആരാണ് ഒപ്പിട്ടിരുന്നതെന്നും ടിയാളും ഇതിൽ ഉത്തരവാദിയാണെന്നും സമിതി ചൂണ്ടിക്കാട്ടിയപ്പോൾ എസ്റ്റിമേറ്റിൽ ആരും ഒപ്പു വച്ചിട്ടില്ലെന്ന് പഞ്ചായത്തു സെക്രട്ടറി വെളിപ്പെടുത്തി.

28. മേൽപ്പറഞ്ഞ രണ്ടു കേസിലും പള്ളിക്കൽ മുൻപഞ്ചായത്തു സെക്രട്ടറിയാണ് അധിക ചെലവ് അനുവദിച്ചതിൽ ഉത്തരവാദിയെന്നും കളക്ടർ ചെയർമാനായ സമിതിയുടെ ശുപാർശ മറികടന്ന് യഥാക്രമം 18,125 രൂപയും 11,611 രൂപയും പഞ്ചായത്തുഫണ്ടിന് അധിക ബാദ്ധ്യത വരുത്തിയ മുൻ സെക്രട്ടറിയുടെ ശമ്പളത്തിൽ നിന്നും 29,736 രൂപ തുല്യതവണകളായി ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്തു.

ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-9-2009-ലെ 8524/എബി1/09/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:—

29. "പരാമർശ പ്രകാരമുള്ള 29,736 രൂപ 1,062 രൂപ ക്രമത്തിൽ 28 തവണകളായി 2008 ഒക്ടോബർ മാസം മുതൽ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. കെ. എൻ. ഹരിബാലന്റെ ശമ്പളത്തിൽനിന്നും റിക്കവറി നടത്തി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒടുക്കു വരുത്തുന്നതിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 24-9-2008-ലെ എ1-436/07-ാം നമ്പരായി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതിയിൽ ടിയാൾ ഫയൽ ചെയ്ത WPC 34843/08 നമ്പർ കേസിന്മേൽ ഇനിയൊരുത്തരവാകുന്നതുവരെ ടി ശമ്പള റിക്കവറി ഉത്തരവ് ബഹു. ഹൈക്കോടതിയുടെ 26-11-2008-ലെ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

**30. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതിയും സ്റ്റേ പിൻവലിക്കുന്ന മുറയ്ക്ക് പരാമർശ തുക ഈടാക്കി ആയതിന്റെ വിവരവും റിപ്പോർട്ട് ചെയ്യുവാൻ ശുപാർശ ചെയ്യുന്നു.**

## കവിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തയ്യൽ മെഷീനുകൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി—ക്രമക്കേടുകൾ**

വനിതാ സമാജങ്ങൾ രജിസ്റ്റർ ചെയ്ത് തയ്യൽ യൂണിറ്റുകൾ ആരംഭിക്കുവാനും ഓരോ യൂണിറ്റിനും അഞ്ച് തയ്യൽ മെഷീനുകൾ വീതം ആകെ 90 എണ്ണം വിതരണം ചെയ്യുവാനുമുള്ള ഒരു പദ്ധതിയാണിത്. ക്വട്ടേഷൻ ക്ഷണിച്ച് അതിന് അനുസൃതമായ ഓർഡർ നൽകി തയ്യൽ മെഷീനുകൾ വാങ്ങി എന്ന് വരുത്തിത്തീർക്കുവാൻ ശ്രമിച്ചിരിക്കുന്നതായി മനസ്സിലാക്കാവുന്നതാണ്. ഗുണമേന്മയുള്ള തയ്യൽ മെഷീനുകളുടെ അംഗീകൃത ഏജന്റുമാരിൽനിന്നും ക്വട്ടേഷനുകൾ വാങ്ങുന്നതിനുള്ള യാതൊരു ശ്രമവും നടത്തിയിട്ടുള്ളതായി കാണുന്നില്ല. പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടില്ല. വാങ്ങിയ മെഷീനുകൾ പഞ്ചായത്തിന്റെ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ ചെയ്ത ടി 18 വനിതാ സംഘങ്ങൾ നിലവിലുണ്ടോ എന്നും തയ്യൽ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നുമുള്ള വസ്തുത സംശയാസ്പദമായതിനാൽ ഈ പദ്ധതിക്കായി ചെലവാക്കിയ 1,86,750 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. 3.6.(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:—

"തയ്യൽ മെഷീനുകൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതകൾ ശരിയാണ്. ഈ വിഷയത്തെപ്പറ്റി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് മുഖേന പഞ്ചായത്ത് ഓഫീസിലും വിവിധ വാർഡുകളിലും നേരിട്ടുപോയി അന്വേഷണം നടത്തിയിട്ടുള്ളതാണ്. വനിതാ സമാജങ്ങൾ രജിസ്റ്റർ ചെയ്ത് തയ്യൽ യൂണിറ്റുകൾ ആരംഭിച്ച് ഓരോ യൂണിറ്റിനും തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പ്രോജക്ടാണിത്. പ്രോജക്ടിന്റെ അസലോ ഫോട്ടോകോപ്പിയോ മെഷീൻ നൽകിയ ഡീലറുടെ ബില്ലോ ഒന്നും തന്നെ അന്വേഷണത്തിന് ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ നോട്ടീസിന്റെ പകർപ്പും ഏതാനും അപേക്ഷകളും മുദ്രപത്രങ്ങളിലുമുള്ള കുറെ എഗ്രിമെന്റുകളും മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്. 17-3-1999-ലെ മാതൃഭൂമി ദിനപ്പത്രത്തിൽ പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ പേര്, ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന സമയം, തുറക്കുന്ന സമയം എന്നിവ ക്വട്ടേഷനിലില്ല. 18 വനിതാ സമാജങ്ങൾ 50 രൂപ വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റു വച്ച് തയ്യൽ മെഷീനുകൾ കൈപ്പറ്റിയതായി ബോദ്ധ്യപ്പെട്ടു. മേൽപ്പറഞ്ഞ വനിതാ സമാജങ്ങൾ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നതായി അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. 10 വർഷങ്ങൾക്കു മുമ്പ് ജനകീയാസൂത്രണം തുടങ്ങിയ കാലത്ത്

ആരംഭിച്ച ഈ പ്രോജക്ട് അതിന്റെ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഈ പ്രോജക്ടിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി മേരിക്കുട്ടിയാണ് നടത്തിയിട്ടുള്ളത്. ടിയാൾ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്."

പ്രസ്തുത ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതിയുടെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

31. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച്, തയ്യൽ മെഷീനുകൾ വിതരണം ചെയ്യാൻ ഗുണഭോക്താക്കളെ നിശ്ചയിച്ച് യൂണിറ്റ് ഉണ്ടാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് നിലവിലിപ്പോൾ സ്വയംസഹായ സംഘങ്ങൾ ഇല്ലെന്നും ഗുണഭോക്താക്കളെ നിശ്ചയിച്ച് യൂണിറ്റുണ്ടാക്കിയിട്ടുണ്ടായിരുന്നെന്നും സെക്രട്ടറി ശ്രീ. എം. ജി. ജോർജ്ജ് അറിയിച്ചു. വനിതാ സമാജങ്ങൾ രജിസ്റ്റർ ചെയ്ത് തയ്യൽ യൂണിറ്റ് ആരംഭിക്കാനും ഓരോ യൂണിറ്റിനും 5 മെഷീൻ വീതം ആകെ 90 എണ്ണം വിതരണം ചെയ്യേണ്ട പദ്ധതിയിൽ 90 മെഷീനുകൾ വാങ്ങിയിട്ടുണ്ടായിരുന്നുവെന്നും അത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആ രജിസ്റ്ററിൽ എഗ്രിമെന്റ് വച്ചിട്ടുണ്ടായിരുന്നുവെന്നും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥനായ മുൻ സെക്രട്ടറി ശ്രീമതി പി. മേരിക്കുട്ടി അറിയിച്ചു. മിനിട്ട്സിൽ എല്ലാ വിവരങ്ങളും എഴുതിച്ചേർത്തിട്ടുണ്ടെന്നും ആ വർഷത്തെ മിനിട്ട്സ് മറ്റൊരു സംഭവവുമായി ബന്ധപ്പെട്ട് ഓംബുഡ്സ്മാന്റെ നിർദ്ദേശമനുസരിച്ച് വിജിലൻസ് ഓഫീസിലാണെന്നും മുൻ സെക്രട്ടറി തുടർന്ന് അറിയിച്ചു. മെഷീനുകൾ എവിടെനിന്നാണ് വാങ്ങിയതെന്ന സമിതിയുടെ ചോദ്യത്തിന് ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തന്ന ചങ്ങനാശ്ശേരിയിലുള്ള നൗഷാദ് എന്നയാളിന്റെ പക്കൽ നിന്നാണെന്ന് സെക്രട്ടറി അറിയിച്ചു. ക്വട്ടേഷൻ നൽകി സാധനം വാങ്ങിയാൽ അത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതല്ലേ എന്നും വിതരണം നടത്തിയതിന്റെ രേഖകൾ എന്തുചെയ്തു എന്നുമുള്ള സമിതിയുടെ ചേദ്യത്തിന് 'സെനിത്ത്' എന്ന ബ്രാൻഡിലുള്ള തയ്യൽ മെഷീനുകളാണ് വാങ്ങിയതെന്നും അതിനെ സംബന്ധിച്ച എല്ലാ രേഖകളും പഞ്ചായത്തിൽ ഉണ്ടായിരുന്നതായും, എന്നാൽ ഇപ്പോൾ അത് നഷ്ടപ്പെട്ടുവെന്നുമാണ് ഇപ്പോഴത്തെ പഞ്ചായത്ത് അധികാരികൾ വിശദീകരിക്കുന്നതെന്നും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥയും മുൻസെക്രട്ടറിയുമായ ശ്രീമതി മേരിക്കുട്ടി അറിയിച്ചു. സാധനം വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഉണ്ടെന്നും എന്നാൽ ഇപ്പോൾ ആ 18 സംഘങ്ങളും പ്രവർത്തിക്കുന്നില്ലെന്നും എ. ഡി. പി. അറിയിച്ചു. എന്നാൽ ആതറൈസ്ഡ് ആയ ആളുകൾക്കാണോ മെഷീനുകൾ വിതരണം ചെയ്തതെന്നും കമ്മിറ്റി അംഗീകരിച്ച ലിസ്റ്റ് അനുസരിച്ചാണോ വിതരണം നടത്തിയിരിക്കുന്നതെന്നും, മെഷീനുകൾ വാങ്ങിയിരിക്കുന്നത് നിയമാനുസൃതമായുമാണോ എന്നുമുള്ള കാര്യങ്ങളാണ് വ്യക്തമാക്കേണ്ടതെന്ന് സമിതി നിർദ്ദേശിച്ചു. പഞ്ചായത്ത് മിനിട്ട്സിൽ ഗുണഭോക്താക്കളുടെ പട്ടികയുണ്ടോയെന്നും ഉണ്ടെങ്കിൽ അവർക്കുതന്നെയാണോ മെഷീനുകൾ വിതരണം ചെയ്തിരിക്കുന്നത് എന്നുമുള്ള കാര്യങ്ങൾ എ.ഡി.പി.യെ കൊണ്ട് അന്വേഷിപ്പിച്ചിട്ട് ഒരാഴ്ചയ്ക്കകം മറുപടി തരാമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ എ.ഡി.പി. തന്നിരിക്കുന്ന റിപ്പോർട്ടിൽ ലിസ്റ്റ് ഉണ്ടെന്നുപറയുന്നെങ്കിലും അപേക്ഷ മാത്രമേയുള്ളൂവെന്നും

രസീതുകൾ ഉൾക്കൊള്ളിച്ചിട്ടില്ലെന്നും അതിനാൽ വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി. യഥാർത്ഥ പദ്ധതി അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കാണ് മെഷീനുകൾ വിതരണം ചെയ്യേണ്ടത്. എന്നാൽ മെഷീനുകൾ വിതരണം ചെയ്യപ്പെട്ട 18 സംഘങ്ങൾക്കും രജിസ്ട്രേഷൻ ഇല്ലെന്നും സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. ദിലീപ്കുമാർ നിരുത്തര വാദപരവും അവ്യക്തവുമായ അന്വേഷണമാണ് നടത്തിയതെന്ന് സമിതി വിമർശിച്ചു.

32. പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അസ്സൽ/ഫോട്ടോകോപ്പി, വൗച്ചർ, മെഷീൻ നൽകിയ ഡീലറുടെ ബില്ല്, മെഷീൻ വിതരണം ചെയ്തതിനുള്ള രസീത് എന്നിവയൊന്നും അന്വേഷണത്തിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ വ്യക്തതയ്ക്കായി ഇതിനെക്കുറിച്ച് എന്തെങ്കിലും ബോധ്യപ്പെടുത്താനുണ്ടെങ്കിൽ ഒരു മാസത്തിനുള്ളിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. അല്ലാത്തപക്ഷം 1,86,750 രൂപയുടെ ബാധ്യതയ്ക്ക് ഉത്തരവാദി പ്രസ്തുത സെക്രട്ടറിയായിരിക്കുമെന്നും കൂടാതെ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും അറിയാതെ ഒരു പദ്ധതി അംഗീകരിച്ച് പണമിടപാട് സാധ്യമല്ലെന്നിരിക്കെ ടി വ്യക്തികളും അതിൽ ഉത്തരവാദികളാണെന്നും സമിതി അഭിപ്രായപ്പെട്ടു. അതിനാൽ ഇതിനെ സംബന്ധിച്ച പഞ്ചായത്തിന്റെ മിനിട്ട്സ് വിജിലൻസിന്റെ കൈവശമുള്ളത് നിയമസഭാ സമിതിയുടെ പരിശോധനയ്ക്കായി വാങ്ങണമെന്നും ഇതിനെ സംബന്ധിച്ച ഒരു സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. അതുകൊണ്ട് ഇതിന്റെ വിശദാംശങ്ങളടങ്ങിയ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കണമെന്ന് കവിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശാനുസരണം പരാമർശത്തെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് 19-12-2008-ലെ 13705/സ്പെ.സെൽ.ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർത്തിരിക്കുന്നു:

**ഭരണ വകുപ്പിന്റെ റിപ്പോർട്ട് (പ്രസക്തഭാഗം)**

33. "പ്രോജക്ട് അസലോ കോപ്പിയോ ഡീലറുടെ ബില്ലോ ഒന്നും അന്വേഷണത്തിന് ലഭിച്ചില്ല. ക്വട്ടേഷൻ നോട്ടീസിന്റെ പകർപ്പും ഏതാനും അപേക്ഷകളും, മുദ്രപ്പത്രങ്ങളിലുള്ള കുറെ എഗ്രിമെന്റുകളും മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്. 17-3-1999-ലെ പത്രപരസ്യങ്ങളിൽ പ്രോജക്ടിന്റെ പേര്, ക്വട്ടേഷനുകൾ സ്വീകരിക്കുന്ന സമയം എന്നിവ ഇല്ല. 18 സമാജങ്ങൾ 50 രൂപ മുദ്രപത്രത്തിൽ കരാർ വച്ച് മെഷീനുകൾ കൈപ്പറ്റിയതായി ബോദ്ധ്യപ്പെട്ടു. മേൽപ്പറഞ്ഞ സമാജങ്ങൾ ഒന്നും ഇപ്പോൾ പ്രവർത്തിക്കുന്നതായി അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞില്ല."

34. കുറഞ്ഞപക്ഷം 90 തയ്യൽ മെഷീനുകൾ വിതരണം നടത്തിയതിനെങ്കിലും തെളിവുണ്ടോ എന്ന കാര്യത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രാദേശിക പരിശോധനയാണ് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചത്. ആയതുപ്രകാരം ഫയൽ പരിശോധിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു:

**തയ്യൽ മെഷീൻ വിതരണ പദ്ധതി**

35. 1998-1999-ലെ പദ്ധതി പ്രകാരം 17-3-1999-ൽ ക്വട്ടേഷൻ വിളിച്ച് ജനറൽ, എസ്.സി.പി. വിഭാഗങ്ങളിലായി 90 തയ്യൽ മെഷീനുകൾ വാങ്ങിയതിന്റെ ചെലവാണ് 1999-2000-ൽ നടത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ മെഷീനുകൾ കൈപ്പറ്റിയതായി കാണിച്ചുകൊണ്ടുള്ള കൈപ്പറ്റു ചീട്ടുകളിൽ 74 എണ്ണം മാത്രമേ 1999-2000-ലെ പദ്ധതിയുടേതായിട്ടുള്ളു എന്നു കാണുന്നു. അതായത് 3/99-ലോ അതിനുശേഷമോ കൈപ്പറ്റു ചീട്ട് വാങ്ങിയിട്ടുള്ളത് 74 മെഷീനുകൾക്കു മാത്രമാണ്.

വിശദവിവരം

| *ക്രമ നമ്പർ* | *യൂണിറ്റിന്റെ പേര്* | *രജിസ്റ്റർ ചെയ്ത തീയതി* | *കൈപ്പറ്റിയ മെഷീനുകൾ* | *എഗ്രിമെന്റ് തീയതി/ കൈപ്പറ്റിയ തീയതി* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | വനിതാ ഡി.ഡബ്ല്യു. സി.ആർ.എ., മുണ്ടിയപ്പള്ളി | 28-4-1999 | 5 | എഗ്രിമെന്റിൽ 5/1999 മുദ്രപ്പത്ര തീയതി 18-5-1999 |
| 2 | ഇലവിനാൽ ദേശസേവിനി മഹിളാ സമാജം | 6-5-1992 | 5 | 20-5-1999 |
| 3 | ചൈതന്യ ഹരിജൻ മഹിളാ സമാജം, കവിയൂർ | രജിസ്ട്രേഷൻ രേഖയില്ല | 5 | 27-5-1999 |
| 4 | രാജേശ്വരി ദുർബലവിഭാഗം മഹിളാ സമാജം | 3-3-1999 | 6 | 26-5-1999 |
| 5 | അഞ്ജനേയ പട്ടികജാതി മഹിളാ സമാജം | 21-4-1999 | 5 | 20-5-1999 |
| 6 | ഐശ്വര്യാ മഹിളാ സമാജം, മുണ്ടിപ്പള്ളി | 31-3-1999 | 5 | 19-5-1999 |
| 7 | വനിതാ വെൽഫെയർ സൊസൈറ്റി, കവിയൂർ | രജിസ്ട്രേഷൻ രേഖയില്ല | 5 | എഗ്രിമെന്റിൽ 5/1999 മുദ്രപ്പത്ര തീയതി 15-6-1999 |
| 8 | വർണ്ണവ മഹിളാ സമാജം, തോട്ടഭാഗം | രജിസ്ട്രേഷൻ രേഖയില്ല | 3 | എഗ്രിമെന്റ് 15-7-1999 2-8-1999-ൽ കൈപ്പറ്റി എന്ന് 15-7-1999-ലെ എഗ്രിമെന്റിൽ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | കൈരളി പട്ടികജാതി മഹിളാ സമാജം | രജിസ്ട്രേഷൻ രേഖയില്ല | 5 | 27-5-1999 |
| 10 | ഗ്രാമിക പട്ടികജാതി മഹിളാ സമാജം, കവിയൂർ | രജിസ്ട്രേഷൻ രേഖയില്ല | 3 | 24-5-1999 |
| 11 | ശ്രീ രാജേശ്വരി പട്ടികജാതി മഹിളാ സമാജം, പുതുവൽ | രജിസ്ട്രേഷൻ രേഖയില്ല | 5 | 25-5-1999 |
| 12 | മാരുതി പട്ടികജാതി മഹിളാ സമാജം, പോളച്ചിറ | 21-4-1999 | 5 | 20-5-1999 |
| 13 | നവയുഗം മഹിളാ സമാജം | രജിസ്ട്രേഷൻ രേഖയില്ല | 5 | 11-6-1999 |
| 14 | കൈരളി മഹിളാ സമാജം | രജിസ്ട്രേഷൻ രേഖയില്ല | 5 | 2-6-1999 |
| 15 | വനിതാ സോഷ്യൽ ഡെവലപ്പ്മെന്റ് സൊസൈറ്റി | രജിസ്ട്രേഷൻ രേഖയില്ല | 4 | 28-5-1999 |
| 16 | നവശക്തി പട്ടികജാതി മഹിളാ സമാജം, പടിഞ്ഞാറശ്ശേരി | രജിസ്ട്രേഷൻ രേഖയില്ല | 3 | 20-5-1999 |
| | | ആകെ | 74 | |

36. കൂടാതെ ഗ്രാമവികാസ് ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ്, മുണ്ടിയാപ്പള്ളി തയ്യൽ മെഷീൻ കൈപ്പറ്റിയതായി 7/1999-ൽ എഗ്രിമെന്റ് എഴുതിയിട്ടുണ്ടെങ്കിലും എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

37. മേൽപ്പറഞ്ഞ സംഘങ്ങളിൽ 10 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളവയല്ല എന്നു കാണുന്നു. ബാക്കിയുള്ളതിൽ ഭൂരിഭാഗം സംഘങ്ങളും മെഷീനുകൾ കൈപ്പറ്റുവാനായി മാത്രം 1999 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്.

38. സി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റ്, മുണ്ടിയാപ്പള്ളി മെഷീനുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല എങ്കിലും അവർക്ക് പരമാവധി നൽകാവുന്ന 5 എണ്ണം ഉൾപ്പെടെ ആകെ 79 എണ്ണം മെഷീനുകളുടെ കൈപ്പറ്റു വിവരം മാത്രമേ 1999-2000-ലെ പദ്ധതിയുടേതായി പരിശോധനയിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബാക്കിയെല്ലാ കൈപ്പറ്റുരേഖകളും 1997-1998 സാമ്പത്തിക വർഷത്തിൽ വിവിധ വ്യക്തിഗത ഗുണഭോക്താക്കൾ തയ്യൽ മെഷീൻ കൈപ്പറ്റിയിട്ടുള്ളതിന്റേതാണ് (1999-2000-നു മുമ്പ് ഒരു പദ്ധതിയിലും സംഘങ്ങൾക്ക് തയ്യൽ മെഷീൻ വിതരണം നടത്തിയിട്ടുള്ളതായി അന്നത്തെ പദ്ധതി രേഖകളിൽ കാണുന്നില്ല).

39. മെഷീനുകൾ സപ്ലൈ ചെയ്ത നൗഷാദ് ഏജൻസി, ചങ്ങനാശ്ശേരിയുടെ ബില്ലും സ്റ്റോക്ക് രജിസ്റ്ററും ഇല്ലാത്തതിനാൽ ഫലത്തിൽ 90 മെഷീനുകളും പഞ്ചായത്ത് വാങ്ങിയിട്ടുണ്ടോ എന്ന വിവരവും പരിശോധനയ്ക്ക് ലഭ്യമല്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 11 മെഷീനുകളുടെ വിലയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം ഭരണ വകുപ്പിൽനിന്ന് അന്വേഷണം നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെടുത്തേണ്ടതും നഷ്ടം തിട്ടപ്പെടുത്തേണ്ടതുമാണ്.

ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-9-2009-ലെ 8524/എ.ബി1/09/തസ്വഭവ. നമ്പർ കത്തുപ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു.

40. "ടി പദ്ധതിയുമായി ബന്ധപ്പെട്ട ഫയലും, മറ്റു രേഖകളും പഞ്ചായത്ത് യോഗനടപടികളുടെ മിനിറ്റ്സും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട ജില്ലാ ഓഫീസിൽനിന്നും വാങ്ങി പരിശോധനയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിനു സമർപ്പിച്ചിട്ടുണ്ട്. ടി വിഷയത്തിൽ അന്വേഷണം നടത്തിയതിൻ പ്രകാരമുള്ള സ്പെഷ്യൽ റിപ്പോർട്ട് 18-4-2009-ലെ എ1-358/08-ാം നമ്പരായി പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്."

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയിരിക്കുന്ന വിവരം ചുവടെ ചേർത്തിരിക്കുന്നു:

41. "തയ്യൽ മെഷീനുകൾ കൈപ്പറ്റിയതായി കാണിച്ചുകൊണ്ടുള്ള കൈപ്പറ്റു ചീട്ടുകളിൽ 74 എണ്ണം മാത്രമേ 1999-2000-ലെ പദ്ധതിയിലേതായിട്ടുള്ളൂ എന്ന് പ്രാദേശിക പരിശോധനയിൽ കണ്ടെത്തി. മെഷീനുകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്ന 17 സംഘങ്ങളിൽ 10 എണ്ണം രജിസ്റ്റർ ചെയ്തിട്ടുള്ളവയല്ല. ഭൂരിഭാഗം സംഘങ്ങളും മെഷീനുകൾ കൈപ്പറ്റുവാനായി മാത്രം 1999 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. മെഷീനുകൾ സപ്ലൈ ചെയ്ത നൗഷാദ് ഏജൻസി, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന്റെ ബില്ലും ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഫലത്തിൽ 90 മെഷീനുകളും പഞ്ചായത്തിൽ വാങ്ങിയിട്ടുണ്ടോ എന്ന വിവരം ലഭ്യമായിട്ടില്ല."

#### നിഗമനങ്ങൾ/ശുപാർശകൾ

**42. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതിയുടെ, പ്രോജക്ട് റിപ്പോർട്ടിന്റെ അസ്സൽ/ഫോട്ടോകോപ്പി, വൗച്ചർ, മെഷീൻ നൽകിയ ഡീലറുടെ ബില്ല്, മെഷീൻ വിതരണം ചെയ്തതിനുള്ള രസീത്, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. പരാമർശം സംബന്ധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**43. ആവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തപക്ഷം തയ്യൽ മെഷീൻ വിതരണംചെയ്ത പദ്ധതിക്കായി ചെലവാക്കിയ തുക അന്നത്തെ സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരിൽനിന്ന് ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെരുമ്പടി തോട്ടുമുഖത്ത് പമ്പുഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ**

പെരുമ്പടി തോട്ടുമുഖത്ത് പമ്പുഹൗസ് നിർമ്മിക്കുന്ന പദ്ധതിക്ക് ബി.എൽ.ഇ.സി. സാങ്കേതികാനുമതി നൽകിയിരിക്കുന്നത് 3,15,000 രൂപയ്ക്കാണ്. പദ്ധതിയുടെ ധനകാര്യ വിശകലനത്തിലും അനുബന്ധത്തിലും 3,15,000 രൂപ തന്നെയാണ് പദ്ധതിക്ക് വകകൊള്ളിച്ചിരിക്കുന്നത്. എന്നാൽ പദ്ധതിയുടെ ആമുഖത്തിൽ എസ്റ്റിമേറ്റ് അനുസരിച്ച് 6,00,000 രൂപയുടെ പ്രോജക്ടാണ് ഇതെന്ന് എഴുതിച്ചേർത്തിരിക്കുന്നു. ബി.എൽ.ഇ.സി. 3,15,000 രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയ ഈ പദ്ധതി 6,00,000 രൂപയുടെ പ്രോജക്ടായി മാറിയത് എങ്ങനെയെന്ന് വ്യക്തമല്ല. ഈ പദ്ധതിയുടെ നടത്തിപ്പിലും ഗുരുതരമായ ക്രമക്കേടുകൾ കാണുന്നു. മെഷർമെന്റ് ബുക്ക് പ്രകാരം ഇതുവരെ ചെയ്തജോലിക്ക് 1,88,233 രൂപ മാത്രമേ വാല്യുവേഷൻ വരികയുള്ളൂ. എന്നാൽ വിവിധ വൗച്ചറുകളുടെ പരിശോധനയിൽ ഇതുവരെ 2,22,398 രൂപ ചെവഴിച്ചതായി കാണുന്നു. 3/99-ൽ തുടങ്ങിയ പണി 1/2001-ലും പൂർത്തിയായിട്ടില്ല. 3/99-ൽ നൽകിയ അഡ്വാൻസ് തുകയിൽ 40,000 രൂപ ഇപ്പോഴും കൺവീനറുടെ കൈവശമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ നാളിതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ച 2,22,398 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.3.6(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ കോടതിയിൽ ഒ.പി. (എസ്.എം.) 950-ാം നമ്പരായി ഒരു കേസ് വരികയും 10-8-2001-ൽ വിശദമായ പരിശോധനയ്ക്ക് ഫയൽ വിജിലൻസ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഫയൽ തിരികെ ലഭിച്ചിട്ടില്ല. കേസിന്റെ ഇപ്പോഴത്തെ സ്ഥിതി ആരാഞ്ഞുകൊണ്ട് 11-8-2008-ൽ കവിയൂർ പഞ്ചായത്ത് സെക്രട്ടറി സി2/130/98 നമ്പരായി വിജിലൻസ് ഡയറക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല."

ഓഡിറ്റ് പരാമർശം സമിതിയുടെ 3-9-2008-ൽ നടന്ന തെളിവെടുപ്പുയോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

44. പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് ബി.എൽ.ഇ.സി. അനുമതി നല്കിയത് 3,15,000 രൂപയ്ക്കാണെന്നും എന്നാൽ പദ്ധതിയുടെ ആമുഖത്തിൽ അത് 6 ലക്ഷം രൂപയുടെ പണിയാണെന്ന് എഴുതിച്ചേർക്കുകയും ചെയ്ത പണിക്ക് 1,88,233 രൂപയുടെ വാല്യുവേഷൻ മാത്രം വരികയുള്ളൂവെങ്കിലും 2,22,398 രൂപ ചെലവുചെയ്തതായി വൗച്ചറുകൾ സൂക്ഷിച്ചിരിക്കുകയും ചെയ്തിരിക്കുന്നുവെന്നും 40,000 രൂപ കൺവീനർ അഡ്വാൻസ് വാങ്ങിയത് തിരിച്ചടച്ചില്ല എന്നുള്ള ഓഡിറ്റ് പരാമർശങ്ങളിന്മേൽ വാല്യുവേഷൻ അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ അതിനുള്ള ബാധ്യത

സെക്രട്ടറിക്കു മാത്രമല്ലെന്നും പഞ്ചായത്തീരാജ് നിയമം അനുസരിച്ച് പേമെന്റ് ആതറൈസ് ചെയ്യുന്ന പ്രസിഡന്റിനും ബാദ്ധ്യത ഉണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്നാൽ അധികമായി ചെലവഴിച്ചു എന്നു പറയപ്പെടുന്ന 2,22,398 രൂപ അനുവദിച്ച തിനെക്കുറിച്ച്, പ്രസ്തുത ഫയലിൽ പ്രസിഡന്റ് ഒപ്പുവച്ചിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ സെക്രട്ടറിക്ക് വ്യക്തമായ ഒരുത്തരം പറയാൻ സാധിക്കാത്തതിനാൽ വിജിലൻസിന്റെ കൈവശമുള്ള പ്രസ്തുത പദ്ധതിയുടെ ഫയലിന്റെ ഒരു അംഗീകൃത പകർപ്പ് വിജിലൻസ് നൽകിയിട്ട് അസ്സൽ പകർപ്പ് തിരിച്ചുവാങ്ങി പദ്ധതിയുടെ നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചകൾ എന്തൊക്കെയാണെന്ന് പരിശോധിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഫയലും മറ്റു രേഖകളും നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. കൺവീനർക്ക് മുൻകൂർ നൽകിയ 40,000 രൂപ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ എടുത്തതായി ഒരു രേഖയും കാണുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. രണ്ടുമാസത്തിനുള്ളിൽ പ്രസ്തുത ഫയൽ വിജിലൻസിൽനിന്നും വാങ്ങി ലോക്കൽ ഫണ്ട് ഡയറക്ടർക്ക് സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറെ സമിതി ചുമതലപ്പെടുത്തി.

45. സമിതി നിർദ്ദേശാനുസരണം പരാമർശവുമായി ബന്ധപ്പെട്ട ഫയൽ വിജിലൻസിൽനിന്നും തിരികെവാങ്ങി പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23-9-2009-ലെ 8524/എ.ബി1/09/തസ്വഭവ. നമ്പർ കത്തുപ്രകാരം അറിയിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

46. "വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന് രേഖകൾ അയയ്ക്കുവാൻ 10-8-2001-ന് ബഹു. ഓംബുഡ്സ്മാൻ ഉത്തരവിട്ടുകൊണ്ട് ഫയൽ ക്ലോസ് ചെയ്തതായി കാണുന്നു. എന്നാൽ രേഖകൾ വിജിലൻസിന് കൈമാറിയതായി കാണുന്നില്ല. ബഹു. ഓംബുഡ്സ്മാന് നൽകിയ പരാതി അടങ്ങുന്ന ഫയൽ ഇപ്പോഴും പഞ്ചായത്തിലുണ്ട്. ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലുള്ള അവസ്ഥ ഈ ഓഫീസിൽ അറിയിക്കുവാൻ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല."

47. പരാമർശവുമായി ബന്ധപ്പെട്ട് പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടി ല്ലെന്നും കൺവീനറുടെ കയ്യിൽ അവശേഷിക്കുന്ന 34,165 രൂപ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും തുക ഇതുവരെ ലഭ്യമായിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-1-2011-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

48. **പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന് കൈമാറി യിട്ടുണ്ടോ, എന്നതിനെ സംബന്ധിച്ചും, അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ടി അന്വേഷണ ത്തിന്റെ നിലവിലെ സ്ഥിതിയും സമിതിക്കും ഓഡിറ്റിനും റിപ്പോർട്ട് ചെയ്യുക.**

**കൂടാതെ, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലും, മറ്റു രേഖകളും പരിശോധിച്ച് പദ്ധതി നിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ചും പദ്ധതി നിർവ്വഹണത്തിലെ ധനവിനിയോഗത്തെ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് സമർപ്പിക്കണമെന്നും കൺവീനറിൽനിന്ന് ഈടാക്കേണ്ട തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർമാർ പണി ഏറ്റെടുത്ത് നടത്താത്തത് സംബന്ധിച്ച്**

കവിയൂർ ഗ്രാമപഞ്ചായത്ത് 1999-2000 വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗുണഭോക്തൃസമിതികളുടെ കൺവീനർമാർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതായി കാണുന്നു. എന്നാൽ ഇപ്രകാരം അഡ്വാൻസുകൾ കൈപ്പറ്റിയ കൺവീനർമാർ പണികൾ ഏറ്റെടുത്ത് നടത്തുകയുണ്ടായില്ല. നാലുപാറ വെളിത്തോടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പണിക്കുവേണ്ടി കൺവീനറായ ശ്രീ. തോമസ് കുഴിമനയ്ക്കലിന് 25,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. കല്ലമ്പള്ളിപ്പടി തേനിശ്ശേരിപ്പടി റോഡ് ടാറിംഗിനായി കൺവീനർ ശ്രീ. കെ. വി. യോഹന്നാന് 12,500 രൂപയും കയ്യാലേപ്പടി തുണ്ടിപ്പടി റോഡ് ടാറിംഗിനും ഇലക്ട്രിസിറ്റിപ്പടിപാടിക്കൽ കടവ് റോഡ് ഉദ്ധാരണ വേലകൾക്കുവേണ്ടിയും യഥാക്രമം 25,000 രൂപയും 20,000 രൂപയും കൺവീനർമാർക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. അഡ്വാൻസ് കെപ്പറ്റിയ കൺവീനർമാർ പണി ഏറ്റെടുത്ത് നടത്താത്ത സാഹചര്യത്തിൽ ടി നാലു പണികൾക്കുംകൂടി അഡ്വാൻസായി നൽകിയ 82,500 രൂപ പലിശസഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.3.6(iii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"കൺവീനർ ശ്രീ. തോമസ് കുഴിമനയ്ക്കൽ ആർ.ആർ. നടപടിക്കെതിരെ തിരുവല്ല മുൻസിഫ് കോടതിയിൽ കേസ് നൽകുകയും 19-12-2007-ൽ കേസ് തള്ളി തീർപ്പാക്കിയിട്ടുണ്ട്. ടിയാനെതിരെ വീണ്ടും ആർ.ആർ. നടപടി സ്വീകരിക്കുന്ന വിവരം കാണിച്ച് 8-2-2008-ലെ ബി5-22/03/പലവക നമ്പരായി തിരുവല്ല തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്.

കല്ലമ്പള്ളിപ്പടി തേനിശ്ശേരിപ്പടി റോഡ് ടാറിംഗ് പണി തീർത്തിട്ടുള്ള ഭാഗത്തിന്റെ വാല്വേഷൻ എടുത്ത് നൽകുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഉടൻതന്നെ നടപടി പൂർത്തീകരിക്കുന്നതാണ്. കയ്യാലപ്പടി തുണ്ടിൽപ്പടി റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ കൺവീനർ

ശ്രീ. ജോസ് വർഗീസിനെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്ന വിവരം കാണിച്ച് 8-2-2008-ലെ ബി5-22/03/പലവക നമ്പരായി തിരുവല്ല തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്.

ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് റോഡ് പണി തീർത്തിട്ടുള്ള ഭാഗത്തിന്റെ വാലേഷൻ എടുത്ത് നൽകുന്നതിന് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഉടൻതന്നെ നടപടി പൂർത്തീകരിക്കുന്നതാണ്. എഞ്ചിനീയർ ഇതുവരെ വാലേഷൻ എടുത്ത് നൽകിയിട്ടില്ല."

ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

49. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗുണഭോക്തൃ സമിതിയുടെ കൺവീനർമാർക്ക് നൽകിയിട്ടുള്ള മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 82,500 രൂപ ഈടാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി കവിയൂർ പഞ്ചായത്ത് സെക്രട്ടറിയോട് ആരാഞ്ഞു. കൺവീനർമാർക്കെതിരെയുള്ള ആർ.ആർ. നടപടികൾക്കായി തിരുവല്ല തഹസിൽദാർക്ക് എഴുതിയിട്ടുണ്ടെന്നും അതിന്റെ പുരോഗതി അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത നടപടിയുടെ പുരോഗതിയെ സംബന്ധിച്ച് റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-9-2009-ലെ 8524/എ.ബി1/09/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

50. ടി പരാമർശത്തിൽ ഉൾപ്പെട്ടിരിക്കുന്ന 4 പ്രവൃത്തികളിൽ 2 പ്രവൃത്തികളുടെ കൺവീനർമാരായ തോമസ് കുഴിമനയ്ക്കൽ, ജോസ് വർഗീസ് കുഴിക്കാല എന്നിവർക്കെതിരെ ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നല്കിയിരുന്ന അപേക്ഷയിന്മേൽ ആയതിന് കവിയൂർ വില്ലേജാഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതായി 17-10-2008-ലെ ബി15-22/03/പലവക നമ്പരായി തിരുവല്ല തഹസിൽദാർ അറിയിച്ചിട്ടുണ്ട്. ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിൽനിന്നും 2-5-2009-ലെ സി1 266/08 നമ്പരായി തഹസിൽദാർക്ക് വീണ്ടും കത്ത് നല്കിയിട്ടുണ്ട്. തുക ലഭ്യമായിത്തുടങ്ങിയിട്ടില്ല.

51. കല്ലമ്പള്ളി തേനിശ്ശേരിപ്പടി റോഡ് എന്ന പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നല്കിയിട്ടുള്ളതിനാൽ ടി പരാമർശം ഒഴിവാക്കാവുന്നതാണെന്ന് പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 17-11-2008-ലെ എൽ.എഫ്. പി.റ്റി.എ-പി1/641 (10)/08 നമ്പരായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

52. ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് റോഡ് എന്ന പ്രവൃത്തിയുടെ അഡ്വാൻസ് കൈപ്പറ്റിയ ശ്രീ. ജോസ് വർഗീസ് എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിക്കാൻ 25-4-2009-ലെ 1-ാം നമ്പരായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിൻപ്രകാരം ടിയാൾക്ക് 2-5-2009-ലെ സി1-621/08 നമ്പരായി ആർ.ആർ. നോട്ടീസ് നല്കിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ. ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

53. "മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ പ്രവൃത്തികളിൽ കല്ലംപള്ളിപ്പടി തേനിശ്ശേരിപ്പടി റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് പ്രവൃത്തിയുടെ എം-ബുക്ക് പ്രകാരം 70,435 രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധനയ്ക്ക് ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടതിൽ എത്രത്തോളം പണി ചെയ്തിട്ടുണ്ട് എന്ന് പരിശോധിക്കാനായിട്ടില്ല. മറ്റു രണ്ട് പ്രവൃത്തികളുടെ തുകയൊന്നും നാളിതുവരെ തിരികെ ഈടാക്കിയതായി വിവരമൊന്നും അറിയിച്ചിട്ടില്ല."

54. ഇലക്ട്രിസിറ്റിപ്പടിപാടിക്കൽ കടവ് റോഡ് എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫയൽ ലഭിച്ചിട്ടില്ലായെന്നും ഭരണവകുപ്പിൽനിന്നും ഭൗതിക പരിശോധന നടത്തി തീർപ്പുകൽപ്പിക്കാവുന്നതാണെന്നും നാലുപറ-വെളുത്തേടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പദ്ധതി സംബന്ധിച്ച് 25,000 രൂപ പലിശ സഹിതം ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി നടപടികൾ ആയിട്ടുണ്ടെങ്കിലും തുക ലഭ്യമായിട്ടില്ലെന്നും കയ്യാലേപ്പടി തുണ്ടിപ്പടി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. ജോസ് വർഗ്ഗീസിൽനിന്നും തുക ഈടാക്കുന്നതിലേക്കായി റവന്യൂ റിക്കവറി നടപടികൾ ആയിട്ടുണ്ടെങ്കിലും തുക ലഭ്യമായിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-1-2011-ലെ എൽ.എഫ്. 13705/സ്പെ.സെൽ. ജി2/08 നമ്പർ കത്തുപ്രകാരം അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**55. നാലുപാറ വെളിത്തേടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പണി ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് റോഡ് കയ്യാലേപ്പടി തുണ്ടിപ്പടിറോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാരിൽനിന്ന് ഈടാക്കേണ്ട തുക ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കിയും ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് റോഡ് പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തിയും റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**56. കല്ലമ്പള്ളി തേനിശ്ശേരിപ്പടി റോഡ് പണി സംബന്ധിച്ച പരാമർശം ഓഡിറ്റ് വകുപ്പ് പരിശോധിച്ച്, പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽത്തുക നൽകിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ഒന്നാം വാർഡിലെ മണ്ണേറ്റുപടി പാറപ്പുഴ കടവ് റോഡിന്റെ ഉദ്ധാരണപ്പണികൾ നടത്തുന്നതിലേക്കുവേണ്ടി പദ്ധതി അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിലേക്കായി വാർഡുമെമ്പറുടെ സാന്നിദ്ധ്യത്തിൽക്കൂടിയ ഗുണഭോക്താക്കളുടെ യോഗം

ശ്രീ. ജോസ് വർഗീസ് എന്ന വ്യക്തിയെ കൺവീനറായി തെരഞ്ഞെടുക്കുകയും ഉണ്ടായി. ടി വ്യക്തി ടി വാർഡിൽപ്പെട്ട ആളല്ലെന്ന് വ്യക്തമാകുന്നു. ഇപ്രകാരം ജനകീയാസൂത്രണ പദ്ധതിയുടെ പ്രാഥമിക തത്വത്തെ തന്നെ കാറ്റിൽപ്പറത്തിക്കൊണ്ട് കൺവീനറെ തെരഞ്ഞെടുക്കുകയും മൊബിലൈസേഷൻ അഡ്വാൻസായി 12,500 രൂപ കൺവീനർക്ക് നൽകുകയും വഴി വാർഡ് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഗുരുതരമായ കൃത്യവിലോപമാണ് കാണിച്ചിരിക്കുന്നത്. നാളിതുവരെ പണിതുടങ്ങുകയോ മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ഫയലുകളുടെ വിശദമായ പരിശോധനയിൽ ടി പണി ചെയ്യുന്നതിലേക്കുവേണ്ടി ഇപ്പോഴത്തെ വാർഡുമെമ്പറുടെ നേതൃത്വത്തിൽ പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതായി കാണുന്നു. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയ 12,500 രൂപ ഈടാക്കുന്നതിനും ഉത്തരവാദപ്പെട്ടവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.3.6(iv)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"കൺവീനർ ശ്രീ. ജോസ് വർഗീസിനെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്ന വിവരം കാണിച്ച് 8-2-2008-ലെ ബി5-22/03 പലവക നമ്പരായി തിരുവല്ല തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്."

ഓഡിറ്റ് പരാമർശം സമിതിയുടെ 3-9-2008-ൽ നടന്ന സമിതിയുടെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗതീരുമാനത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

57. പ്രസ്തുത പദ്ധതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് ആയി നൽകിയ 12,500 രൂപ കൺവീനറിൽനിന്ന് തിരിച്ചുപിടിക്കണമെന്നതാണ് ഓഡിറ്റ് പരാമർശത്തിലെ പ്രതിപാദ്യം. പണിതുടങ്ങിയ സമയത്തെ പ്രസിഡന്റായിരുന്ന ശ്രീമതി നിർമ്മലാ ഗോപിയുടെ നടപടികൾ തെറ്റാണെന്നുകണ്ട് തുടർന്നുവന്ന പ്രസിഡന്റായ ശ്രീ. ടി. കെ. സജീവിനെ പുതിയ കൺവീനറായി തെരഞ്ഞെടുക്കുകയാണുണ്ടായതെന്ന് സെക്രട്ടറി അറിയിച്ചു. മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുപിടിക്കുന്നതിനുള്ള ഉത്തരവാദിത്വം സെക്രട്ടറിക്കാണെന്നും കൺവീനർക്കെതിരെ ആർ.ആർ. നടപടി ഒരു മാസത്തിനകം സ്വീകരിക്കണമെന്നും സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 19-12-2008-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു:

58. "കൺവീനർ ശ്രീ. ജോസ് വർഗീസിനെതിരെ റിക്കവറി നടപടികൾ നടന്നു വരുന്നുവെന്നാണ് പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ മറ്റ് മൂന്ന് പ്രവൃത്തികളുടെ കാര്യത്തിൽ ടിയാനെതിരെ ആർ.ആർ. നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ടി പ്രവൃത്തിക്ക് വാങ്ങിയ 12,500 രൂപ തിരിച്ചടയ്ക്കുവാൻ 6-8-2008-ന് സി2-130/98 നമ്പരിൽ നോട്ടീസ് നൽകുകയും 27-8-2008-ന് രജിസ്റ്റേർഡ് നോട്ടീസ് അയയ്ക്കുകയും മാത്രമേ ചെയ്തിട്ടുള്ളൂ. എത്രയുംവേഗം റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ അയയ്ക്കേണ്ടതാണ്."

### നിഗമനങ്ങൾ/ശുപാർശകൾ

59. **മണ്ണേറ്റുപടി പാറപ്പുഴ കടവ്റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് 12,500 രൂപ അഡ്വാൻസ് കൈപ്പറ്റുകയും പണി ചെയ്യാതിരിക്കുകയും ചെയ്ത കൺവീനറിൽ നിന്നും അഡ്വാൻസ് തുക പലിശസഹിതം ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുക.**

ഓഡിറ്റ് ഖണ്ഡിക

**മുട്ടത്തുപാറ ശ്മശാന ഭൂമിയുടെ ചുറ്റുമതിൽ കെട്ടുന്ന പദ്ധതി**

മുട്ടത്തുപാറ ശ്മശാന ഭൂമിയുടെ ചുറ്റുമതിൽ കെട്ടുന്ന പദ്ധതിയുടെ നടത്തിപ്പിനായി 5-2-2000-ൽ കൂടിയ ഗുണഭോക്താക്കളുടെ യോഗം പഞ്ചായത്ത് പ്രസിഡന്റായ ശ്രീമതി നിർമ്മലാ ഗോപിയെ ചെയർമാനായും ശ്രീ. എം.വി. മാധവനെ കൺവീനറായും തെരഞ്ഞെടുക്കുകയും 21-2-2000-ൽ 32,500 രൂപ പണിയുടെ നടത്തിപ്പിനായി അഡ്വാൻസായി കൺവീനർക്ക് നൽകുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റിനെ സമിതിയുടെ ചെയർമാനായി തെരഞ്ഞെടുത്തത് ശരിയായ നടപടിയല്ല. 7-8-2000 വരെ ചെയർമാൻ സ്ഥാനത്ത് തുടർന്ന ശ്രീമതി നിർമ്മലാ ഗോപി ചെയർമാൻ സ്ഥാനത്തുനിന്നും സ്വയം പിൻമാറുകയും അതുവരെ ചെയ്ത പണികളുടെ ബില്ലുകൾപോലും പാസ്സാക്കാതെ മുൻ രേഖകളിൽ നിന്നെല്ലാംതന്നെ തന്റെ പേര് സ്വയം വെട്ടിമാറ്റുകയും ചെയ്തതായി കാണുന്നു. ഇപ്രകാരം പ്രസിഡന്റു സ്ഥാനം ദുരുപയോഗപ്പെടുത്തി പഞ്ചായത്ത് രേഖകളിൽ തിരുത്തൽ വരുത്തിയ പ്രസിഡന്റിന്റെ നടപടിയെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതാണ്. ഇതുവരെ പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ അഡ്വാൻസായി നൽകിയ 32,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VIII.3.6(v)]

ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 4274/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"മുട്ടത്തുപാറ ശ്മശാന ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണത്തിന്റെ പൂർത്തിയായ ഭാഗത്തിന്റെ പാർട്ട്ബിൽ തിരുവല്ല മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 12-4-2000-ൽ തയ്യാറാക്കി നൽകിയതിൽ 49,631 രൂപയുടെ വർക്ക് നടത്തിയതായി

രേഖപ്പെടുത്തിയിട്ടുണ്ട്. വർക്ക് ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. വർക്ക് സംബന്ധിച്ച് ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ കേസ് വരികയും പരാതിക്കാരൻ സ്വമേധയാ പരാതി പിൻവലിച്ചതിനാൽ ടി (ആർ.ഡി.) 1766/01 നമ്പരായുള്ള കേസ് 21-8-2003-ൽ തീർപ്പാക്കിയിട്ടുണ്ട്."

പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ 3-9-2008-ൽ നടന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

60. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കൺവീനർ ശ്രീ. എം. പി. മാധവൻ 32,500 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ടെന്നും അതിനുശേഷം 49,631.85 രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. നാളിതുവരെയായി 49,631 രൂപയുടെ പണി ചെയ്തിട്ടുണ്ടെന്നും ചുറ്റുമതിൽ നിർമ്മാണം വരെയുളള പണികൾ പൂർത്തിയായിട്ടുണ്ടെന്നും എന്നാൽ ശ്മശാനത്തിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി സെക്രട്ടറി അറിയിച്ചു. 49,631 രൂപ ചെലവ് ചെയ്തിട്ടും ഈ പദ്ധതികൊണ്ട് ഇതുവരെ ഒരു പ്രയോജനവുമില്ലെന്ന് സമിതി കുറ്റപ്പെടുത്തി. കവിയൂരിൽ ഒരു സന്ദർശനം നടത്താമെന്നും അതിനുമുൻപായി പദ്ധതിയുടെ ഇതുവരെയുളള പ്രവർത്തനത്തെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കണമെന്നും എസ്.പി.എ.ഒ.-യോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത പണി ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. എഗ്രിമെന്റ് പിരീഡിൽ പണി തീർക്കാത്തതിന് കൺവീനർക്ക് നോട്ടീസ് നൽകിയോ എന്ന സമിതിയുടെ ചോദ്യത്തിന് 10-8-2008-ൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ യഥാസമയം നടപടികൾ സ്വീകരിക്കാത്തത് ഇക്കാര്യത്തിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ സമീപനമാണ് സ്പഷ്ടമാക്കുന്നതെന്ന് സമിതി കുറ്റപ്പെടുത്തി. വർക്ക് പൂർത്തിയാക്കാത്തതിനാൽ കൺവീനറിൽനിന്നും തുക തിരിച്ചീടാക്കാൻ നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ അതിന്റെ പുരോഗതി സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശാനുസരണം തുടർനടപടി സ്വീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 23-9-2009-ലെ 8524/എ.ബി1/09/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

61. "ടി പ്രവൃത്തിയുടെ അഡ്വാൻസ് കൈപ്പറ്റിയ ശ്രീ. എം. പി. മാധവൻ എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിക്കാൻ 25-4-2009-ലെ 1-ാം നമ്പരായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിൻപ്രകാരം ടിയാൾക്ക് 2-5-2009-ലെ സി1-621/08 നമ്പരായി ആർ.ആർ. നോട്ടീസ് നല്കിയിട്ടുണ്ട്."

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

62. "ഹാജരാക്കിയ എം. ബുക്കിലെ രേഖപ്പെടുത്തലുകൾപ്രകാരം 49,632 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഫയൽ പരിശോധനയ്ക്ക് നാളിതുവരെ ഹാജരാക്കിയിട്ടില്ല. കൺവീനറിൽനിന്നും തുക ഈടാക്കിയതിന്റെ വിവരമൊന്നും ലഭിച്ചിട്ടില്ല."

പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 24-1-2011-ലെ എൽ.എഫ്. 13705/സ്പെ.സെൽ. ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

63. "പണി പൂർത്തീകരിച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾക്കായി നോട്ടീസ് നൽകിയിരുന്നുവെങ്കിലും തുക ഈടാക്കിയിട്ടില്ല. പ്രവൃത്തിയുടെ കൺവീനർ മരണമടഞ്ഞതായി സെക്രട്ടറി അറിയിച്ചു."

64. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ, സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

**ആമുഖം**

65. പത്തനംതിട്ട ജില്ലയിൽ കവിയൂർ ഗ്രാമപഞ്ചായത്തിൽ 1999-2000 വർഷം പദ്ധതിയിട്ട മുട്ടത്തുപാറ ശ്മശാനഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം എന്ന പദ്ധതി സംബന്ധിച്ച് 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ VII.3.6(v) ആയി ഓഡിറ്റ് പരാമർശം ഉണ്ടായി. ശ്മശാന ഭൂമിയുടെ ചുറ്റുമതിൽ കെട്ടുന്ന പദ്ധതിയുടെ നടത്തിപ്പിനായി 5-2-2000-ൽ ഗുണഭോക്തൃസമിതി യോഗം ചേരുകയും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീമതി നിർമ്മലാ ഗോപിയെ ചെർമാനായും ശ്രീ. എൻ. പി. മാധവനെ കൺവീനറായും തെരഞ്ഞെടുക്കുകയും 21-2-2000-ൽ 32,500 രൂപ മൊബിലൈസേഷൻ അഡ്വാൻസായി കൺവീനർക്ക് നൽകുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡന്റുതന്നെ സമിതിയുടെ ചെയർമാനായി പ്രവർത്തിച്ചതും തുടർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളിൽ തിരുത്തൽ വരുത്തിയതും അവർ ചെയർപേഴ്സനായിരുന്ന കാലയളവിൽ തീർത്ത പണികളുടെ ബില്ലുകൾപോലും മാറ്റി നൽകാതിരുന്നതും, ആത്യന്തികമായി പദ്ധതി പൂർത്തിയാവാതിരുന്നതിനാലും അഡ്വാൻസായി നൽകിയ 32,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയുണ്ടായി.

**അന്വേഷണത്തിലെ കണ്ടെത്തലുകൾ**

66. കവിയൂർ ഗ്രാമപഞ്ചായത്തിലെ 1999-2000 വർഷത്തെ പദ്ധതിയിൽ എസ്.സി.പി. സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 5-2-2000-ൽ ഗുണഭോക്തൃയോഗം ചേരുകയും 13 അംഗഗുണഭോക്തൃസമിതിയെയും, സമിതിയുടെ ചെയർമാനായി ശ്രീമതി നിർമ്മലാ ഗോപിയെ തെരഞ്ഞെടുക്കുകയും ചെയ്തു. മൊബിലൈസേഷൻ അഡ്വാൻസായി 32,500 രൂപ സമിതി കൺവീനറായ എം. പി. മാധവനെ 21-2-2000-ൽ നൽകുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് പ്രസിഡന്റ് തന്നെ ഗുണഭോക്തൃ ചെയർമാനായിരിക്കുന്നത് ചട്ടപ്രകാരമല്ലാത്തതിനാൽ,

ശ്രീമതി നിർമ്മലാ ഗോപിയെ തത്സ്ഥാനത്തുനിന്നുംമാറ്റി പകരം ശ്രീ. തങ്കച്ചൻ മഠത്തിക്കാലായിൽ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ ശ്മശാന ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം യഥാസമയം പൂർത്തിയാക്കാൻ സമിതിക്ക് കഴിഞ്ഞില്ല. ചുറ്റുമതിലിന്റെ ബേസ്മെന്റുവരെ പൂർത്തിയാക്കിയതിൽ പഞ്ചായത്തിലെ മരാമത്ത് പണികളുടെ മേൽനോട്ടം വഹിച്ചിരുന്ന തിരുവല്ല മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 49,631 രൂപ 85 പൈസയുടെ പ്രവൃത്തി പൂർത്തിയായതായി ഒരു പാർട്ട് ബിൽ തയ്യാറാക്കി പഞ്ചായത്തിൽ നല്കിയെങ്കിലും പ്രസ്തുത ബിൽതുക പാസാക്കുകയോ മുൻകൂർ കഴിച്ചിട്ടുള്ള ബാക്കിതുക ഗുണഭോക്തൃസമിതിക്ക് നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിൽ തുടർന്നുവന്ന ഭരണസമിതികൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുകയുണ്ടായില്ല. എന്നാൽ മൊബിലൈസേഷൻ അഡ്വാൻസ് 32,500 രൂപ കൈപ്പറ്റിയതിനുശേഷം പദ്ധതി പാതിവഴിയിൽ മുടങ്ങിയതിനാൽ പ്രസ്തുത തുക തിരികെ പിടിക്കുന്നതിനായി കൺവീനറായിരുന്ന ശ്രീ. എൻ. പി. മാധവന് നോട്ടീസ് നൽകുകയുമുണ്ടായി. ശ്രീ. എൻ. പി. മാധവൻ മരണപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത നടപടികൾ അവസാനിപ്പിക്കുകയാണ് ഉണ്ടായത്. 2010-11 വർഷത്തിൽ പട്ടികജാതി വിഭാഗം പദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നമ്പർ 61/11) ചുറ്റുമതിൽ പൂർത്തിയാക്കുന്നതിനായി 1,50,000 രൂപ അനുവദിക്കുകയും 87,336 രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ പദ്ധതിയുൾപ്പെടുത്തി അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതാണെന്ന് അന്വേഷണവേളയിൽ പഞ്ചായത്ത് പ്രസിഡന്റ് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്.

**നിഗമനം**

67. ഗുണഭോക്തൃ സമിതി മൊബിലൈസേഷൻ അഡ്വാൻസായി 32,500 രൂപ കൈപ്പറ്റിയതിനുശേഷം പ്രവൃത്തി പൂർത്തിയാക്കിയില്ല എന്നതു സത്യമാണെങ്കിലും തിരുവല്ല അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ പാർട്ട് ബിൽ പ്രകാരം 49,633 രൂപ 85 പൈസയുടെ പ്രവൃത്തി നിർവ്വഹിച്ച് കഴിഞ്ഞതാണ്. ആയതിനാൽ മനഃപൂർവ്വമായ ഫണ്ടിന്റെ ദുർവ്യയം നടന്നതായി കാണുന്നില്ല. പഞ്ചായത്ത് 2010-11-ൽ 87,336 രൂപയുടെ പ്രവൃത്തികൂടി നിർവ്വഹിക്കുകയും, ശ്മശാനത്തിന്റെ ഒരുവശം മതിൽകെട്ടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മതിൽനിർമ്മാണം പൂർത്തീകരിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് വാക്കാൽ ഉറപ്പു നൽകിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

**68. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ, മനഃപൂർവ്വമായി ഫണ്ട് ദുർവിനിയോഗം നടന്നതായി കാണുന്നില്ല എന്ന് രേഖപ്പെടുത്തിയതിനാലും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ പരാമർശ വിധേയനായ കൺവീനർ മരണപ്പെട്ടിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ഓമല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഒരേ പ്രവൃത്തി രണ്ടു പ്രാവശ്യം ചെയ്തതായി കാണുന്നു.**

1999-2000, 2000-01 എന്നീ വർഷങ്ങളിലെ മരാമത്ത് പണികളുടെ ഫയൽ പരിശോധിച്ചതിൽ ബഹുഭൂരിപക്ഷം റോഡു പണികളും 1999-2000-ന്റെ ആവർത്തനം തന്നെയാണ്. 2000-01-ലും ഓരോ പ്രോജക്ട് പ്രകാരവും എത്ര ദൂരം പണി ചെയ്തുവെന്നോ അത് എവിടെമുതൽ എവിടെവരെ ആണെന്നോ രേഖപ്പെടുത്തിയിട്ടില്ല. റോഡു പണികൾ പൂർത്തീകരിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ പ്രോജക്ടിൽ വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ രണ്ടും ഒരു പ്രവൃത്തി തന്നെ ആകാമെന്ന് സംശയിക്കുന്നു. ഇപ്രകാരം രണ്ടു സാമ്പത്തിക വർഷങ്ങളിലും പണി നടത്തിയ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *എസ്റ്റിമേറ്റ് തുക* | |
|---|---|---|---|
| | | 1999-2000 | 2000-2001 |
| 1 | താന്നിയ്ക്കൽപ്പടി-കയ്യാലേത്തുപടി റോഡ് നിർമ്മാണം | 25,000 | 25,000 |
| 2 | നിയായിപ്പുംവേലിൽ പടി-മാപ്പിറപ്പാട്ടപടി റോഡ് സംരക്ഷണം | 40,000 | 30,000 |
| 3 | പള്ളം ഹരിജൻ കോളനി റോഡ് നിർമ്മാണം | 80,000 | 50,000 |
| 4 | പുത്തൻപീടിക ബെനുമൂട്ടിൽ പടി എം.എസ്.സി.എൽ. പി.എസ്.റോഡ് ഉദ്ധാരണം | 55,000 | 80,000 |
| 5 | ഇലഞ്ഞിമൂട്ടിൽ പടി-ഇടക്കോണത്തുംപടി റോഡ് | 30,000 | 30,000 |
| 6 | ഗണപതിക്കുളം-നെടുവേലിപ്പടി റോഡ് | 40,000 | 25,000 |
| 7 | ഉറുമ്പിൻ പടി-പുതുവാത്തുപടി റോഡ് | 20,000 | 45,000 |
| 8 | കല്ലുമാടം തണുങ്ങാടിൻപടി റോഡ് | 45,000 | 35,000 |

മേൽ പ്രതിപാദിച്ച റോഡ് പണികളെകൂടാതെ കപ്പമാവ് നിൽക്കുന്നതിൻപടി മല ങ്കോട്ട റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി 2000-01 ജനറൽ സെക്ടറിൽ നിന്നും 40,000 രൂപയും എസ്.സി.പി. സെക്ടറിൽനിന്നും 45,000 രൂപയും ചെലവു ചെയ്യുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഓരോ പ്രോജക്ട് പ്രകാരം ഏതെല്ലാം ഭാഗത്താണ് കോൺക്രീറ്റ് ചെയ്യുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല.

ടി റോഡ് പണികളെക്കുറിച്ച് ഭരണവകുപ്പ് അന്വേഷണം നടത്താൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII. 3.7.(i).]

ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് തസ്വഭ. വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:—

"ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ 1999-2000, 2000-01 വർഷങ്ങളിൽ രണ്ടു പ്രാവശ്യം ഒരേ പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന പരാമർശം ശരിയല്ല. ടി പണികൾ ഒരേ റോഡിലാണ് ചെയ്തിട്ടുള്ളതെങ്കിലും ഓരോ വർഷവും പ്രത്യേകം റീച്ചുകളായിട്ടാണ് പണി ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റിൽ ടി റോഡുകളുടെ ചെയിനേജ് രേഖപ്പെടുത്തിയി ട്ടില്ലാത്തതിനാലാണ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ ഇപ്രകാരം പരാമർശിക്കാൻ ഇടയായത്. ഓരോ വർഷവും നടത്തിയ പ്രവൃത്തികൾക്ക് പ്രത്യേകമായി പ്രോജക്ട്, എസ്റ്റിമേറ്റ്, ഭരണാനുമതി, ഡി.പി.സി. അംഗീകാരം എന്നിവയുണ്ട്. ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ 12-8-2008-ൽ നൽകിയ എ.ഇ/5/07-08/എൽ.എസ്.ജി.ഡി./ഒ.എം.എൽ.ആർ. നമ്പർ കത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ട് (2002-03) പരാമർശിച്ചിട്ടുള്ള 9 റോഡ് പ്രവൃത്തികളും ടിയാൻ നേരിട്ട് പരിശോധിച്ചിട്ടുണ്ടെന്നും അവ പ്രത്യേകം പ്രോജക്ടുകളായി വ്യത്യസ്ത റീച്ചുകളായാണ് നടത്തിയിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്."

പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ 3-9-2008-ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തി രിക്കുന്നു:

69. ഒരേ റോഡു തന്നെ എല്ലാ വർഷവും ആവർത്തിച്ച് പണിയുകയാണോയെന്ന സമിതിയുടെ ചോദ്യത്തിന് രണ്ട് ഘട്ടങ്ങളിലായാണ് പണി ചെയ്തതെന്നും എന്നാൽ റീച്ച് വ്യക്തമായി പറഞ്ഞിട്ടില്ലായിരുന്നുവെന്നും സെക്രട്ടറി ശ്രീ. വി. ടി. സുരേന്ദ്രൻ അറിയിച്ചു. എങ്കിലും ഫസ്റ്റ് റീച്ച്, സെക്കന്റ് റീച്ച് എന്നിങ്ങനെയാണ് ചെയ്തത് എന്നതിനുള്ള എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു. എന്തായാലും ഇക്കാര്യങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ ബോധ്യപ്പെടുത്തണമെന്ന് സെക്രട്ടറിയോടും പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോടും സമിതി നിർദ്ദേശിച്ചു.

70. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഡയറക്ടർ പ്രാദേശിക പരിശോധന നടത്തി 21-11-2008-ലെ എൽ. എഫ്. 73705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം സമിതിയിൽ റിപ്പോർട്ട് ചെയ്ത വസ്തുതകൾ ചുവടെ ചേർത്തിരിക്കുന്നു:

71. (എ) ക്രമനമ്പർ (1), (2), (7) ഇവയിൽ പറയുന്ന റോഡുകളുടെ 2000-01-ലെ പ്രോജക്ട് ആമുഖത്തിൽ മുൻവർഷം (1999-2000) റോഡിൽ നിശ്ചിത ദൂരം കോൺക്രീറ്റിംഗ് നടത്തിയതായും നടപ്പുവർഷത്തിൽ അതിന്റെ ബാക്കി നിശ്ചിതദൂരം കോൺക്രീറ്റിംഗിനാണ് പുതിയ പ്രോജക്റ്റ് എന്നും വിശദീകരിച്ചിട്ടുണ്ട്. കൂടാതെ, രണ്ടു പ്രോജക്റ്റുകളിലും എം.ബുക്ക്, ബിൽ മുതലായ രേഖകളിൽ കൃത്യമായി പ്രവൃത്തികൾ രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നതിനാൽ ടി റോഡുകളെ സംബന്ധിച്ച പരാമർശം ഒഴിവാക്കാവുന്നതാണ്.

72. താഴെപ്പറയുന്ന റോഡുകളുടെ ക്രമനമ്പർ (3), (4), (5), (6), (8) ഇവ 2000-01-ലെ പ്രോജക്റ്റുകൾ പരിശോധിച്ചിട്ട് ആമുഖത്തിലോ മറ്റെവിടെയെങ്കിലുമോ ടി പണികൾ 1999-2000-ൽ കുറച്ചുഭാഗം ചെയ്തിട്ടുള്ളതായി പറയുന്നില്ല. പ്രോജക്റ്റ് രജിസ്റ്ററിലും എഗ്രിമെന്റ് രേഖകളിലും ഇവ രണ്ട് റീച്ച് ചെയ്തതായും കാണിച്ചിട്ടില്ല. ഓരോന്നും കൃത്യമായി 10 മാസം മുതൽ ഒരു വർഷം വരെ ഇടവേളകളിലാണ് ചെയ്തിട്ടുള്ളത്. ചിലതിന്റെ എസ്റ്റിമേറ്റുകൾപോലും 1999-2000-ലും 2000-01-ലും ഒന്നുതന്നെയാണ്. ഈ സാഹചര്യത്തിൽ എഞ്ചിനീയറുടെ വാദം അംഗീകരിക്കുവാൻ കഴിയുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു:

1. ക്രമനമ്പർ (3): **പള്ളം ഹരിജൻകോളനി റോഡ് നിർമ്മാണം**

| 1999-2000-ലെ വിവരങ്ങൾ | 2000-2001-ലെ വിവരങ്ങൾ |
|---|---|
| പ്രോജക്റ്റ് നമ്പർ 73/99-00 80,000 രൂപ | 127/00-01 50,000 രൂപ |
| 107 മീറ്റർ കോൺക്രീറ്റിംഗ് | 53 മീറ്റർ കോൺക്രീറ്റിംഗ് |
| 100 മീറ്റർ ഓട | 100 മീറ്റർ ഓട |
| എഗ്രിമെന്റ് നമ്പർ 12/99-00<br>തീയതി 27-1-2000<br>കൺവീനർ പി. കെ. ശശി<br>പൊയ്കയിൽ കിഴക്കേതിൽ | 22/00-01 തീയതി 6-11-2000<br>ബാബു, പറയനാലിൽ |
| എം. ബുക്ക് നമ്പർ 1/97-98 (പേജ് 81-84) | 1/00-01 (പേജ് 25-27) |

**പ്രോജക്റ്റിന്റെ ആമുഖത്തിൽ പറയുന്ന കാര്യങ്ങൾ**

| | |
|---|---|
| റോഡിന്റെ നീളം, വീതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന ഇനം പ്രവൃത്തികൾ ഒന്നും പറഞ്ഞിട്ടില്ല. ടി പ്രവൃത്തികൾ 1999-2000-ൽ 1/2000-ന് മുൻകൂർ വാങ്ങി (20,000) 30-3-2000-ൽ 25,252 രൂപയുടെ പാർട്ട് ബില്ലും വാങ്ങി പോയ കൺവീനർ പിന്നെ 28-11-2000-ലാണ് തുടർന്ന് ജോലി ആരംഭിച്ചത് എന്ന് എം. ബുക്ക് പേജ് 95-ൽ കാണുന്നു. എന്നാൽ ഇതിനുമുമ്പ് 17-8-2000-ൽ ടിയാൾക്ക് 1,18,000 രൂപ കൊടുത്തു കാണുന്നു. ഇതേ 11/00-ലാണ് അടുത്ത പ്രോജക്റ്റിന് കരാർ വച്ച് മുൻകൂർ കൊടുത്തിട്ടുള്ളത്. ന്യായമായും 80,000 രൂപയുടെ 1999-2000-ലെ പ്രവൃത്തി പൂർത്തിയാക്കാതെ പോയ കൺവീനർക്ക് പകരമാകാം രണ്ടാം പ്രോജക്റ്റിൽ മറ്റൊരാൾ കരാർ വച്ച് പണി ആരംഭിച്ച് എന്നും സംശയിക്കാവുന്ന സാഹചര്യമാണ് രേഖകളിലുള്ളത്. | "പ്രസ്തുത റോഡിന്റെ ഏതാനും ഭാഗം കോൺക്രീറ്റ് ചെയ്തും സൈഡിലൂടെ ഓട നിർമ്മിച്ച് ബലപ്പെടുത്തുകയും ചെയ്യുന്നപക്ഷം യാത്രാക്ലേശവും മറ്റും ഒഴിവാക്കുന്നതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്." മുമ്പ് ടി റോഡിൽ എന്തെങ്കിലും പ്രവൃത്തി ചെയ്തതായി പറയുന്നില്ല. 2-ാം റീച്ച് എന്നും പറയുന്നില്ല. |
| കരാറുകാരൻ പണിചെയ്ത് 3/00-ലും തുടർന്ന് ഇടവേളയ്ക്കുശേഷം 11/00-ൽ തുടങ്ങി 12/00-ൽ പണി തീർത്ത് ഫൈനൽ ബിൽ വാങ്ങി. | 11/00-ൽ മുൻകൂർ വാങ്ങി. 2/01-ൽ പണി തീർത്ത ഫൈനൽ ബിൽ വാങ്ങി. |

73. 11/00-ലും 12/00-ലും 2 കൺവീനർമാർ ഒരേ റോഡിൽ (എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിലാണെങ്കിൽ 2 റീച്ചിൽ) പണി ചെയ്തിട്ടും 3/00-ൽ പാർട്ട് ബിൽ മാറിയ അതേ റോഡിനുവേണ്ടി അതേ കാലഘട്ടത്തിൽ അടുത്ത പ്രോജക്റ്റ് തയ്യാറാക്കിയിട്ടും എന്തുകൊണ്ട് ഇക്കാര്യം 2000-2001-ലെ ഫയലിലോ മറ്റു രേഖകളിലോ കാണിച്ചിട്ടില്ല എന്ന കാര്യം വിശദീകരിക്കപ്പെടേണ്ടതാണ്.

2. ക്രമനമ്പർ (4) : **പുത്തൻ പീടിക-പൈനും മൂട്ടിൽപ്പടി എം.എസ്.സി.എൽ.പി.എസ്. റോഡ്**

| 1999-2000-ലെ വിവരങ്ങൾ | 2000-2001-ലെ വിവരങ്ങൾ |
|---|---|
| പ്രോജക്റ്റ് നമ്പർ 43/99-00 (55,000 രൂപ) | 79/00-01 (80,000 രൂപ) |
| 59 മീറ്റർ റോഡ് | 86 മീറ്റർ റോഡ് |
| കോൺക്രീറ്റിംഗ് 50 മീറ്റർ ഓട | കോൺക്രീറ്റിംഗ് ഓട ഇല്ല |
| എഗ്രിമെന്റ് നമ്പർ 2/99-00 തീയതി 31-12-1999 | 19/00-01 തീയതി 2-11-2000 |
| കൺവീനർ റ്റി. എസ്. ജോയിക്കുട്ടി | എ. വി. ജോർജ്ജ് |
| എം. ബുക്ക് നമ്പർ 3/97-98 (പേജ് 72-75) | 1/00-01 (പേജ് 13-14) |

**പ്രോജക്റ്റ് ആമുഖത്തിൽ പറയുന്ന കാര്യങ്ങൾ**

| | |
|---|---|
| 200 മീറ്റർ നീളമുള്ളതിൽ 40+10 കോൺക്രീറ്റ് ചെയ്യാൻ (എസ്റ്റിമേറ്റിൽ 59 മീറ്റർ നീളം 3 മീറ്റർ വീതിയിൽ കോൺക്രീറ്റിംഗും 50 മീറ്റർ ഓടയും) | "ഉദ്ദേശം 86 മീറ്റർ കോൺക്രീറ്റിംഗ് ചെയ്ത് ബലപ്പെടുത്താം" എന്നുമാത്രം പറയുന്നു. മുമ്പ് എന്തെങ്കിലും പണി ചെയ്തതായിട്ടോ രണ്ടാം റീച്ച് ആയിട്ടോ പറയുന്നില്ല. |
| 12/99-ൽ മുൻകൂർ വാങ്ങി 22-2-2000-ൽ പണി തീർത്തു ഫൈനൽ ബിൽ വാങ്ങി | 2-11-2000-ൽ മുൻകൂർ വാങ്ങി 28-11-2000-ൽ പണി തീർത്ത് ഫൈനൽ ബിൽ വാങ്ങി. |

74. 2/00-ൽ പണി തീർത്ത് ഫൈനൽ ബിൽ കൊടുത്ത റോഡിൽ 2-ാം റീച്ച് ആണ് പദ്ധതിയിൽ ഉദ്ദേശിച്ചതെങ്കിൽ 2000 മാർച്ച് മാസം തയ്യാറാക്കിയ പദ്ധതി ആമുഖത്തിൽ മുമ്പ് പണി ചെയ്തിട്ടുള്ളതായി കാണിച്ചിട്ടില്ലാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കേണ്ടതാണ്.

3. ക്രമനമ്പർ (5) : **ഇലഞ്ഞിമൂട്ടിൽപ്പടി-ഇടക്കോണത്തുപ്പടി റോഡ്**

| 1999-2000-ലെ വിവരങ്ങൾ | 2000-2001-ലെ വിവരങ്ങൾ |
|---|---|
| പ്രോജക്റ്റ് നമ്പർ 51/99-00 (30,000 രൂപ) 32 മീറ്റർ കോൺക്രീറ്റിംഗ് 35 മീറ്റർ ഓട | 90/00-01 (30,000 രൂപ) 32 മീറ്റർ കോൺക്രീറ്റിംഗ് 35 മീറ്റർ ഓട |
| എഗ്രിമെന്റ് നമ്പർ 1/99-00 തീയതി ഇല്ല | 12/00-01 തീയതി 23-10-2000 |
| കൺവീനർ: വി. കെ. ജേക്കബ് | പി. ജി. പ്രസന്നൻ |
| എം. ബുക്ക് നമ്പർ 3/98-99 (പേജ് 97-98) | 5/00-01 (പേജ് 11,15,16) |
| 1999-2000-ലെ പ്രോജക്റ്റിൽ ആമുഖ മായി ഒന്നും പറഞ്ഞിട്ടില്ല. | ആമുഖം: "മഴവെള്ളം കെട്ടിക്കി ടന്നും ഉറവ പൊടിച്ചും യാത്രാ തടസ്സമുള്ളഭാഗങ്ങൾ കോൺക്രീറ്റ് ചെയ്യുക" |

75. 1/00-ൽ മുൻകൂർ വാങ്ങി 3/00-ൽ ഫൈനൽ ബിൽ കൊടുത്ത പ്രവൃത്തിക്ക് 2000-01-ലേക്ക് അതേ എസ്റ്റിമേറ്റ് തന്നെ ഉപയോഗിച്ച് പദ്ധതി തയ്യാറാക്കിയപ്പോൾ രണ്ടാം റീച്ച് ആണെന്നോ, മുമ്പ് ഈ റോഡിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ടെന്നോ കാണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ എഞ്ചിനീയറുടെ വാദം നിലനിൽക്കുന്നതല്ല.

4. ക്രമനമ്പർ (6) : **ഗണപതിക്കുളം-നെടുവേലിപ്പടി റോഡ്**

| 1999-2000-ലെ വിവരങ്ങൾ | 2000-2001-ലെ വിവരങ്ങൾ |
|---|---|
| പ്രോജക്റ്റ് നമ്പർ 52/99-00 (25,000 രൂപ) | 91/2000-01 (40,000 രൂപ) |
| 27 മീറ്റർ റോഡ് കോൺക്രീറ്റിംഗ് | 43 മീറ്റർ റോഡ് |
| 30 മീറ്റർ ഓട നിർമ്മാണം | കോൺക്രീറ്റിംഗ് 45 മീറ്റർ ഓട |
| എഗ്രിമെന്റ് നമ്പർ 15/99-00 തീയതി 8-2-2000 | 18/00-01 തീയതി 31-10-200 |
| കൺവീനർ പി. ജി. പ്രസന്നൻ | നാരായണനാചാരി |
| എം. ബുക്ക് നമ്പർ 2/98-99 (പേജ് 71-72) | 5/00-01 (പേജ് 13,14) |
| ആമുഖം: ആരംഭിക്കുന്ന ഭാഗത്ത് റോഡ് കോൺക്രീറ്റിംഗ് | "വട്ടപ്പാറപ്പടി ഭാഗത്ത് കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തുന്നപക്ഷം ശാശ്വത പരിഹാരം കാണാവുന്നതാണ്." |

76. മുൻവർഷം റോഡിൽ പുനരുദ്ധാരണം നടത്തിയതായി 2000-2001-ലെ പദ്ധതിയിൽ ഒരിടത്തും പറഞ്ഞിട്ടില്ല. 2-ാം റീച്ച് ആണെന്നും പറഞ്ഞിട്ടില്ല. 3/00-ൽ ഫൈനൽ ബിൽ തയ്യാറാക്കിയ എഞ്ചിനീയർ തന്നെ 2000-2001-ലെ പദ്ധതി ഇതേ റോഡിൽ തയ്യാറാക്കിയപ്പോൾ ആദ്യം കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളതിനെപ്പറ്റി ഒന്നും സൂചിപ്പിച്ചിട്ടില്ലാത്തത് ഓഡിറ്റ് പരാമർശം ശരിയാണെന്നു സൂചിപ്പിക്കുന്നു.

5. ക്രമനമ്പർ (8) : **കല്ലുമാടം-തണുങ്ങാട്ടിൽപ്പടി റോഡ്**

| 1999-2000-ലെ വിവരങ്ങൾ | 2000-2001-ലെ വിവരങ്ങൾ |
|---|---|
| പ്രോജക്റ്റ്നമ്പർ 72/99-00 (45,000 രൂപ) | 38/00-01 (35,000 രൂപ) |
| 35 മീറ്റർ റോഡ് കോൺക്രീറ്റിംഗ് | 40 മീറ്റർ റോഡ് കോൺക്രീറ്റിംഗ് |
| എഗ്രിമെന്റ് നമ്പർ 6/99-00 തീയതി 13-1-2000 | 34/00-01 തീയതി 14-12-2000 |
| കൺവീനർ: ജി. കൃഷ്ണൻ നായർ | എം. ജി. പുഷ്പാംഗദൻ |
| എം. ബുക്ക് നമ്പർ 3/97-98(പേജ് 71, 72) | 1/00-01 (പേജ് 31, 32) |
| ആമുഖം: കുളപ്പൂക്കരക്കടവിനു സമീപം 35 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യുക | തടത്തിൻപടിയിൽ ചപ്പാത്ത് ഉണ്ടാക്കുന്നതിന് 40 മീറ്റർ കോൺക്രീറ്റിംഗ് |
| എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 48 മീറ്ററും എസ്റ്റിമേറ്റിൽ 38 മീറ്ററും കാണിച്ചിരുന്നു. എം.ബുക്ക് പ്രകാരം ചെയ്തിട്ടുള്ള പ്രവൃത്തി രണ്ടു ഭാഗങ്ങളിലായി 18+28=46 മീറ്റർ റോഡ് കോൺക്രീറ്റിംഗും 35 മീറ്റർ ഓടയും ആകെ മൂല്യം 41,138 രൂപ | എസ്റ്റിമേറ്റിൽ 37 മീറ്റർ റോഡ് കോൺക്രീറ്റിംഗ് 60 മീറ്റർ ഓടയും എസ്റ്റിമേറ്റ് റിപ്പോർട്ട് ഇല്ല. എം.ബുക്ക് പ്രകാരം 31,890 രൂപയുടെ മൂല്യത്തിൽ ഇത്രയും ചെയ്തിട്ടുണ്ട്. |

77. ആദ്യത്തെ പ്രവൃത്തിക്ക് 1/00-ൽ എഗ്രിമെന്റ് വച്ച് 2/00-ൽ ഫൈനൽ ബിൽ കൊടുത്ത സമയത്തു തയ്യാറാക്കിയ അടുത്ത പ്രോജക്റ്റിൽ ആദ്യ പ്രോജക്റ്റിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. 2-ാം റീച്ച് ആണെന്ന് ഒരിടത്തും പറഞ്ഞിട്ടുമില്ല.

78. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഓഡിറ്റ് ഖണ്ഡികയിലെ ക്രമനമ്പർ (3) മുതൽ (6) വരെയും ക്രമനമ്പർ (8)-ലും പറയുന്ന 5 റോഡുകളുടെ കാര്യത്തിൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു. ഇതിന്മേൽ സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന ഉന്നതോദ്യോഗസ്ഥൻ പുനരന്വേഷണം നടത്തി തീർപ്പു കൽപ്പിക്കേണ്ട താണ്.

(ബി) ഖണ്ഡിക 45

**കപ്പമാവ് നിൽക്കുന്നതിൽപ്പടി-മലങ്കോട്ട റോഡ്**

79. 2000-01-ലെ എസ്.സി.പി. പ്രോജക്റ്റിന്റെ ആമുഖത്തിൽ താഴെപ്പറയും വിധം ചേർത്തിട്ടുണ്ട്. ഈ വർഷത്തെ പദ്ധതിയിൽ ആരംഭ ഭാഗങ്ങൾ ജനറൽ ഫണ്ടുപയോഗിച്ച് കോൺക്രീറ്റ് ചെയ്യിപ്പിച്ചിട്ടുണ്ട്. കൂടുതൽ തകരാറുള്ള അൻപതോളം മീറ്റർ ചെയ്യുന്നതിനാണ് ഈ പ്രോജക്റ്റ് (എസ്.സി.പി. പ്രോജക്റ്റ്). കൂടാതെ ജനറൽ പ്രോജക്റ്റിൽ 43 മീറ്റർ റോഡും യഥാക്രമം 40,000 രൂപയുടേയും 45,000 രൂപയുടേയും എസ്റ്റിമേറ്റിൽ പണി ചെയ്യിപ്പിച്ചിട്ടുള്ളതായി കണ്ടു. ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും അറിയിക്കുന്നു.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-6-2010-ലെ എൽ. എഫ്. 13705/സ്പെ.സെൽജി.2/08 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

80. 2000-01 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 46-ൽ പരാമർശിക്കുന്ന 8 പ്രവൃത്തികളിൽ ക്രമനമ്പർ 1, 2, 7 എന്നിവയിൽ പറഞ്ഞിരിക്കുന്ന റോഡുകളെ സംബന്ധിച്ച പരാമർശം ഒഴിവാക്കാവുന്നതാണ്. ബാക്കിയുള്ളവ ക്രമനമ്പർ 3, 4, 5, 6, 8 നമ്പരുകളിൽ പരാമർശിക്കുന്ന റോഡുകളുടെ 2000-01-ലെ പ്രോജക്ടുകൾ പരിശോധിച്ചതിൽ ആമുഖത്തിലോ മറ്റെവിടെയെങ്കിലുമോ ടി പണികൾ 1999-2000-ൽ കുറച്ചുഭാഗം ചെയ്തിട്ടുള്ളതായി പറയുന്നില്ല. പ്രോജക്ട് രജിസ്റ്ററിലും പണികൾ 1999-2000-ൽ കുറച്ചുഭാഗം ചെയ്തിട്ടുള്ളതായി പറയുന്നില്ല. പ്രോജക്ട് രജിസ്റ്ററിലും എഗ്രിമെന്റ് രേഖകളിലും ഇവ രണ്ട് റീച്ച് ചെയ്തതായും കാണിച്ചിട്ടില്ല. ഓരോന്നും കൃത്യമായി 10 മാസം മുതൽ 1 വർഷം വരെ ഇടവേളകളിലാണ് ചെയ്തിട്ടുള്ളത്. ചിലതിന്റെ എസ്റ്റിമേറ്റുകൾപോലും 1999-2000-ലും 2000-01-ലും ഒന്നുതന്നെയാണ്. ഈ സാഹചര്യത്തിൽ എഞ്ചിനീയറുടെ വാദം അംഗീകരിക്കുവാൻ കഴിയുന്നതല്ല. ഒരേ റോഡുകളിൽ പല ഭാഗങ്ങളിലായി ഉദ്ധാരണ പ്രവൃത്തികൾ നടത്തുമ്പോൾ എസ്റ്റിമേറ്റുകളിലും മറ്റു രേഖകളിലും ചെയിനേജ് കാണിക്കണം എന്നത് നിർബന്ധ മാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നതുമാത്രമാണ് ഇത്തരം സാഹചര്യങ്ങളും ഓഡിറ്റ് പരാമർശങ്ങളും ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടി എന്ന് അഭിപ്രായപ്പെടുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**81. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഒൻപതു പ്രവൃത്തികളിൽ താന്നിക്കൽപ്പാടി, കയ്യാലേത്തുപടി റോഡ് നിർമ്മാണം, നിയായിപ്പും വേലിൻപടി മാപ്പിറപ്പാട്ടപടി റോഡ് സംരക്ഷണം, ഉറുമ്പിൻപടി പുതുവാത്തുപടി റോഡ്, കപ്പമാവ് നിൽക്കുന്നതിൻപ്പടി-മലങ്കോട്ട റോഡ് എന്നീ പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്ത് നൽകിയ വിശദീകരണം ഓഡിറ്റ് വകുപ്പ് അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച്, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഒരേ പ്രവൃത്തി രണ്ടു പ്രാവശ്യം ചെയ്തുവെന്ന മറ്റു പരാമർശങ്ങൾ കണക്കിലെടുത്ത് ഒരേ റോഡുകളിൽ പല ഭാഗങ്ങളിലായി ഉദ്ധാരണ പ്രവൃത്തികൾ നടത്തുമ്പോൾ എസ്റ്റിമേറ്റിലും മറ്റ് രേഖകളിലും നിർബന്ധമായും ചെയിനേജ് കാണിച്ചിരിക്കണം എന്നും സമിതി നിർദ്ദേശിക്കുന്നു.**

## കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ പരിശീലനം—ക്രമരഹിതമായി മുഴുവൻ തുകയും മുൻകൂറായി നൽകി**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇലക്ട്രോണിക് ടൈപ്പ്റൈറ്റിംഗ്, ഡി.റ്റി.പി., എംബ്രോയിഡറി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനുവേണ്ടി 3,00,750 രൂപ സെൻട്രൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് നൽകിയിട്ടുണ്ട്.

പദ്ധതി തുക നാല് ഗഡുക്കളായി വിഭജിച്ച് മുഴുവൻ തുകയും മുൻകൂറായി നൽകിയിരിക്കുന്നതായി കാണുന്നു. തുകയുടെ വിനിയോഗത്തെ കുറിച്ച് യാതൊരുവിധ രേഖകളും സമർപ്പിച്ചു കാണുന്നില്ല. പദ്ധതി നടപ്പിലാക്കുമ്പോൾ പ്രാരംഭ ചെലവുകൾക്കായി മാത്രം മുൻകൂറായി തുക നൽകേണ്ടതിനുപകരം മുഴുവൻ തുകയും മുൻകൂറായി നൽകിയ നടപടി അങ്ങേയറ്റം ക്രമരഹിതമാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.]

ഓഡിറ്റ് പരാമർശത്തിന് ത.സ്വ.ഭ. വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഇലക്ട്രോണിക് ടൈപ്പ്റൈറ്റിംഗ്, ഡി.റ്റി.പി., എംബ്രോയിഡറി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി സെൻട്രൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽനിന്നും 3,00,750 രൂപ നൽകിയിട്ടുണ്ട്. ഗവൺമെന്റ് അംഗീകാരമുള്ള ഈ സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ചിട്ടുള്ളവരുടെ ഹാജരും ലിസ്റ്റും ടി സ്ഥാപനത്തിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. പദ്ധതിതുക നാല് ഗഡുക്കളായി

വിഭജിച്ച് മുഴുവൻ തുകയും മുൻകൂറായി നൽകിയ സെക്രട്ടറിയുടെ നടപടി ക്രമവിരുദ്ധമാണ്. ടി കാലയളവിൽ കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി സർവ്വീസിൽനിന്നും പെൻഷൻ ആയിട്ടുള്ള ശ്രീമതി കെ. ഡി. സാറാമ്മയാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം 3-9-2008-ലെ സമിതി തെളിവെടുപ്പ് പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

82. ഇലക്ട്രോണിക് ടൈപ്പ്റൈറ്റർ, ഡി.റ്റി.പി., എംബ്രോയിഡറി, കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവയ്ക്ക് പരിശീലനം നൽകുന്നതിന് 3,00,750 രൂപയുടെ പ്രോജക്ട് ഉണ്ടായിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് ഇത്തരത്തിൽ നാല് പ്രോജക്ടുകൾ ഉണ്ടായിരുന്നെന്ന് കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി എ. റഷീദാമ്മാൾ പറഞ്ഞു. ഈ പ്രോജക്ടുകൾക്കെല്ലാം അനുവദിച്ച തുക രണ്ടു ഗഡുക്കളായി കൊടുക്കാനുള്ളത് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒറ്റ ഗഡുവായി നൽകിയെന്നും ആ തുക നൽകാൻ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നെന്നും സെക്രട്ടറി സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി പറഞ്ഞു. പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് മല്ലപ്പള്ളി എന്ന സ്ഥലത്ത് പ്രസ്തുത സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ 125 കുട്ടികൾക്ക് 6 മാസത്തെ പരിശീലനം നൽകിയിരുന്നെന്നും അവരുടെ ലിസ്റ്റ് കൈവശം ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു. പണം മുൻകൂർ കൊടുത്തു എന്നുളളതാണ് ആക്ഷേപമെന്നും കുട്ടികളുടെ ലിസ്റ്റും പേമെന്റ് ഡയറക്ഷനും ഉൾപ്പെടെ രേഖകൾ രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോധ്യപ്പെടുത്തണമെന്ന് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സെക്രട്ടറി ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് ഓഡിറ്റ് ഡയറക്ടർ 16-10-2008-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

83. "പരിശീലന സ്ഥാപനം നൽകിയ ഹാജർ രേഖകളും പഞ്ചായത്തിന്റെ മിനിറ്റ്സ് പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റും പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ ഒരു പഠിതാവിനും പരിശീലന സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല. ബ്ളോക്ക് പഞ്ചായത്തിന്റെ ട്രൈസം ട്രെയിംനിഗിനുവേണ്ടി തയ്യാറാക്കിയ ഹാജർ ഫോറത്തിൽ ട്രൈസം എന്നതു വെട്ടി യൂത്ത് എംപ്ലോയ്മെന്റ് എന്ന് എഴുതിച്ചേർത്ത ഹാജർ പട്ടികയുടെ ഫോട്ടോകോപ്പികളാണ് ഫയലിൽ ഉള്ളത്. എങ്കിലും ഗുണഭോക്തൃ ലിസ്റ്റുമായി പൊരുത്തപ്പെടുന്നതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണ് എന്ന് ബഹു. നിയമസഭാ സമിതിയെ അറിയിക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

**84. പരിശീലന സ്ഥാപനം നൽകിയ ഹാജർ രേഖകളും പഞ്ചായത്തിന്റെ മിനിട്ട്സ് പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റും പൊരുത്തപ്പെടുന്നതിനാൽ തടസ്സം ഒഴിവാക്കാമെന്ന് ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണൽലേലം—ലേലത്തുകയുടെ റീഫണ്ട്—പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചതായി കാണുന്നില്ല**

പഞ്ചായത്തിലെ മണൽലേലം സംബന്ധിച്ച ഒ.പി. നമ്പർ 19813 (സി.എം.പി നമ്പർ 32660/99) ആയി രജിസ്റ്റർ ചെയ്ത കേസ് പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി 1999-2000 വർഷത്തെ മണൽലേലം റദ്ദാക്കുകയും മണൽ ശേഖരണം പെർമിറ്റ് അടിസ്ഥാനത്തിൽ ക്വട്ടേഷൻ വിളിച്ച് കൊടുക്കുന്നതിനും 9-8-1999-ൽ വിധി പ്രസ്താവിക്കുകയുണ്ടായി. വിധിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലുള്ള കോന്നോമൂഴി കടവു മുതൽ തോട്ടമൂഴി കടവു വരെയുള്ള ഭാഗങ്ങളിൽ മണൽ ശേഖരിക്കുന്നതിനുള്ള അവകാശം ലേലത്തിൽ പിടിച്ചയാളിന് ലേലത്തുകയായ 6,75,013 രൂപ 9/99-ലെ 12-ാം നമ്പർ വൗച്ചർ പ്രകാരം നൽകുകയുണ്ടായി. എന്നാൽ ലേലാവകാശം സിദ്ധിച്ച 1-4-1999 മുതൽ വിധി പ്രസ്താവിച്ച തീയതി വരെയുള്ള 4 മാസക്കാലയളവിൽ കരാറുകാരൻ ശേഖരിച്ച മണലിന്റെ വില തിട്ടപ്പെടുത്തി ലേലത്തുകയിൽനിന്നും കുറവു ചെയ്യാതെ മുഴുവൻ തുകയും ലേലക്കാരന് തിരിച്ചുനൽകുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായിട്ടുള്ള കൃത്യമായ നഷ്ടം കണക്കാക്കി ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.2.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"ഈ വിഷയം സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട യൂണിറ്റിൽനിന്നും അറിയാൻ കഴിഞ്ഞു.

മണൽ ലേലം സംബന്ധിച്ച് തുക പലിശയടക്കം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കണമെന്ന് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി വി. എൽ. ഇന്ദിരാ കുമാരിക്ക് 5-12-2007-ലെ എ2-385/2007 നമ്പരായി നോട്ടീസ് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ശ്രീമതി വി. എൽ. ഇന്ദിരാകുമാരി ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) 311/08 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്."

ഓഡിറ്റ് പരാമർശം സമിതിയുടെ 8-9-2008-ലെ തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

85. ഓഡിറ്റ് ഒബ്ജക്ഷൻ ആധാരമായ വിഷയത്തിൽ നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ടോയെന്നും പ്രസ്തുത വിഷയത്തെ സംബന്ധിച്ച് കേസ് നിലവിലുണ്ടോ യെന്നും സമിതി അരുവാപ്പുലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. എം. രവികുമാറിനോട് ആരാഞ്ഞു. പരാമർശവിഷയത്തെക്കുറിച്ച് ബോധ്യമുണ്ടെന്നും ഇത് സംബന്ധിച്ച് കേസ് നടക്കുകയാണെന്നും 2 മാസത്തെ സ്റ്റേ ഉണ്ടായിരുന്നെന്നും അതു കഴിഞ്ഞ് തുടർ നടപടി വേഗം നടത്താൻവേണ്ടി വക്കീൽ നോട്ടീസ് കൊടുത്തിട്ടുമുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. സ്റ്റേ പിരീഡ് കഴിഞ്ഞതിനാൽ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല എന്ന സമിതിയുടെ ചോദ്യത്തിന് കേസ് വേഗം ഡിസ്പോസ് ചെയ്തുകിട്ടാൻ നടപടി സ്വീകരിക്കാമെന്ന് വക്കീൽ പറഞ്ഞതായും ഫൈനൽ നടപടി കഴിഞ്ഞതിനുശേഷം നടപടി സ്വീകരിച്ചാൽ മതിയെന്ന് വക്കീൽ അഭിപ്രായപ്പെട്ടതായി സെക്രട്ടറി അറിയിച്ചു. കേസ് കൊടുത്തത് മുൻ സെക്രട്ടറിയായിരുന്ന ശ്രീമതി വി. എൽ. ഇന്ദിരാകുമാരിയാണെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് കാശുകൊടുത്തതെന്നാണ് അവർ സത്യവാങ്മൂലം നൽകിയി രിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. കേസ് പെന്റിംഗ് ആയതുകൊണ്ട് കേസിന്റെ വിധിവന്നശേഷം തീരുമാനം എടുക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പരാമർശവുമായി ബന്ധപ്പെട്ട് തുടർ വിവരമായി 6-11-2008-ലെ എൽ.എഫ് 13705/സ്പെ.സെൽ ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

86. "പഞ്ചായത്തിൽ നടത്തിയ അന്വേഷണത്തിൽ ഈ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല എന്നു വ്യക്തമാക്കി. മണൽ ലേലം സംബന്ധിച്ച തുക തിരികെ അടയ്ക്കണമെന്ന് നൽകിയ നോട്ടീസിനെതിരെ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി ഇന്ദിരാകുമാരി ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) 311/08 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് കേസ് സംബന്ധിച്ച് 21-5-2008-ൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കേസിന്റെ വിധിയായതിനുശേഷം അതനുസരിച്ച് മാത്രമേ തുടർ നടപടികൾക്ക് സാദ്ധ്യതയുള്ളു."

**നിഗമനങ്ങൾ/ശുപാർശകൾ**

**87. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുളള കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും കേസിന്റെ വിധിപ്രകാരം തുടർ നടപടികൾ സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊക്കാത്തോട് എസ്.എൻ.ഡി.പി. മിനി പാലം നിർമ്മാണം—അഴിമതി കണ്ടു പിടിച്ച് തീരുമാനം എടുത്തിട്ടും നാളിതുവരെ തുക ഈടാക്കാത്തത് സംബന്ധിച്ച്**

1998-99-ൽ 10,00,000 രൂപയുടെ എസ്റ്റിമേറ്റിന് അനുമതി ലഭിച്ചതും ജനകീയാസൂത്രണം പദ്ധതിപ്രകാരം പഞ്ചായത്ത് സെക്രട്ടറി നേരിട്ട് പ്രവൃത്തി നടത്തി തുടങ്ങിയതുമായ ഈ പദ്ധതിക്ക് 31-3-1999 വരെ 2,76,970 രൂപ ചെലവ് ചെയ്തതിൽ 1,38,555 രൂപയുടെ അഴിമതി നടന്നതായി 26-11-1999 ബി.എൽ.ഇ.സി. എഞ്ചിനീയറും പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് കണ്ടെത്തിയിരുന്നു.

ടി പ്രവൃത്തിക്കുവേണ്ടി ഇറക്കിയ സാധനങ്ങൾ രേഖകളിലും യഥാർത്ഥത്തിൽ ഇറക്കിയതും തമ്മിലുളള വ്യത്യാസമാണ് ടി തുക അനധികൃതമായി വ്യാജരേഖ ചമച്ച് തുക അപഹരിച്ചവരിൽനിന്നും ആയത് ഈടാക്കുന്നതിന് തീരുമാനമെടുത്ത തായി ഈ വകുപ്പിന് നാളിതുവരെയായി യാതൊരു അറിയിപ്പും ലഭ്യമായിട്ടില്ല. കൂടാതെ, ടി അഴിമതി നടത്തിയ സെക്രട്ടറിയെ സസ്പെൻഷനുശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും പത്തനംതിട്ട ജില്ലാ പെർഫോമൻസ് ഓഡിറ്റിൽ നിയമിച്ചതായും കാണുന്നു.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.2.2]

ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

കൊക്കാത്തോട് എസ്.എൻ.ഡി.പി. മിനി പാലം പ്രവൃത്തിയിൽ അഴിമതി ആരോപണവിധേയനായ അന്നത്തെ സെക്രട്ടറി ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താനെ പത്തനംതിട്ട ജില്ലാ പെർഫോമൻസ് ഓഡിറ്റിൽ നിയമിച്ചിട്ടുണ്ടെന്ന ഓഡിറ്റ് പരാമർശം ശരിയല്ല. ടിയാൾ പത്തനംതിട്ട പെർഫോമൻസ് വിഭാഗത്തിൽ ജോലി ചെയ്തിട്ടില്ല. ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താൻ കലഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 2-10-2007-ാം തീയതി മരണമടഞ്ഞിട്ടുള്ളതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 14-1-2008-ലെ ഡി.6/11542/02-ാം നമ്പർ ഉത്തരവുപ്രകാരം ഉത്തരവാദിയായ സെക്രട്ടറി ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താന്റെ പേരിലുള്ള അച്ചടക്ക നടപടികൾ അവസാനിപ്പി ക്കുകയും പഞ്ചായത്തിനുണ്ടായ നഷ്ടം ടിയാനിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അതിനു ശേഷം 28-3-2008-ലെ 954/08 തസ്വഭവ./ഇ.പി.ബി. വകുപ്പ് സർക്കാർ ഉത്തരവിലൂടെ പഞ്ചായത്ത് ഡയറക്ടറുടെ മേൽ ഉത്തരവ് റദ്ദാക്കുകയും അച്ചടക്ക നടപടികൾ അവസാനിപ്പിച്ചതോടൊപ്പം ടിയാനിൽനിന്നും ഈടാക്കാൻ നിർദ്ദേശിച്ചിരുന്ന ബാദ്ധ്യതകൾ ഈടാക്കുന്നതിൽനിന്നും ടിയാനെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ അനന്തരാവകാശികൾക്ക് നൽകിയിട്ടില്ല.

പരാമർശ വിധേയമായ പാലം 14 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റു പ്രകാരം 7-9-2001-ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

പ്രസ്തുത ഓഡിറ്റ് പരാമർശം 8-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. ടി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

88. ഓഡിറ്റ് പരാമർശവിഷയത്തെ സംബന്ധിച്ച് എത്ര രൂപയാണ് ഈടാക്കേണ്ടത് എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി സർവ്വീസിലിരിക്കെ മരണപ്പെട്ട മുൻ സെക്രട്ടറി ശ്രീ. അരവിന്ദാക്ഷൻ ഉണ്ണിത്താന്റെ പക്കൽനിന്നും 1,38,655 രൂപ ഈടാക്കേണ്ടതാണെന്ന് ഇപ്പോഴത്തെ സെക്രട്ടറിയായ ശ്രീ. പി. എം. രവികുമാർ അറിയിച്ചു. മാത്രമല്ല സസ്പെൻഷനിലായിരുന്ന മുൻ സെക്രട്ടറിയുടെ പേരിലുണ്ടായിരുന്ന അച്ചടക്ക നടപടികൾ അവസാനിപ്പിക്കാനും സസ്പെൻഷൻ

കാലം ക്രമപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അയച്ച അപേക്ഷ 30-11-2007-ന് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടെന്നും ടി ആളുടെ ബാദ്ധ്യത, തിട്ടപ്പെടുത്തി ഈടാക്കാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ നടപടികൾ റദ്ദ് ചെയ്ത് ടി ആളിനെതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിച്ച് ഗവൺമെന്റ് ഉത്തരവായിട്ടുള്ളതായി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**89. ഓഡിറ്റ് പരാമർശവിധേയനായ സെക്രട്ടറി സർവ്വീസിലിരിക്കെ മരണമടഞ്ഞ സാഹചര്യത്തിൽ, ടിയാന്റെ ബാദ്ധ്യത തിട്ടപ്പെടുത്തി ഈടാക്കാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ റദ്ദ് ചെയ്ത് ടിയാനെതിരായ തുടർ നടപടികൾ അവസാനിപ്പിക്കാൻ 28-3-2008-ലെ സ.ഉ. (സാധാ) നമ്പർ 954/08/തസ്വഭവ. നമ്പർ ഉത്തരവായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബി.എൽ.ഇ.സി. അംഗീകാരം നിഷേധിച്ച പദ്ധതിക്ക് ചെലവ് ജനവിദ്യാകേന്ദ്രത്തിന് വസ്തു വാങ്ങിയത്—സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം സംബന്ധിച്ച്**

ജനവിദ്യാകേന്ദ്രത്തിന് വസ്തു വാങ്ങി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഫർണിച്ചർ വാങ്ങുന്നതിനുമായി തയ്യാറാക്കിയ 2,81,467 രൂപയുടെ പദ്ധതി അംഗീകാരത്തിനായി ബി.എൽ.ഇ.സി.യ്ക്ക് സമർപ്പിച്ചിരുന്നു. എങ്കിലും പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ അംഗീകാരം നിഷേധിച്ചിരുന്നു. അംഗീകാരം നിഷേധിച്ച പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യഭാഗമായി വസ്തു വാങ്ങിയതിന്റെ വിലയായും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 67,205 രൂപ അനധികൃതമായി പ്ലാൻ ഫണ്ടിൽനിന്നും വിനിയോഗിച്ചിട്ടുണ്ട്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"പ്രസ്തുത പ്രോജക്ട് ബി.എൽ.ഇ.സി. തർക്ക പ്രോജക്ടായി പരിഗണിച്ചിരുന്നു. ആയതിനാൽ ടി പ്രോജക്ട് ഡി.പി.സി.യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഡി.പി.സി. അംഗീകാരത്തിനായി അനുബന്ധ ഫോറം പേജ് നമ്പർ 21-ൽ ക്രമനമ്പർ 64 മുതൽ 71 വരെയുള്ള പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരുന്നത്. അതിൽ 70-ാം നമ്പരായി രേഖപ്പെടുത്തിയിരുന്ന കല്ലേലി പോസ്റ്റോഫീസ് കെട്ടിടം എന്നതിനു നേരെ മാത്രം Not Approved by D.P.C. എന്ന് രേഖപ്പെടുത്തിയിരുന്നു. ഇപ്രകാരം

അംഗീകരിക്കാനാവില്ല എന്നു രേഖപ്പെടുത്തിയ പ്രോജക്ടുകളൊഴികെ മറ്റുളളവ അംഗീകാരം ലഭിച്ചതാണെന്നുളള ധാരണയിൽ നടപ്പിലാക്കുകയാണുണ്ടായത്. ആയതിനാലാണ് ഭൂമിവാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കിയത്. ഈ പ്രോജക്ട് നടപ്പിലാക്കിയതിലൂടെ പ്ലാൻ ഫണ്ടിൽനിന്നും 67,205 രൂപ ചെലവഴിച്ച് അരുവാപ്പുറം വില്ലേജിൽ മുതുപേഴുങ്കൽ എന്ന സ്ഥലത്ത് സർവ്വേ നമ്പർ 540/1/1/755-ൽ 5 സെന്റ് ഭൂമി വാങ്ങുകയാണ് ചെയ്തത്. ഈ പ്രോജക്ടിൽ തുക ചെലവഴിച്ചതിലൂടെ പഞ്ചായത്തിന് ആസ്തി ആർജ്ജിക്കലാണുണ്ടായത്. ഇതുമൂലം യാതൊരു വിധമായ നഷ്ടവും പഞ്ചായത്തിനോ സർക്കാരിനോ ഉണ്ടായിട്ടില്ല. അംഗീകരിച്ച അനുബന്ധ ഫോറത്തിൽ 71-ാം നമ്പരായി രേഖപ്പെടുത്തിയിട്ടുളള ഈ പ്രോജക്ട് അംഗീകരിച്ചിട്ടില്ല എന്ന് കാണിക്കുന്ന യാതൊരു രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. മാത്രമല്ല, ഡി.പി.സി.യുടെ മിനിറ്റ്സിൽ അംഗീകരിക്കാത്ത പ്രോജക്ടുകളെ സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തിയിരുന്നില്ല. അപ്രകാരം ഡി.പി.സി. മിനിറ്റ്സിൽ ഈ പദ്ധതി അംഗീകരിക്കത്തക്കതല്ലെന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് തൻവർഷം പ്രോജക്ട് ആരംഭിച്ചിട്ടുളളത്. പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പ്രകാരം മുതുപേഴുങ്കൽ എന്ന സ്ഥലത്ത് പൊതുസ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. സാക്ഷരതാ കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനോ മറ്റു പൊതുപരിപാടികൾക്കോ സ്ഥലം ഇല്ലാത്ത സാഹചര്യം കണക്കിലെടുത്താണ് അടിയന്തരമായി ഈ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചത്. ഇപ്രകാരം നിയമാനുസൃതം പത്രപരസ്യം നടത്തി നടപടിക്രമങ്ങൾ പാലിച്ചാണ് ഭൂമി വാങ്ങിയിട്ടുളളത്. ആകയാൽ പൊതുജനങ്ങളുടെ വികാരം മാനിച്ച് പ്രദേശത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ ഈ പദ്ധതി ഭൂമിവാങ്ങുന്നതിന് 67,205 രൂപ ചെലവഴിച്ച നടപടി അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു."

പ്രസ്തുത ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

90. അംഗീകാരമില്ലാത്ത പദ്ധതിയുടെ പേരിൽ 67,205 രൂപ അനധികൃതമായി പ്ലാൻ ഫണ്ടിൽനിന്നും വിനിയോഗിച്ചിട്ടുണ്ടെന്ന പരാമർശത്തെക്കുറിച്ചുളള സമിതിയുടെ ചോദ്യങ്ങൾക്ക് ബി.എൽ.ഇ.സി. പ്രസ്തുത പദ്ധതിയെ ഒരു ഡിസ്പ്യൂട്ടഡ് പ്രോജക്ടായാണ് കണ്ടതെന്നും അത് ഡി.പി.സി-ക്ക് കൊടുത്തുവെന്നും സെക്രട്ടറി ശ്രീ. പി. എം. രവികുമാർ മറുപടി പറഞ്ഞു. പഞ്ചായത്തിന്റെ 70-ാമത്തെ പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നൽകിയെന്നും 71-ാമത് പ്രോജക്ടായ പരാമർശ പദ്ധതിയിൽ ഡി.പി.സി. "not approved" എന്ന് എഴുതിയിട്ടില്ലായിരുന്നെന്നും പഞ്ചായത്ത് തീരുമാനപ്രകാരംതന്നെ പ്രസ്തുത പദ്ധതിക്കായി 5 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**91. ജനവിദ്യാകേന്ദ്രത്തിന് വസ്തുവാങ്ങിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം സംബന്ധിച്ച് എന്ന പരാമർശത്തിൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നതിന്റെയും പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് തീരുമാനപ്രകാരം 5 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## ഏറത്ത് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയായിട്ടില്ലാത്തത് സംബന്ധിച്ച്**

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ നീട്ടുന്നതിലേക്കായി 1997-98 മുതൽ 2000-01 വരെ അടൂർ ഇലക്ട്രിസിറ്റി മേജർ സെക്ഷനിൽ തുകകൾ കെട്ടിവച്ചുപോരുന്നു. ഈ ഇനത്തിൽ ആകെ 13,02,060 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പണികൾ 2001-02-ലും പൂർത്തീകരിച്ചിട്ടില്ല എന്ന വിവരം ഭരണ വകുപ്പിന്റെ അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുളളതായി കാണുന്നു. പണികളുടെ ഇന്നത്തെ സ്ഥിതിയെപ്പറ്റിയും യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ല. ഇതുകൂടാതെ 1999-2000-ൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡി ലേക്ക് മൈത്രീ ഭവന പദ്ധതിയുടെ പേരിൽ 12,87,500 രൂപയും കെട്ടിവച്ചിട്ടുളള തിന്റെ ഇന്നത്തെ സ്ഥിതി എന്തെന്ന് പഞ്ചായത്തിൽ രേഖയില്ല.

ഇപ്രകാരം പഞ്ചായത്തിന്റെ 25,89,560 രൂപ 31-3-2001 വരെ വൈദ്യുതി ബോർഡിലും ഭവനനിർമ്മാണ ബോർഡിലുമായി പ്രയോജനരഹിതമായി ശേഷിക്കുന്ന വിവരം ഭരണ വകുപ്പിൽനിന്നും ഊർജ്ജിതമായി അന്വേഷണം നടത്തി ബോദ്ധ്യപ്പെടേണ്ടതും അനാസ്ഥ കാണിച്ചവർക്കെതിരെ നടപടികൾ എടുക്കേണ്ടതുമാണ്.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"13,02,060 രൂപ ഏറത്ത് ഗ്രാമപഞ്ചായത്ത് 1997-98 മുതൽ 2000-01 വരെ അടൂർ ഇലക്ട്രിസിറ്റി ബോർഡ് ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 23-10-2007-ൽ കെ.എസ്.ഇ.ബി. അധികൃതരിൽനിന്നും ലഭിച്ചിട്ടുണ്ട്.

ഏറത്ത് ഗ്രാമപഞ്ചായത്തിൽ മൈത്രി ഭവന പദ്ധതി പ്രകാരം 1999-2000 വർഷം 12,87,500 രൂപ കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കോന്നി ഓഫീസിൽ ഒടുക്കിയിരുന്നു. ഒരു ഗുണഭോക്താവിന് 12,500 രൂപ എന്ന നിരക്കിൽ 103 ഗുണഭോക്താക്കൾക്കുവേണ്ടിയാണ് പ്രസ്തുത തുക ഒടുക്കിയിരുന്നത്. അതിനുളള ഗുണഭോക്തൃ ലിസ്റ്റും നൽകിയിരുന്നു. 102 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഭവനനിർമ്മാണ ബോർഡിൽ ടി സാമ്പത്തികവർഷം ഒടുക്കിയ തുകയിൽ 12,500 രൂപ തിരികെ ലഭിക്കുവാനുണ്ട്. ആയത് സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ഹെഡാഫീസിന്റെ ഉത്തരവുപ്രകാരം തിരികെ നൽകുന്നതാണെന്ന് അക്കൗണ്ട്സ് ഓഫീസർ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ബ്രാഞ്ച് ഓഫീസ് കോന്നി 18-8-2007-ലെ കെ.എം.385/റീഫണ്ട്/ഒ.റ്റി.എ. ഡി./2003 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്."

പ്രസ്തുത ഓഡിറ്റ് പരാമർശം സമിതിയുടെ 3-9-2008-ൽ നടന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു.

92. ഇലക്ട്രിസിറ്റി വർക്കുകളുടെ 'യൂട്ടിലൈസേഷൻ' സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും അത് ഓഡിറ്റിന് ഹാജരാക്കിയിട്ടുമുണ്ടെന്ന് സെക്രട്ടറി ശ്രീ. ഡി. ഉണ്ണിക്കൃഷ്ണൻ ഉണ്ണിത്താൻ അറിയിച്ചു.

93. ഭവനനിർമ്മാണം ഏതുവരെയായി എന്ന സമിതിയുടെ ചോദ്യത്തിന് 103 വീടുകൾക്കാണ് പണം അടച്ചതെന്നും അതിൽ 102 വീടുകൾ പൂർത്തിയാക്കിയെന്നും ഒരു വീടിന്റെ തുക ഗവൺമെന്റിൽ നിന്ന് കിട്ടുമ്പോൾ തിരികെ തരുമെന്ന് പറഞ്ഞിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

94. ഈ വിവരങ്ങൾ രണ്ടാഴ്ചയ്ക്കകം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് 4-11-2008-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാറിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

ഇലക്ട്രിസിറ്റി വർക്കുമായി ബന്ധപ്പെട്ട പരാമർശം:

95. "ഇലക്ട്രിക്കൽ സബ് ഡിവിഷൻ, അടൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19-10-2007-ലെ ഡി.ബി.ജനറൽ/07-08/107 നമ്പർ കത്തിനോടൊപ്പം ലഭിച്ച 1997-98 മുതൽ 2006-07 വരെയുള്ള ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് അടക്കമുള്ള ഫയൽ പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു."

കെ.എസ്.എച്ച്.ബി.യിൽ മൈത്രി ഭവനനിർമ്മാണ പദ്ധതി

96. "കെ.എസ്.എച്ച്.ബി.യിൽ ഒടുക്കിയ 12,87,500 രൂപയിൽ 12,75,000 രൂപ 102 പേർക്ക് 12,500 രൂപ വച്ച് ഭവനനിർമ്മാണ വായ്പയായി നൽകിയതായുള്ള രേഖകൾ ഫയലിലുണ്ട്. ബാക്കിയുള്ള 12,500 രൂപയും 1998-99-ലെ ചെലവാകാത്ത ഡെപ്പോസിറ്റ് തുക 8,25,000 രൂപയും ചേർത്ത് 8,37,500 രൂപ അവരുടെ ഹെഡ് ഓഫീസ് ഉത്തരവുപ്രകാരവും, സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും പഞ്ചായത്തിന് തിരിച്ചു നൽകുന്നതാണെന്ന് കെ.എസ്.എച്ച്.ബി.യുടെ കോന്നി ബ്രാഞ്ച് അക്കൗണ്ട്സ് ഓഫീസർ 18-8-2007-ൽ അറിയിച്ചിരുന്നു.

97. എന്നാൽ 11-8-2008-ൽ പഞ്ചായത്ത് സെക്രട്ടറി ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ ഇപ്പോൾ ഒരു വർഷം കഴിഞ്ഞിട്ടും ഇതിൻമേൽ നടപടികളൊന്നും തുടർന്നതായി കാണുന്നില്ല."

പരാമർശവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 23-9-2009-ലെ 8524/എബി1/09/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

98. "ബഹു. നിയമസഭാ സമിതിയുടെ 3-9-2008-ലെ തെളിവെടുപ്പുയോഗത്തിലെ നിർദ്ദേശപ്രകാരം ഏറത്തു ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫയലുകൾ പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് 28-10-2008-ലെ LFPTA-P1-641(4)08 നമ്പരായി പ്രാദേശിക പരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിലെ നിർദ്ദേശപ്രകാരം 5-11-2008-ൽ ഗ്രാമപഞ്ചായത്തിൽനിന്നും എ3-2/08 നമ്പരായി കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ മാനേജിംഗ് ഡയറക്ടർക്കും, കോന്നി ശാഖയിലെ അക്കൗണ്ട്സ് ഓഫീസർക്കും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ലഭ്യമാക്കണമെന്ന് കത്തുകൾ നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽനിന്നും 24-11-2008-ലെ 15/181912/08-ാം നമ്പർ കത്തുപ്രകാരം ടി തുക സർക്കാർ ബോർഡിനു നൽകാനുള്ള കുടിശ്ശിക തുക ലഭ്യമാക്കുന്ന മുറയ്ക്ക് തിരിച്ചു നൽകുന്നതാണെന്ന് അറിയിച്ചിരിക്കുന്നു."

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

99. "കെ.എസ്.ഇ.ബി.യിൽ ഒടുക്കിയ 12,87,500 രൂപയിൽ 12,75,000 രൂപ, 102 പേർക്ക് 12,500 രൂപ വച്ച് നൽകിയതായുള്ള രേഖകൾ ഫയലിലുണ്ട്. ബാക്കിയുള്ള 12,500 രൂപയും 1998-99-ലെ ചെലവാകാത്ത ഡെപ്പോസിറ്റ് തുക 8,25,000 രൂപയും ചേർത്ത് 8,37,500 രൂപ കെ.എസ്.എച്ച്.ബി.യുടെ ഹെഡ് ഓഫീസ് ഉത്തരവു പ്രകാരവും സർക്കാരിൽനിന്ന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും പഞ്ചായത്തിന് തിരിച്ചു നൽകുന്നതാണെന്ന് കെ.എസ്.എച്ച്.ബി.യുടെ കോന്നി ബ്രാഞ്ച് അക്കൗണ്ട്സ് ഓഫീസർ 18-8-2007-ൽ പഞ്ചായത്തിനെ അറിയിച്ചിരുന്നു. 11-8-2008-ൽ പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ ഇതിൻമേൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി അറിയിച്ചിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

**100. ഇലക്ട്രിസിറ്റി വർക്കുമായി ബന്ധപ്പെട്ട പരാമർശത്തിൽ 1997-98 മുതൽ 2006-07 വരെയുള്ള ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അടക്കമുള്ള ഫയൽ പരിശോധിച്ച് തടസ്സം ഒഴിവാക്കാമെന്ന് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**101. കെ.എസ്.എച്ച്.ബി.യിൽ നിന്നും തിരികെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനായി, സർക്കാരിലേക്ക് അപേക്ഷിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിനോട് സമിതി ശുപാർശ ചെയ്യുന്നു.**

## ആനിക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണൽ ലേലം—തുക തിരികെ നൽകിയത് സംബന്ധിച്ച്**

ആനിക്കാട് പഞ്ചായത്തിന്റെ പരിധിയിലുള്ള കടവുകളിൽ മണൽ വാരുന്നതിന് ലേല നടപടികൾ പ്രകാരം 11-3-1999-ൽ ആകെ 32,50,000 രൂപ സ്വീകരിക്കുകയും ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന കാരണത്താൽ 6-5-1999-ലും 10-5-1999-ലുമായി ടി തുക ലേലം കൊണ്ടവർക്ക് തിരികെ നൽകുകയും ചെയ്തിരിക്കുന്നു. 11-3-1999 മുതൽ ഉള്ള രണ്ടുമാസം ലേലം കൊണ്ട ആളുകൾ മണൽ വാരിയിട്ടുണ്ടോ എന്നത് ഭരണവകുപ്പ് അന്വേഷണം നടത്തി സ്ഥിരീകരിക്കേണ്ടതാണ്.

പിന്നീട് പഞ്ചായത്ത് നേരിട്ട് (പി. ഫോമുപയോഗിച്ച്) മണൽ വാരിയപ്പോൾ ചുമതല ഏൽപ്പിച്ചത് ലേലംകൊണ്ട വ്യക്തികളിൽ ഒരാളെ തന്നെയാണ്. എന്നാൽ പി. ഫോമിന്റെ സ്റ്റോക്ക് രജിസ്റ്ററോ പി. ഫോമുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പി. ഫോംവഴി ആകെ 11,68,550 രൂപ പിരിച്ചെടുത്തിട്ടുണ്ട്. പി. ഫോം ദുരുപയോഗപ്പെടുത്തി ക്രമക്കേട് നടത്തിയിരിക്കുന്നതായി ഓഡിറ്റിൽ സംശയിക്കുന്നു. ടി സാഹചര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.4]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"ആനിക്കാട് ഗ്രാമപഞ്ചായത്ത് മണിമലയാറ്റിലെ മൂന്ന് കടവുകളിൽനിന്നും 1999-2000 വർഷം മണൽ വാരുന്നതിനുള്ള അവകാശം 11-3-1999-ൽ ലേലം ചെയ്യുകയും ടി ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച മൂന്നുപേർക്ക് 11-3-1999-ൽ നടന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ I(1), I(2), I(3) എന്നീ തീരുമാനങ്ങൾ പ്രകാരം യഥാക്രമം 10 ലക്ഷം, 15 ലക്ഷം, 40 ലക്ഷം എന്നീ തുകകൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുകയുണ്ടായി. ലേലം കൊണ്ടവർ 50% വരുന്ന തുകയായി യഥാക്രമം 5 ലക്ഷം, 7.5 ലക്ഷം, 20 ലക്ഷം തുകകൾ പഞ്ചായത്തിൽ അടച്ചിരുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11-3-1999-ലെ സി3. 41/99 നമ്പർ കത്തുപ്രകാരം 7 ദിവസങ്ങൾക്കുള്ള ലേലത്തുകയുടെ 5% തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി എഗ്രിമെന്റ് വയ്ക്കുവാൻ ലേലംകൊണ്ട മൂന്നുപേർക്കും നോട്ടീസ് നൽകിയിരുന്നു എന്നിട്ടും ലേലം കൊണ്ടവരാരും തന്നെ പഞ്ചായത്തുമായി നിയമാനുസൃതമുള്ള കാരാറിലേർപ്പെട്ടില്ല.

തുടർന്ന് ആനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23-4-1999-ലെ IV-ാം നമ്പർ തീരുമാനത്തിൽ മണൽ വാരുന്നതിനായി ഗ്രാമപഞ്ചായത്ത് ജില്ലാ കളക്ടർ മുമ്പാകെ എഗ്രിമെന്റ് വയ്ക്കുന്നതിന് ജില്ലാകളക്ടറിൽനിന്നും അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ലേലനടപടികൾ ക്യാൻസൽ ചെയ്യുന്നതിന് ലേലം കൊണ്ടവർ

പഞ്ചായത്തിലടച്ച തുക ടി ആളുകൾക്ക് തിരികെനൽകുന്നതിന് തീരുമാനിച്ചു. ലേലം കൊണ്ടവരായ ശ്രീ. അശോകൻ, ആശാഭവൻ, പന്തളം എന്നയാളിന് ടിയാൻ ലേലയിനത്തിലടച്ച 5 ലക്ഷം രൂപ 10-5-1999-ലും ശ്രീ. എം. സി. ബൈജുവെന്നയാളിന് ടിയാൻ ലേലയിനത്തിലടച്ച 7.5 ലക്ഷം രൂപ 10-5-1999-ലും ശ്രീ. വി. എസ്. പ്രഭാകരൻ നായർ, കോയിക്കൽ, മൂക്കന്നൂർ എന്നയാളിന് ടിയാൻ ലേലയിനത്തിലടച്ച 20 ലക്ഷം രൂപ 6-5-1999-ലും ഗ്രാമപഞ്ചായത്ത് തിരികെ നൽകിയിട്ടുണ്ട്.

പിന്നീട് 12-5-1999-ൽ പത്തനംതിട്ട ജില്ലാകളക്ടറുടെ ആർ.8-9223/99-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് മണിമലയാറ്റിൽനിന്നും നേരിട്ട് പി. ഫാറം മുഖേന മണൽ ശേഖരിക്കുന്നതിനുള്ള അനുമതി നൽകുകയുണ്ടായി. ടി അനുമതി ഉപയോഗിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ 21-5-1999-ലെ VII(6)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന് നേരിട്ട് പി. ഫാറം വിതരണം ചെയ്ത് മണൽവാരൽ നടത്തുന്നതിന് കഴിയാത്തതിനാൽ പഞ്ചായത്തിന്റെ നോമിനിയായി മണൽ ശേഖരിക്കുന്നതിന് ശ്രീ. കെ. അശോകൻ, ആശാ ഭവനം എന്നയാളെയും ശ്രീ. എം. സി. ബൈജു, ബൈജു ഭവൻ, ആനിക്കാട് എന്നയാളെയും ചുമതലപ്പെടുത്തി തീരുമാനിച്ചു. ടിയാളുകൾ ലേലാവകാശം കൊണ്ടതിനുശേഷം 23-4-1999-ലെ IV(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിലടച്ച പണം തിരികെ കൈപ്പറ്റിയവരാണ്. ടിയാളുകളെ ചുമതലപ്പെടുത്തിയ ഗ്രാമപഞ്ചായത്തിന്റെ നടപടി ക്രമവിരുദ്ധമാണെന്നുള്ള ഓഡിറ്റ് പരാമർശം ശരിയാണ്. ടിയാളുകളെ ഉപയോഗിച്ച് 27-5-1999 മുതൽ 3-3-2000 വരെ മണൽശേഖരണം നടത്തിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് കേവലം 11,68,550 രൂപ മാത്രമാണ് ലഭിച്ചത്.

11-3-1999-ലെ ലേലത്തിൽ ഗ്രാമപഞ്ചായത്തിലെ മൂന്നു കടവുകളിൽനിന്നും മണൽവാരുന്നതിനുള്ള അവകാശം 65 ലക്ഷം രൂപയ്ക്കാണ് ലേലം കൊണ്ടത്. പഞ്ചായത്തിന് ലേല തുകയിനത്തിൽ വരുമാനമായി ലഭിക്കുമായിരുന്ന 65 ലക്ഷം രൂപയ്ക്കുപകരം 11,68,550 രൂപ മാത്രമാണ് ലഭിച്ചത്. നിയമാനുസൃതം മണൽ വാരുന്നതിനുള്ള എഗ്രിമെന്റ് ലേലംകൊണ്ടവർ പഞ്ചായത്തുമായി വയ്ക്കാത്തതിനാൽ 1-4-1999 മുതൽ 26-5-1999 വരെയുള്ള കാലയളവിൽ നിയമാനുസൃതമായ മണൽവാരൽ മുഖേന ഗ്രാമപഞ്ചായത്തിന് യാതൊരു വരുമാനവും ഉണ്ടായിട്ടില്ല. ഈ കാലയളവിൽ നിയമവിരുദ്ധമായ മണൽവാരൽ നടന്നിട്ടുണ്ടോ എന്ന വിവരം അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ഗ്രാമപഞ്ചായത്ത് 23-4-1999-ലെ IV (1)-ാം തീരുമാനപ്രകാരം പി. ഫാറം ഉപയോഗിച്ച് മണൽവാരുന്നതിന് ചുമതലപ്പെടുത്തിയ ആളുകൾ നിയമാനുസൃതം പി. ഫാറങ്ങൾ വിതരണംചെയ്ത് പണപ്പിരിവ് നടത്തി പഞ്ചായത്തിനർഹതപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ടി കാലയളവിലെ പി ഫാറങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ, കൗണ്ടർ ഫോയിലുകൾ എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. ഈ കാലയളവിലെ സെക്രട്ടറി ശ്രീ. കെ. ചന്ദ്രശേഖരൻ പിള്ളയാണ്. ടിയാൻ സർവ്വീസിൽനിന്നും വിരമിച്ചു. അന്വേഷണ റിപ്പോർട്ട് ജി1-5037/08 നമ്പരായി 9-1-2008-ൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്."

102. ഓഡിറ്റ് പരമാർശം 3-9-2008-ന് നടന്ന സമിതി തെളിവെടുപ്പുയോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു: മണൽ ലേലത്തുക എന്തുകൊണ്ടാണ് തിരിച്ചുകൊടുത്തത് എന്ന സമിതിയുടെ ചോദ്യത്തിന് ലേലം സ്ഥിരപ്പെടുത്തരുത് എന്ന കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് ലേലം പിടിച്ചവർക്ക് തുക തിരികെ കൊടുക്കാൻ തീരുമാനിച്ചതെന്ന് സെക്രട്ടറി ശ്രീ. ജി. ചന്ദ്രശേഖര കൈമൾ അറിയിച്ചു. അതുവരെ കളക്ടറുടെ പെർമിഷൻ അനുസരിച്ച് ദിവസം 10 ലോഡ് വീതം മണ്ണ് അവർ നേരിട്ട് വാരിയിരുന്നെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി പറഞ്ഞു.

103. ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരം പി. ഫോറം ഉപയോഗിച്ച് മണൽ വാരുന്നതിന് ചുമതലപ്പെടുത്തിയ ആളുകൾ നിയമാനുസൃതം പി. ഫാറങ്ങൾ വിതരണം ചെയ്ത് പണപ്പിരിവ് നടത്തി പഞ്ചായത്തിനർഹതപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ടി കാലയളവിലെ പി. ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ, കൗണ്ടർ ഫോയിലുകൾ എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല എന്ന സമിതിയുടെ പരാമർശത്തിന് മറുപടിയായി റോയൽറ്റി എടുക്കുന്നതിനുവേണ്ടി താലൂക്ക് ഓഫീസിൽ ലിസ്റ്റ് കൊടുത്തതാണെന്നും താലൂക്ക് ഓഫീസിൽനിന്നും ജിയോളജി ഓഫീസിൽ നിന്നുമാണ് പാസ് തരുന്നതെന്നും അത് റോയൽറ്റി എടുക്കുമ്പോൾ തിരികെനൽകണമെന്നും മുൻ സെക്രട്ടറി ശ്രീ. കെ. ചന്ദ്രശേഖരപിള്ള അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**104. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ബാധ്യതയെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുളവാംകുഴി-വാറ്റുകുന്ന് റോഡിലെ കലുങ്ക് നിർമ്മാണം—ശ്രമദാനത്തുക പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ചത് അംഗീകരിക്കുന്നില്ല**

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ കുളവാംകുഴി-വാറ്റുകുന്ന് റോഡിൽ കലുങ്ക് നിർമ്മിക്കുന്നതിന് 37,673 രൂപ ശ്രമദാനവും 25,000 രൂപ പദ്ധതി വിഹിതവും 50,000 രൂപ തനതുഫണ്ടും 50,000 രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 1,62,673 രൂപയുടെ അടങ്കൽ അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പണി പൂർത്തീകരിച്ചതായി രേഖപ്പെടുത്തി 36,678 രൂപ ശ്രമദാനം ഉൾപ്പെടെ 1,61,678 രൂപ നൽകിയിരിക്കുന്നു. 1,25,000 രൂപ മാത്രം പണമായി ചെലവഴിക്കുവാൻ അർഹതയുള്ള ടി പണിക്ക് ശ്രമദാനമായി 36,678 രൂപയ്ക്കുള്ള പണിചെയ്യുന്നതിന് പകരം ടി തുക പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ചിരിക്കുന്നു. ഇത് തികച്ചും ക്രമക്കേടായതിനാൽ ടി തുക ഉത്തരവാദികളിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.1)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ 1,61,678.49 രൂപയുടെ ആയിരുന്നു എങ്കിലും ടി ബിൽ പ്രകാരമുള്ള തുക കൺവീനർക്ക് നൽകിയിരുന്നില്ല. 16-3-1999-ൽ 40,000, 30-3-1999-ൽ 60,000, 6-8-1999-ൽ 23,770 എന്നീ പ്രകാരം ആകെ 1,23,770 രൂപ മാത്രമേ കൺവീനർക്ക് നൽകിയിട്ടുള്ളൂ. ശ്രമദാനമായി ഉൾക്കൊള്ളിച്ച 37,673 രൂപ പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടില്ല."

പ്രസ്തുത ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

105. മുൻ സെക്രട്ടറി ശ്രീ. പി. എം. അസീസ് റാവുത്തർക്ക് നോട്ടീസ് നൽകിയിട്ട് തുടർനടപടികൾ എന്തായി എന്ന സമിതിയുടെ ചോദ്യത്തിന് ആർ. ആർ. നടപടികൾക്കുവേണ്ടി ജില്ലാ കളക്ടർക്ക് കത്ത് കൊടുത്തിട്ടുണ്ടെന്നും വെച്ചൂച്ചിറയിലെ 24 കേസുകളിൽ 20 എണ്ണത്തിന് നടപടിയായിട്ടുണ്ടെന്നും ശേഷിക്കുന്ന നാല് കേസുകൾക്ക് നടപടിയായിട്ടില്ലെന്നും അവയ്ക്ക് റിമൈൻഡർ അയച്ചിട്ടുണ്ടെന്നും എന്നാൽ ഇതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി ശ്രീ. പ്രേംകുമാർ സമിതിയെ അറിയിച്ചു.

106. നടപടികളുടെ പുരോഗതി സംബന്ധിച്ച് സമിതിക്ക് ഒരു മാസത്തിനകം റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 22-9-2009-ലെ 8524/എ.ബി1/09/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

107. സമിതി നിർദ്ദേശം അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം പ്രവൃത്തി മൂല്യമായ 15,68,717 രൂപയിൽ 3 ബില്ലുകളിലായി 1,23,770 രൂപ മാത്രമാണ് നൽകിയിട്ടുള്ള തെന്നും, ശ്രമദാനമായി ഉൾപ്പെടുത്തിയ 37,673 രൂപ നൽകിയിട്ടുള്ളതായി രേഖയില്ലെന്നും 1-12-2008-ലെ എൽ.എഫ്.പി.റ്റി.എ. പി1-641(11)/08 പ്രകാരം പത്തനംതിട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുമായി ബന്ധപ്പെട്ട് പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

108. "കളവാംകുഴി-വാറ്റുകുന്ന് റോഡിലെ കലുങ്ക് നിർമ്മാണത്തിൽ 3 കണ്ടിജന്റ് ബില്ലുകൾ പ്രകാരം 1,23,770 രൂപ നൽകിയതിന്റെ വിവരങ്ങൾ മാത്രമേ ഫയലിലുള്ളൂ. എം.ബുക്കിൽ പ്രവൃത്തിമൂല്യം 1,56,817 രൂപ രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ ഏതൊക്കെ ഫണ്ടിൽനിന്നും എത്രരൂപ വീതം കൊടുത്തു എന്നെഴുതിയിട്ടില്ല.

1,23,770 രൂപയിൽ കൂടുതൽ കൊടുത്തതായി പ്രാദേശിക പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ശ്രമദാനമായി ഉൾപ്പെടുത്തിയ 37,673 രൂപ നൽകിയിട്ടുള്ളതായി രേഖയില്ല. പരാമർശം ഒഴിവാക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

**109. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആകെ പ്രവൃത്തിമൂല്യം 1,56,817 രൂപയായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും 1,23,770 രൂപ മാത്രം നൽകിയതായി മാത്രമേ ഫയലിൽ കാണുന്നുള്ളൂവെന്നും ടി വസ്തുത പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്ന താണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ശുപാർശ പരിഗണിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണം—മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം പണി ആരംഭിച്ചിട്ടില്ല**

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 1999-2000 വർഷത്തിൽ അംഗീകരിച്ച പദ്ധതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം യാതൊരു പണിയും നടത്തിയതായി കാണുന്നില്ല. പരുവാ-മാവൂർമുക്ക് റോഡ് ടാറിംഗ്, അച്ചാംകുഴി-ഇടരെഞ്ചി റോഡ് ടാറിംഗ്, ആന്റണിമുക്ക്-മുട്ടുതറ റോഡ് ടാറിംഗ് എന്നീ പണികൾ ചെയ്യുന്നതിന് യഥാക്രമം 50,000 രൂപ വീതം മുൻകൂറായി നൽകിയിട്ടുണ്ട്. ഇതുപോലെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 20 വ്യത്യസ്ത പദ്ധതികൾക്കായി ആകെ 4,78,750 രൂപ അഡ്വാൻസ് നൽകിയിരിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം നൽകിയിട്ടുള്ള തുക 18% പലിശയോടുകൂടി തിരികെ ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.6.2)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു:

"(1) പരുവ-വാഴൂർമുക്ക് റോഡ് ടാറിംഗ്—നൽകിയ തുക 50,000"

കൺവീനർ ശ്രീ. ജോർജ്ജ് ലൂക്കോസ്, കാക്കനാട് വീട്, മണ്ണടിശാല പി.ഒ. എന്നയാളിൽനിന്നും പലിശസഹിതം 75,500 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 15-2-2003-ൽ ജില്ലാ കളക്ടർക്കു റിപ്പോർട്ടു ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യു.പി.സി. 4958/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിൽ വിധിയായിട്ടുള്ളതും പകർപ്പ് സഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിന് 21-6-2008-ലെ ആർ.6-24378/08 നമ്പർ കത്ത് വഴി ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും കൺവീനർക്ക് നോട്ടീസ് നൽകി സ്ഥല പരിശോധന നടത്തി ഇപ്പോൾ ചെയ്തിട്ടുള്ള പണിയുടെ വാല്യുവേഷൻ

എടുത്ത് നടപടികൾ സ്വീകരിക്കുവാനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൻപ്രകാരം പഞ്ചായത്തിൽനിന്നും 29-8-2008-ൽ സ്ഥലപരിശോധന നടത്തുന്നതിനായി 16-8-2008 തീയതിയിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(2) ഇടത്തിക്കാവ്-മണൽക്കടവ് കോൺക്രീറ്റിംഗ്—25,000

കൺവീനർ ശ്രീ. അലക്സ് മാർഷൽ, തേവർവേലിൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 37,750 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12843/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിൽ വിധിയായിട്ടുള്ളതും പകർപ്പ് സഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിന് 21-6-2008-ലെ ആർ.6-24378/08 നമ്പർ കത്ത് വഴി ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും കൺവീനർക്ക് നോട്ടീസ് നൽകി സ്ഥലപരിശോധന നടത്തി ഇപ്പോൾ ചെയ്തിട്ടുള്ള പണിയുടെ വാല്യുവേഷൻ എടുത്ത് നടപടികൾ സ്വീകരിക്കുവാനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൻപ്രകാരം പഞ്ചായത്തിൽ നിന്നും 29-8-2008-ൽ സ്ഥലപരിശോധന നടത്തുന്നതിനായി 16-8-2008 തീയതിയിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(3) എൻ.പി.എസ്. പടി റോഡും സി.ആർ. നിർമ്മാണം—25,000

കൺവീനർ ശ്രീ. എം. റ്റി. ജോൺ, തേവര, ചാത്തന്തറ പി.ഒ എന്നയാളിൽ നിന്നും അഡ്വാൻസ് തുക പലിശസഹിതം 37,750 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തു വെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12801/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിൽ വാദിയായിട്ടുള്ളതും പകർപ്പ് സഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിന് 21-6-2008-ലെ ആർ. 6-24378/08 നമ്പർ കത്ത് വഴി ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും കൺവീനർക്ക് നോട്ടീസ് നൽകി. സ്ഥലപരിശോധന നടത്തി ഇപ്പോൾ ചെയ്തിട്ടുള്ള പണിയുടെ വാല്യുവേഷൻ എടുത്ത് നടപടികൾ സ്വീകരിക്കുവാനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൻപ്രകാരം പഞ്ചായത്തിൽനിന്നും 29-8-2008-ൽ സ്ഥലപരിശോധന നടത്തുന്ന തിനായി 16-8-2008 തീയതിയിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(4) വേഴയ്ക്കാട്ട് പടി കലുങ്ക്—12,500

കൺവീനർ ശ്രീ. റ്റി. സി. ജോസഫ്, തുണ്ടത്തിൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 19,250 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(5) ചാത്തൻതറ-10-ാം കോളനി റോഡ് കോൺക്രീറ്റിംഗ്—25,000

കൺവീനർ ശ്രീ. ഇസ്സാ റാവുത്തർ, ചിറകുന്നേൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 37,750 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(6) വള്ളികാവ് റോഡ് ഉദ്ഘാടനം—25,000

ടി പ്രവൃത്തി 2/99-ാം നമ്പർ എം.ബുക്ക് പ്രകാരം 26,658 രൂപ മൂല്യനിർണ്ണയം നടത്തി പൂർത്തീകരിച്ചു.

(7) ഡി.സി.എൽ. പടി കോൺക്രീറ്റിംഗ്—12,500

കൺവീനർ ശ്രീ. റ്റി. ആർ. മധു തോണിക്കവലയിൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 21,560 രൂപ തിരികെ ഈടാക്കിയിട്ടുണ്ട് (ഡി.ഡി. നമ്പർ 943417 തീയതി 7-10-2003).

(8) പഴയമഠം പടി-പാലാ ബ്ലോക്ക്—25,000

കൺവീനർ ശ്രീ. പി. എം. അഗസ്തി, എപ്പിക്കുന്നേൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 37,750 രൂപ റവന്യൂ റിക്കവറി നടത്തി ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12785/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

(9) ഉപ്പുമാക്കൽ പടി കലുങ്ക്—12,500

കൺവീനർ ശ്രീ. പി. എം. അഗസ്തി, എപ്പിക്കുന്നേൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 18,875 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12785/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

(10) ആറാകർപടി-ഡി.ആർ. നിർമ്മാണം—6,250

കൺവീനർ ശ്രീ. ഇസ്സാ റാവുത്തർ, ചിറകുന്നേൽ, ചാത്തൻതറ പി.ഒ. എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 9,438 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(11) കൊല്ലമുള-10-ാം കോളനി റോഡ് ടാറിംഗ്—10,000

ടി പ്രവൃത്തി 14/2001-02 നമ്പർ എം.ബുക്ക് പ്രകാരം 99,395 രൂപ മൂല്യനിർണ്ണയം നടത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(12) അറുവയ്യാംകുഴി-ഇടകടത്തി റോഡ് ടാറിംഗ്—50,000

എം.ബുക്ക് നമ്പർ 9/99-00 പ്രകാരം 51,198 രൂപയുടെ മൂല്യനിർണ്ണയമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(13) വലേൽ പടി കലുങ്ക്—15,000

എം.ബുക്ക് നമ്പർ 9/99-00 പ്രകാരം 36,257 രൂപയുടെ മൂല്യനിർണ്ണയം നടത്തി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(14) താന്നിക്കാപ്പുഴ-കുക്കുടുക്ക റോഡ് ടാറിംഗ്—25,000

ടി പ്രവൃത്തി 11/99-00 നമ്പർ എം.ബുക്ക് പ്രകാരം 98,761-രൂപ മൂല്യനിർണ്ണയം നടത്തി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(15) കൊല്ലമുള-പലകക്കാവ് റോഡ് ടാറിംഗ്—25,000

കൺവീനർ ശ്രീ. എം. ഡി. ജോർജ്ജ്, മണ്ണാംപറമ്പിലിൽ എന്നയാളിൽനിന്നും 39,625 രൂപ ആർ.ആർ. പ്രകാരം ഈടാക്കുന്നതിന് 15-5-2003-ൽ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇടത്തിക്കാവ്-ഡി.ആർ—10,000

കൺവീനർ ശ്രീ. ജേക്കബ് ജോസഫ്, വെള്ളമറ്റത്തിൽ എന്നയാളിൽനിന്നും 15,100 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 5021/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിൽ വിധിയായിട്ടുള്ളതും പകർപ്പുസഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിന് 21-6-2008-ലെ ആർ. 6-24378/08 നമ്പർ കത്ത് വഴി ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും കൺവീനർക്ക് നോട്ടീസ് നൽകി സ്ഥലപരിശോധന നടത്തി ഇപ്പോൾ ചെയ്തിട്ടുള്ള പണിയുടെ വാല്യുവേഷൻ എടുത്ത് നടപടികൾ സ്വീകരിക്കുവാനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൻപ്രകാരം പഞ്ചായത്തിൽനിന്നും 29-8-2008-ൽ സ്ഥലപരിശോധന നടത്തുന്നതിനായി 16-8-2008 തീയതിയിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ചാത്തൻതറ-അഴുത കോളനി റോഡ് ടാറിംഗ്

കൺവീനർ ശ്രീ. എം. റ്റി. ജോൺ, തേവര എന്നയാളിൽനിന്നും 37,750 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12801/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസിൽ വിധിയായിട്ടുള്ളതും പകർപ്പുസഹിതം തുടർനടപടികൾ സ്വീകരിക്കുന്നതിന് 21-6-2008-ലെ ആർ. 6-24378/08 നമ്പർ കത്ത് വഴി ജില്ലാ കളക്ടർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും കൺവീനർക്ക് നോട്ടീസ് നൽകി സ്ഥലപരിശോധന നടത്തി ഇപ്പോൾ ചെയ്തിട്ടുള്ള പണിയുടെ വാല്യുവേഷൻ എടുത്ത് നടപടികൾ സ്വീകരിക്കുവാനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൻപ്രകാരം പഞ്ചായത്തിൽനിന്നും 29-8-2008-ൽ സ്ഥലപരിശോധന നടത്തുന്നതിനായി 16-8-2008 തീയതിയിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

കുന്നം-പുള്ളികല്ല് റോഡ് ടാറിംഗ്—25,000

ടി പ്രവൃത്തി 3/01-02 നമ്പർ എം.ബുക്ക് 71,710 രൂപ മൂല്യനിർണ്ണയം നടത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കുന്നം-അമ്പടിപ്പാറ റോഡ് ടാറിംഗ്—25,000

ടി പ്രവൃത്തി 3/01-02 നമ്പർ എം.ബുക്ക് 70,834 രൂപ മൂല്യനിർണ്ണയം നടത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ആന്റണിമുക്ക്-മുക്കൂട്ടുതറ റോഡ് ടാറിംഗ്

കൺവീനർ ശ്രീ. പി. എ. ജോസഫ്, പുളിക്കീഴിൽ, വെച്ചൂച്ചിറ പി.ഒ. എന്നയാളിൽനിന്നും 68,750 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് 15-5-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 4958/2004-ാം നമ്പരായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിൽ വിധിയായിട്ടുള്ളതും പകർപ്പുസഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിന് 21-6-2008-ലെ ആർ. 6-24378/08 നമ്പർ കത്ത് വഴി ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും കൺവീനർക്ക് നോട്ടീസ് നൽകി സ്ഥല പരിശോധന നടത്തി ഇപ്പോൾ ചെയ്തിട്ടുള്ള പണിയുടെ വാല്യുവേഷൻ എടുത്ത് നടപടികൾ സ്വീകരിക്കുവാനാണ് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം പഞ്ചായത്തിൽനിന്നും 29-8-2008-ൽ സ്ഥലപരിശോധന നടത്തുന്നതിനായി 16-8-2008 തീയതിയിൽ കൺവീനർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. ടി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

110. ഓഡിറ്റ് പരാമർശ വിഷയങ്ങളിൽ ഇടത്തിക്കാവ്-മണൽക്കടവ് കോൺക്രീറ്റിന്റെ കാര്യത്തിലും, പരുവ-വാഴൂർമുക്ക് റോഡ് ടാറിംഗിന്റെ കൺവീനർ ജോർജ്ജ് ലൂക്കോസിന്റെ പേരിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

111. എൻ.പി.എസ്.പി. റോഡും സി.ആർ. നിർമ്മാണവും സംബന്ധിച്ച ജോലികളുടെ പുരോഗതി/നിലവിലത്തെ സ്ഥിതിയെക്കുറിച്ചുള്ള സമിതിയുടെ അന്വേഷണത്തിന് 7 വർക്കുകൾ പൂർത്തിയായിട്ടുണ്ടെന്നും അവ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിന് ഫൈനൽ പേമെന്റ് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. അതിൽ ഇസ്സാ റാവുത്തർ, ജോർജ്ജ് ലൂക്കോസ് എന്നീ കരാറുക്കാർക്കെതിരെ ആർ. ആർ. നടപടിക്ക് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകി യിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

112. എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വർക്കുകൾ ഒഴിവാക്കാനും മറ്റുള്ളവയ്ക്ക് സർച്ചാർജ്ജ് നടപടികൾ ഒരു മാസത്തിനുള്ളിൽ സ്വീകരിക്കാനും സമിതി നിർദ്ദേശിച്ചു. എം.ബുക്കും ബന്ധപ്പെട്ട മറ്റു രേഖകളും ഓഡിറ്റ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചു.

113. മേൽ ഓഡിറ്റ് പരാമർശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധിച്ച് 19-12-2008-ലെ എൽ. എഫ്. 13705/സ്പെ.സെൽ. ജി/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു:

**ജനകീയാസൂത്രണം—മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം പണി ആരംഭിച്ചിട്ടില്ല**

പദ്ധതിയുടെ പേര്—വാഴൂർമുക്ക് റോഡ് ടാറിംഗ്

നൽകിയ തുക—50,000

കൺവീനർ—ശ്രീ. ജോർജ്ജ് ലൂക്കോസ്

കൺവീനർ ആർ. ആർ. നടപടിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിധിപ്രകാരം പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 29-8-2008-ൽ സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ആകയാൽ ടി പ്രവൃത്തിക്ക് വാല്യുവേഷൻ സാക്ഷ്യപത്രം നൽകുവാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം നിലനിൽക്കുന്നു.

പദ്ധതിയുടെ പേര്—ഇടത്തിക്കാവ്-മണൽക്കടവ് കോൺക്രീറ്റിംഗ്

നൽകിയ തുക—25,000

കൺവീനർ ശ്രീ. അലക്സ് മാർഷൽ ആർ.ആർ. നടപടിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിധിപ്രകാരം പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 29-8-2008-ൽ സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ആകയാൽ ടി പ്രവൃത്തിക്ക് വാല്യുവേഷൻ സാക്ഷ്യപത്രം നൽകുവാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം നിലനിൽക്കുന്നു.

പദ്ധതിയുടെ പേര്—എൽ.പി.എസ്. പടി റോഡും ഡി.ആർ. നിർമ്മാണവും

നൽകിയ തുക—25,000

കൺവീനർ—ശ്രീ. എം. റ്റി. ജോൺ

ആർ. ആർ. നടപടിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിധിപ്രകാരം പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെടെ മോണിറ്ററിംഗ് കമ്മിറ്റി 29-8-2008-ൽ സ്ഥലപരിശോധന നടത്തിയതിൽ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല എന്നാണ് വ്യക്തമാക്കുന്നത്. ആകയാൽ ടി പ്രവൃത്തിക്ക് വാല്യുവേഷൻ സാക്ഷ്യപത്രം നൽകുവാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം നിലനിൽക്കുന്നു.

പദ്ധതിയുടെ പേര്—വേഴയ്ക്കാപ്പടി കലുങ്ക്

നൽകിയ തുക—12,500

കൺവീനർ—ശ്രീ. റ്റി. സി. ജോസഫ്

ശ്രീ. റ്റി. സി. ജോസഫ് എന്നയാളിൽനിന്നും 19,250 രൂപ ഈടാക്കുന്നതിന് ആർ.ആർ. നടപടിക്ക് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടി വിവരം പഞ്ചായത്തിൽ അറിയിച്ചിട്ടില്ല.

പദ്ധതിയുടെ പേര്—ചാത്തൻതറ 10-ാം കോളനി റോഡ് കോൺക്രീറ്റിംഗ്

നൽകിയ തുക—25,000

കൺവീനർ ശ്രീ. ഇസ്സാ റാവുത്തരിൽനിന്നും 37,750 രൂപ ഈടാക്കുന്നതിന് ആർ. ആർ. നടപടിക്ക് 15-2-2003-ൽ പത്തനംതിട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമല്ല.

പദ്ധതിയുടെ പേര്—വള്ളിക്കാവ് റോഡ് നിർമ്മാണം—മുൻകൂർ

നൽകിയ തുക—25,000

2/99-2000 എം. ബുക്ക് പ്രകാരം 26,658 രൂപയുടെ മൂല്യം നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ചെക്ക് മെഷർമെന്റ് നടത്തിയതായി കാണുന്നില്ല. കൺവീനറും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതായിട്ടാണ് പഞ്ചായത്ത് അവകാശപ്പെടുന്നതെങ്കിലും മുൻകൂർ തുകയ്ക്കുള്ള പ്രവൃത്തി മാത്രമേ നടത്തിയിട്ടുള്ളൂ എന്നാണ് മനസ്സിലാക്കേണ്ടത്. കാരണം മുൻകൂറായി 25,000 രൂപ നൽകാവുന്നത് ഒരു ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തിക്കാണ്. ഇവിടെ അടങ്കൽ തുകയുടെ 25% തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിച്ചതായി അംഗീകരിക്കാവുന്നതല്ല.

പദ്ധതിയുടെ പേര്—ഡി.സി.എൽ. പടി കോൺക്രീറ്റിംഗ്

നൽകിയ തുക—12,500

കൺവീനർ ശ്രീ. റ്റി. ആർ. മധുവിൽനിന്നും അഡ്വാൻസും പലിശയും ഉൾപ്പെടെ 21,560 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം ഒഴിവാക്കാവുന്നതാണ്.

പദ്ധതിയുടെ പേര്—പഴയമഠം പടി-പാലാ ബ്ലോക്ക് ടാറിംഗ്—മുൻകൂർ

നൽകിയ തുക—25,000

കൺവീനർ ശ്രീ. പി. എം. അഗസ്തി എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശസഹിതം 37,750 രൂപ ഈടാക്കുന്നതിന് ആർ. ആർ. നടപടിക്ക് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12785/04 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

പദ്ധതിയുടെ പേര്—ഉപ്പുമാക്കൽപ്പടി കലുങ്ക്

നൽകിയ തുക—12,500

കൺവീനർ ശ്രീ. പി. എ. അഗസ്തി എന്നയാളിൽനിന്നും അഡ്വാൻസ് തുക പലിശ സഹിതം 18,875 രൂപ ഈടാക്കുന്നതിന് ആർ. ആർ. നടപടിക്ക് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തുവെങ്കിലും ടിയാൻ ഡബ്ല്യൂ.പി.സി. 12785/04-ാം നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

പദ്ധതിയുടെ പേര്—ആറാകർപടി-ഡി.ആർ. നിർമ്മാണം

നൽകിയ തുക—6,250

കൺവീനർ ശ്രീ. ഇസ്സാ റാവുത്തരിൽനിന്നും 9,438 രൂപ ഈടാക്കുന്നതിന് ആർ. ആർ. നടപടിക്ക് 15-2-2003-ൽ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമല്ല.

പദ്ധതിയുടെ പേര്—കൊല്ലമുള 10-ാം കോളനി റോഡ് ടാറിംഗ്

നൽകിയ തുക—1,00,000

ഒരു ലക്ഷം രൂപയുടെ അടങ്കലിലുള്ള ടി പ്രവൃത്തി 6/2002-ൽ പൂർത്തീകരിച്ച് 14/2001 എം. ബുക്ക് പ്രകാരം 99,395 രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. തടസ്സം ഒഴിവാക്കാവുന്നതാണ്.

പദ്ധതിയുടെ പേര്—അറുവച്ചാംകുഴി-ഇടകടത്തി റോഡ് ടാറിംഗ്

നൽകിയ തുക—50,000

9/1999 എം. ബുക്ക് പ്രകാരം പ്രവൃത്തിക്ക് 51,198 രൂപയുടെ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ മേൽ ക്രമനമ്പർ (6)-ൽ പറയുന്ന പ്രകാരം തന്നെ കഷ്ടിച്ച് മുൻകൂർ തുകയുടെ സമമായ തുകയ്ക്ക് മൂല്യനിർണ്ണയം നടത്തിയാൽ പദ്ധതിയുടെ പൂർത്തീകരണമായി അംഗീകരിക്കാവുന്നതല്ല. ഇവിടെ 2 ലക്ഷം രൂപയുടെ അടങ്കലിലുള്ള പ്രവൃത്തിയാണ് മുടങ്ങിയിട്ടുള്ളത്.

പദ്ധതിയുടെ പേര്—വാലേൽപടി കലുങ്ക്

നൽകിയ തുക—15,000

9/99 എം. ബുക്ക് പ്രകാരം പ്രവൃത്തിക്ക് 36,257 രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ കാണുന്നു. തടസ്സം ഒഴിവാക്കാവുന്നതാണ്.

പദ്ധതിയുടെ പേര്—താന്നിക്കപ്പുഴ-കുക്കുടുക്ക റോഡ് ടാറിംഗ്

നൽകിയ തുക—25,000

11/99 എം.ബുക്ക് പ്രകാരം പ്രവൃത്തിക്ക് 98,671 രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

പദ്ധതിയുടെ പേര്—കൊല്ലമുഴ-പലക്കാവ് റോഡ് ടാറിംഗ്

നൽകിയ തുക—25,000

15-5-2003-ന് ആർ.ആർ. നടപടികൾക്ക് ശുപാർശ അയച്ചതായി ഫയലിൽ കാണുന്നു. തുടർ നടപടികൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതിയുടെ പേര്—ഇടത്തിക്കാവ് ഡി.ആർ.

നൽകിയ തുക—10,000

കൺവീനർ ആർ. ആർ. നടപടിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിധി പ്രകാരം പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 29-8-2008-ൽ സ്ഥല പരിശോധന നടത്തിയതിൽ പ്രവൃത്തികൾ ഒന്നും നടത്തിയില്ല എന്നാണ് വ്യക്തമാകുന്നത്. ആകയാൽ ടി പ്രവൃത്തിക്ക് വാല്യുവേഷന് സാക്ഷ്യപത്രം നൽകാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം നിലനിൽക്കുന്നു.

പദ്ധതിയുടെ പേര്—ചാത്തൻതറ-അഴുത കോളനി റോഡ് ടാറിംഗ്

നൽകിയ തുക—25,000

കൺവീനർ ശ്രീ. എം.റ്റി.ജോൺ ആർ.ആർ നടപടിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിധി പ്രകാരം പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 29-8-2008-ൽ സ്ഥല പരിശോധന നടത്തിയതിൽ പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല എന്നാണ് വ്യക്ത മാകുന്നത്. ആകയാൽ ടി പ്രവൃത്തിക്ക് വാല്യുവേഷൻ സാക്ഷ്യപത്രം നൽകുവാൻ കഴിയുകയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം നിലനിൽക്കുന്നു.

പദ്ധതിയുടെ പേര്—കുന്നം-പുള്ളികല്ല് റോഡ് ടാറിംഗ്

നൽകിയ തുക—25,000

3/01-02-ാം നമ്പർ എം.ബുക്ക് പ്രകാരം 71,710 രൂപയുടെ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. തടസ്സം ഒഴിവാക്കു ന്നതാണ്.

പദ്ധതിയുടെ പേര്—കുന്നം-അമ്പടിപ്പാറ റോഡ് ടാറിംഗ്

നൽകിയ തുക—25,000

3/01-02-ാം നമ്പർ എം.ബുക്ക് പ്രകാരം 70,834 രൂപയുടെ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. തടസ്സം ഒഴിവാക്കു ന്നതാണ്.

പദ്ധതിയുടെ പേര്—ആന്റണി മുക്ക് മുട്ടുട്ടുതറ റോഡ് ടാറിംഗ്

കൺവീനർ ശ്രീ. പി. എ. ജോസഫ് ആർ. ആർ. നടപടിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള വിധിപ്രകാരം പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി 29-8-2008-ൽ സ്ഥല പരിശോധന നടത്തിയതിൽ പ്രവൃത്തികൾ ഒന്നും നടത്തിയില്ല എന്നാണ് വ്യക്തമാക്കുന്നത്. ആകയാൽ ടി പ്രവൃത്തിക്ക് വാല്യുവേഷൻ സാക്ഷ്യപത്രം നൽകുവാൻ കഴിയില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖണ്ഡികയിലെ തടസ്സം നില നിൽക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

114. **ജനകീയാസൂത്രണം—മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം പണി ആരംഭിച്ചിട്ടില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഡി.സി.എൻ.പടി കോൺക്രീറ്റിംഗ്, കൊല്ലമുള 10-ാം കോളനി റോഡ്ടാറിംഗ്, വാലേൽപ്പടി കലുങ്ക്, താന്നിക്കാപ്പുഴ-കുക്കുടുക്ക റോഡ് ടാറിംഗ്, കുന്നം-പുള്ളിക്കല്ല് റോഡ് ടാറിംഗ്, കുന്നം-അമ്പടിപ്പാറ റോഡ് ടാറിംഗ് എന്നീ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

115. **(i) വാഴൂർമുക്ക് റോഡ് ടാറിംഗ്, (ii) ഇടത്തിക്കാവ്-മണൽക്കടവ് കോൺക്രീറ്റിംഗ്, (iii) എൽ.പി.എസ്.പടി റോഡും ഡി.ആർ. നിർമ്മാണവും, (iv) ഇടത്തിക്കാവ്-ഡി.ആർ., (v) ചാത്തൻതറ-അഴുത കോളനിറോഡ്, (vi) ആന്റണി മുക്ക്-മുട്ടുട്ടുതറ റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിന്മേൽ പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി, സ്ഥലപരിശോധന നടത്തി പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തത് കണക്കിലെടുത്ത് ടി പ്രവൃത്തികളുടെ കൺവീനർമാരിൽനിന്ന് റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ നിശ്ചയിച്ചിരുന്ന തുക പലിശ സഹിതം അടിയന്തരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുക. കൂടാതെ വേഴയ്ക്കാപ്പടി കലുങ്ക് ആറാകർപടി-ഡി.ആർ. നിർമ്മാണം ചാത്തൻതറ-പത്താംകോളനി റോഡ് കൊല്ലമുള-പലകക്കടവ് റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ആർ. ആർ. നടപടിയിലൂടെ ഈടാക്കേണ്ട തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുക.**

116. **പഴയമഠം-പാലാബ്ലോക്ക് ടാറിംഗ്, ഉപ്പുമാക്കൽപ്പടി കലുങ്ക് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുക.**

117. **വള്ളിക്കാവ് റോഡ് നിർമ്മാണം, അറുവച്ചാംകുഴി-ഇടകടത്തി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിൽ മുൻകൂർ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിച്ചത് കണക്കിലെടുത്ത് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## പന്തളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾ പൂർത്തിയായില്ല—പഞ്ചായത്തിന് 2.3 ലക്ഷം രൂപ നഷ്ടം**

പന്തളം ഗ്രാമപഞ്ചായത്തിൽ 2001-02-ൽ മുൻകൂർ കൊടുത്ത മരാമത്ത് പ്രവൃത്തികൾ നാളിതുവരെയായിട്ടും ആരംഭിക്കാത്തതുവഴി 2,31,715 രൂപ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *നൽകിയ തുക* |
|---|---|---|
| 1 | പ്ലാക്കൂട്ടത്തിൽപ്പടിക്കുളം, പുത്തൻകുളം, മണ്ണാട്ടുപാറക്കുളം എന്നിവയുടെ സംരക്ഷണം | 6,750 |
| 2 | കുരിക്കാവിൽ ഐ. എച്ച്. ഡി. പി. കോളനിറോഡ് | 27,123 |
| 3 | പാലത്തറ കോളനി റോഡ് | 10,882 |
| 4 | ടെലിഫോൺ എക്സ്ചേഞ്ച് മുകടിപ്പടി റോഡ് | 22,700 |
| 5 | പുലിക്കുഴിമുക്ക്-കെല്ലിരേത്ത്പടി റോഡ് | 9,677 |
| 6 | നിരപ്പിൽകോളനി-പാറങ്ങൽ പാലം റോഡ് | 44,929 |
| 7 | പാലത്തടം-പൂവണ്ണാത്തടം റോഡ് | 19,828 |
| 8 | പാറെ കൊല്ലാകുളം സംരക്ഷണം | 4,922 |
| 9 | കടയ്ക്കാട്-മണ്ണിൽ വടക്കേതിൽ റോഡ് | 22,994 |
| 10 | ഫാക്ട്പടി-തയ്യിൽപടി റോഡ് | 23,300 |
| 11 | മുട്ടാർ പി. എച്ച്. സി. കെട്ടിട നിർമ്മാണം | 12,500 |
| 12 | ഇയാങ്കോട് കരിങ്കുറ്റിക്കൽ ഏലായിൽ പുളിമുട്ടത്ത് കിഴക്കേകുളം സംരക്ഷണം | 7,378 |
| 13 | കന്നിയിലെ തുണ്ടിൽകണ്ടം മോടിപ്പകടി റോഡ് | 3,332 |
| 14 | കോഴിച്ചാൽ-ഇരുട്ടടിത്തോട്-വലിയതോടുവരെ ആഴംകൂട്ടൽ | 12,500 |
| 15 | കിളികൊല്ലൂർ തോട് സംരക്ഷണം | 2,900 |
| | ആകെ | 2,31,715 |

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.1]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"പ്ലാക്കൂട്ടത്തിൽ പടിക്കുളം-പുത്തൻകുളം മണ്ണാട് പാറക്കുളം എന്നിവയുടെ സംരക്ഷണം—6,750.

പദ്ധതിയുടെ അടങ്കൽ തുക 29,000 രൂപയാണ്. 6,750 രൂപ അഡ്വാൻസ് നൽകിയിരുന്നു. 19/99-2000 നമ്പർ എം. ബുക്ക് (പേജ് 26-29) പ്രകാരം 17,517 രൂപയുടെ മൂല്യനിർണ്ണയം നടത്തിയ വേല പൂർത്തിയായിട്ടുണ്ട്. 6-9-2003-ലെ 112536 നമ്പർ ചെക്കുപ്രകാരം തുക നൽകിയിട്ടുണ്ട്.

കുരിക്കാവിൽ ഐ. എച്ച്. ഡി. പി. കോളനി റോഡ്—27,123

പദ്ധതിയുടെ അടങ്കൽ തുക 1,19,879 രൂപയായിരുന്നു. വേലയ്ക്ക് അഡ്വാൻസ് 27,123 രൂപ നൽകിയിരുന്നു. 18/98-99-ാം നമ്പർ എം.ബുക്ക് (പേജ് 40-42 പ്രകാരം 1,19,065 രൂപയുടെ മൂല്യനിർണ്ണയം നടത്തി വേല പൂർത്തീകരിച്ചിട്ടുണ്ട്.)

പാലത്തടം-കോളനി റോഡ്—10,882

പദ്ധതിയുടെ അടങ്കൽ 50,000 രൂപയാണ്. വേലയ്ക്ക് 10,822 രൂപ അഡ്വാൻസ് നൽകിയിരുന്നു. IV/2001/02 നമ്പർ എം.ബുക്ക് (പേജ് 8-11) പ്രകാരം 45,089 രൂപ മൂല്യനിർണ്ണയം നടത്തി വേല പൂർത്തീകരിച്ചിട്ടുണ്ട്.

ടെലഫോൺ എക്സ്ചേഞ്ച്-മുകടിപ്പടി റോഡ്—22,700

പദ്ധതിയുടെ മൊത്തം അടങ്കൽ 98,000 രൂപയാണ്. അഡ്വാൻസായി 22,700 രൂപാ നൽകിയിരുന്ന വേല IV/97-98 നമ്പർ എം. ബുക്ക് (പേജ് 53-57) പ്രകാരം 97,652 രൂപ മൂല്യനിർണ്ണയം നടത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. 3-7-2004-ലെ 626381-ാം നമ്പർ ചെക്കുപ്രകാരം തുക നൽകിയിട്ടുണ്ട്.

പുലിക്കുഴിമുക്ക്-കെല്ലിരേത്ത് പടി റോഡ്—9,677

പദ്ധതിക്ക് വകയിരുത്തിയിരുന്ന 42,576 രൂപയിൽ 9,677 രൂപ അഡ്വാൻസ് നൽകിയിരുന്നു. 13/97-98 നമ്പർ എം ബുക്ക് (പേജ് 84-89) പ്രകാരം 42,576 രൂപ മൂല്യനിർണ്ണയം നടത്തി വേല പൂർത്തീകരിച്ചിട്ടുണ്ട്. 29-10-2003-ലെ 457063-ാം നമ്പർ ചെക്കുപ്രകാരം തുക നൽകിയിട്ടുണ്ട്.

നിരപ്പിൽ കോളനി പാറങ്ങൽ പാലം റോഡ്—44,929

പണി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തുകയായ 1,05,998 രൂപ 21-2-2004-ലെ 51964-ാം നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്.

പാലത്തടം-പൂവണ്ണാത്തടം റോഡ്—19,828

പദ്ധതിയുടെ അടങ്കൽ തുക 1,00,000 രൂപയും 19,828 രൂപ അഡ്വാൻസും നൽകിയിരുന്നു. ടി വേല 3/2001-02 നമ്പർ എം ബുക്ക് (പേജ് 44-45) പ്രകാരം 83,149 രൂപ മൂല്യനിർണ്ണയം നടത്തി പണി പൂർത്തീകരിച്ചിട്ടുണ്ട്. 3-9-2003-ലെ 535542-ാം നമ്പർ ചെക്കുപ്രകാരം തുക നൽകിയിട്ടുണ്ട്.

പാറേ-കൊല്ലാംകുളം സംരക്ഷണം—4,922

കൺവീനറായ ശ്രീ. മനോജ്, ചോല നിൽക്കുന്നതിൽ എം.എസ്.എം.പി.ഒ. എന്നയാളിൽ നിന്നും റവന്യൂ റിക്കവറി നടപടി മുഖേന തുക ഈടാക്കുന്നതിന് 6-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കടയ്ക്കാട് മണ്ണിൽ വടക്കേതിൽ റോഡ്—22,994

പദ്ധതിയുടെ അടങ്കൽ തുക 1,00,000 രൂപ വകയിരുത്തിയിരുന്നു. അഡ്വാൻസ് 22,994 രൂപ നൽകിയിട്ടുണ്ട്. ടി വേല 15/99-00 നമ്പർ എം.ബുക്ക് (പേജ് 66) പ്രകാരം 1,03,231 രൂപ മൂല്യനിർണ്ണയം നടത്തി അടങ്കൽ തുകയിൽ നിജപ്പെടുത്തി 26-7-2004-ലെ 53554-ാം നമ്പർ ചെക്കുപ്രകാരം തുക നൽകിയിട്ടുണ്ട്.

ഫാക്ട്പടി-തയ്യിൽപടി റോഡ്—23,300

പദ്ധതിയുടെ അടങ്കൽ തുക 1,00,000 രൂപയും 23,300 രൂപ അഡ്വാൻസ് നൽകിയിരുന്നു. ടി വേല 2/97-98 നമ്പർ എം ബുക്ക് പ്രകാരം 1,00,131 രൂപ മൂല്യ നിർണ്ണയം നടത്തി പൂർത്തീകരിച്ചിട്ടുള്ളതും ഭരണാനുമതി തുകയായ 1,00,000 രൂപയിൽ നിജപ്പെടുത്തി 3-7-2004-ലെ 62632-ാം നമ്പർ ചെക്കു പ്രകാരം തുക നൽകിയിട്ടുണ്ട്.

മുട്ടാർ പി.എച്ച്.സി. കെട്ടിട നിർമ്മാണം—12,500

മുട്ടാർ എഫ്.ഡബ്ല്യൂ.സി. കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തുകയായ 4,758 രൂപ 26-9-2003-ലെ 112565-ാം നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. ടി വർക്കിന്റെ മെഷർമെന്റ് 2/97-98-ാം നമ്പർ അളവു പുസ്തകത്തിൽ പേജ് 54-62 വരെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇയ്യാംകോട് കരിംകുറ്റിക്കൽ ഏലായിൽ പുളിമുട്ടത്ത് കിഴക്കേകുളം സംരക്ഷണം—7,378

ഇയ്യാംകോട്-കരിംകുറ്റിക്കൽ ഏലായിൽ പുളിമുട്ടത്ത് കിഴക്കേകുളം സംരക്ഷണം പദ്ധതിക്ക് 31,000 രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ളതാണ്. ടി വേലയ്ക്ക് 7,378 രൂപ അഡ്വാൻസ് നൽകിയിരുന്നു. കൺവീനർ പണി പൂർത്തീകരിക്കാതെവന്നതിനെ തുടർന്ന് മുൻകൂർ നൽകിയ 7,378 രൂപ, 3,819 രൂപ പലിശ സഹിതം 29-6-2004-ലെ 33/20611-ാം നമ്പർ രസീതുപ്രകാരം ടിയാനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

കുന്നിയിലെ തുണ്ടിൽ കണ്ടം-മോടിപ്പടി റോഡ്—3,332

പദ്ധതിക്ക് വകയിരുത്തിയിരുന്ന 15,000 രൂപയിൽ അഡ്വാൻസായി 3,332 രൂപ നൽകിയിട്ടുണ്ട്. കൺവീനറായ പന്തളം വട്ടമുകടിയിൽ രാജുവിൽനിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് 6-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കോഴിച്ചാൽ-ഇരുട്ടടിതോട്-വലിയതോടു വരെ ആഴം കൂട്ടൽ—12,500

പദ്ധതിക്ക് 52,000 രൂപ വകയിരുത്തിയിരുന്നു. കൺവീനർ എ. പരമുശർമ്മയ്ക്ക് അഡ്വാൻസായി നൽകിയ 12,500 രൂപ പലിശ സഹിതം റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 6-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കിളികൊല്ലൂർ തോട് സംരക്ഷണം—2,900

പദ്ധതിയുടെ അടങ്കൽ തുകയായ 13,000 രൂപയിൽ 2,900 രൂപ അഡ്വാൻസ് നൽകിയിരുന്നു. കൺവീനർ ശ്രീ. അബ്ദുൾ റസാഖിന് അഡ്വാൻസ് തുക പലിശ സഹിതം റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 6-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്."

ഓഡിറ്റ് ഖണ്ഡിക 3-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

118. മരാമത്ത് പണികൾ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട് എന്ന സമിതിയുടെ ചോദ്യത്തിന് 10 എണ്ണം പൂർത്തീകരിച്ച് മെഷർമെന്റ് എടുത്ത് ഫൈനൽ ബിൽ കൊടുത്തുവെന്ന് സെക്രട്ടറി ശ്രീ. കെ. ശങ്കരൻകുട്ടി ഉണ്ണിത്താൻ അറിയിച്ചു. പൂർത്തീകരിച്ച വർക്കുകളുടെ എം. ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ ഒരു മാസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തണമെന്ന് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

119. പൂർത്തിയാകാത്ത 5 പദ്ധതികൾക്ക്, വർക്കുകളുടെ മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്ത പണം കൺവീനർമാരിൽനിന്നും പലിശ സഹിതം ഈടാക്കാൻ ആർ.ആർ. നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ചെയ്യാൻ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

120. സമിതി നിർദ്ദേശാനുസരണം പന്തളം ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ച്, ഓഡിറ്റ് വകുപ്പ് 28-3-2009-ലെ എൽ.എഫ്. 2344/സ്പെ.സെൽ.ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

15 മരാമത്ത് പണികളിൽ 10 എണ്ണം പൂർത്തിയായതായും ഒരെണ്ണത്തിന് നൽകിയ മുൻകൂർ പലിശ സഹിതം ഈടാക്കിയതായും ബാക്കി 4 എണ്ണത്തിന്റെ കൺവീനർമാരിൽനിന്ന് തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതായും മറുപടിയിൽ പറയുന്നു. വിശദവിവരം താഴെ കൊടുക്കുന്നു:

(എ) **പൂർത്തിയായവ**

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *അടങ്കൽ തുക* | *ചെയ്ത പ്രവൃത്തി യുടെ മൂല്യം* | *അഭിപ്രായക്കുറിപ്പ്* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | പ്ലാക്കൂട്ടത്തിൽ പ്പടിക്കുളം- പുത്തൻകുളം മണ്ണാട്ടു പാറക്കുളം ഇവയുടെ സംരക്ഷണം | 29,000 | 17,517 | എം. ബുക്ക് നമ്പർ 19/99-00 പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. |

എം. ബുക്കിന്റെ പേജ് 26-29-ന്റെ ഫോട്ടോകോപ്പിയാണ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതുപ്രകാരം 3 കുളങ്ങളിലെയും കൂടി 56 മുതൽ 745 എം$^3$ വരെ മണ്ണ് എടുത്ത് മാറ്റിയിട്ടുണ്ട് (അടങ്കൽതുക പ്രകാരം 130.59 + 261 എം$^3$ ആണ് ഉദ്ദേശിച്ചിരുന്നത്). മാവര പുഞ്ചയിലെ കുളത്തിന് 22.14 എം$^3$ പാറ അടുക്കി അതിന്മേൽ 0.203 എം$^3$ കോൺക്രീറ്റിംഗും ഉദ്ദേശിച്ചിരുന്നിടത്ത് 10.362 എം$^3$ പാറ അടുക്കി അതിന്മേൽ 0.137 എം$^3$ കോൺക്രീറ്റിംഗ് മാത്രമേ ചെയ്തിട്ടുള്ളു. ആയതിനാൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം സാങ്കേതികമായി പരിശോധിച്ചാൽ മാത്രമേ തീർപ്പു കൽപ്പിക്കാനാവു.

| | | | | |
|---|---|---|---|---|
| 2 | കുരിക്കാവിൽ ഐ.എച്ച്.ഡി.പി. കോളനി റോഡ് | 1,19,879 (അടങ്കൽ) | 1,19,065 (ഫൈനൽ ബിൽ) | എം. ബുക്ക് നമ്പർ 18/98-99 പരിശോധിച്ചു. പ്രവൃത്തി പൂർത്തീകരിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 3 | പാലത്തടം കോളനി റോഡ് | 50,000 (അടങ്കൽ) | 45,089 (പ്രവൃത്തി യുടെ മൂല്യം) | പ്രവൃത്തി പൂർത്തീകരിച്ചു. എം. ബുക്ക് നമ്പർ 4/01-02 പരിശോധനയ്ക്ക് ലഭിച്ചില്ല. |
| 4 | ടെലിഫോൺ എക്സ്ചേഞ്ച്- മൂകടിപ്പടി റോഡ് | 98,000 | 97,652 | പ്രവൃത്തി പൂർത്തീകരിച്ചു. 4/97-98 നമ്പർ എം. ബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല. |
| 5 | പൂലിക്കുഴിമുക്ക്- കെല്ലിരേത്ത് പടി റോഡ് | 42,576 | 40,852 | എം. ബുക്ക് 13/97-98 പരിശോധിച്ചു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തടസ്സം ഒഴിവാക്കാവുന്ന താണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 6 | നിരപ്പിൽ കോളനി-പാറങ്ങൽ പാലം റോഡ് | 1,97,687 | 1,68,960 | എം. ബുക്ക് 18/98-99 പരിശോധിച്ചു. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 7 | പാലത്തടം-പൂവണ്ണത്തടം റോഡ് | 1,00,000 | 83,149 | എം. ബുക്ക് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ കൊടുത്തു. ഫൈനൽ ബില്ലിൽ കാണിച്ചിട്ടുള്ള എം. ബുക്ക് നമ്പർ 3/2001-02 പേജ് 44-45 ആണ്. എന്നാൽ ഈ എം. ബുക്കിലെ അളവുകൾ പബ്ലിക് കംഫർട്ട് സ്റ്റേഷൻ പണിയുടേതാണ്. |
| 8 | പാറേ-കൊല്ലാകുളം സംരക്ഷണം | | | മുൻകൂർ തുക 4,922 രൂപയും പലിശയും കൺവീനർ ശ്രീ. മനോജിൽനിന്ന് ഈടാക്കുന്നതിന് 6-8-2008-ൽ റവന്യൂ റിക്കവറി നടപടിക്ക് ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. |
| 9 | കടയ്ക്കാട് മണ്ണിൻ വടക്കേതിൽ റോഡ് | 1,00,000 (അടങ്കൽ) | 96,082.17 (പ്രവൃത്തി മൂല്യം) | ഫൈനൽ ബിൽ കൊടുത്തു. എം. ബുക്ക് നമ്പർ 15/99-00 പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 10 | ഫാക്ടറിപ്പടി-തയ്യിൽപ്പടി റോഡ് | 1,00,000 (അടങ്കൽ) | 1,00,131 (ഒരു ലക്ഷത്തിൽ പരിമിതപ്പെടുത്തി) | എം. ബുക്ക് നമ്പർ 2/97-98 പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്. |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | മൂപ്പാർ പി.എച്ച്.സി. കെട്ടിട നിർമ്മാണം | 50,000 | 50,391 | എം. ബുക്ക് നമ്പർ 2/97-98 പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 12 | ഇയ്യാംകോട് കരിംകിട്ടിക്കൽ ഏലായിൽ പുളിമുട്ടത്ത്, കിഴക്കേകുളം | | | മുൻകൂർ 7,378 രൂപയും പലിശ 3,819 രൂപയും തിരിച്ചടച്ചത് പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 13 | കുന്നിയിലെ തുണ്ടിൽക്കണ്ടം മോടിപ്പടി റോഡ് | | | കൺവീനർ വട്ടമുകടിയിൽ രാജുവിനെതിരെ 6-8-2008-ന് റവന്യൂ റിക്കവറി നടപടി മുൻകൂർ- 3,342 പലിശ- 3,831 7,163 |
| 14 | കോഴിച്ചാൽ-ഇരുട്ടടി തോട് വലിയ തോടുവരെ ആഴംകൂട്ടൽ | | | കൺവീനർ ശ്രീ. എ. പരമു ശർമ്മയ്ക്കെതിരെ 6-8-2008-ന് റവന്യൂ റിക്കവറി നടപടി 12,500+14,302= 26,802 |
| 15 | കിളികൊല്ലൂർ തോട് സംരക്ഷണം | | | കൺവീനർ ശ്രീ. അബ്ദുൾ റസാഖിനെതിരെ റവന്യൂ റിക്കവറി നടപടി 2,900+ 3,318 6,218 |

121. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം സമിതിയിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. " 'പ്ലാക്കൂട്ടത്തിൽപ്പടിക്കുളം-പുത്തൻകുളം മണ്ണാട്ടുപാറക്കുളം—ഇവയുടെ സംരക്ഷണം' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് എം.ബുക്ക് 19/99-2000 പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പകരം ടി ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ ഫോട്ടോകോപ്പി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതു പ്രകാരം 17,517 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള അളവിനേക്കാൾ വളരെക്കുറച്ച് പ്രവൃത്തിയെ ചെയ്തിട്ടുള്ളു എന്നതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് സാങ്കേതിക പരിശോധന ആവശ്യമാണ്."

122. മാത്രമല്ല "അധിക ചെലവിന് ഉത്തരവാദിയായ മുൻസെക്രട്ടറി ശ്രീ. തോമസ് ജോൺ 7-3-2009-ൽ മരണപ്പെട്ടതായും തുക നാളിതുവരെ ഈടാക്കി ലഭിച്ചില്ലായെന്നും ഇപ്പോഴത്തെ സെക്രട്ടറിയുടെ 11-2-2010-ലെ എ1/709/10-ാം നമ്പർ കത്ത് മുഖേന ഈ ഓഫീസിനെ അറിയിച്ചിട്ടുണ്ട്" എന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

123. പ്രാദേശിക പരിശോധനയ്ക്ക് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ അന്തിമസ്ഥിതി അറിയുവാൻ സാധിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-1-2011-ലെ എൽ.എഫ്. 13705/സ്പെ.സെൽ. ജി.2/08 നമ്പർ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**124. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മൂരിക്കാവിൽ ഐ.എച്ച്.ഡി.പി. കോളനി റോഡ്, പൂലിക്കുഴിമുക്ക്-കെല്ലിരേത്ത്പടി റോഡ്, നിരപ്പിൽ കോളനി-പാറങ്ങൽപ്പാലം റോഡ്, പാലത്തടം-പൂവണ്ണത്തടം റോഡ്, കടയ്ക്കാട് മണ്ണിൻ വടക്കേതിൽ റോഡ്, ഫാക്ടറിപ്പടി-തയ്യിൽപ്പടി റോഡ്, മൂപ്പാർ പി.എച്ച്.സി. കെട്ടിട നിർമ്മാണം, ഇയ്യാംകോട് കരിംകിട്ടിക്കൽ ഏലായിൽ പുളിമൂട്ടത്ത്, കിഴക്കേകുളം സംരക്ഷണം എന്നീ പ്രവൃത്തികൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് തടസ്സം ഒഴിവാക്കാവുന്ന താണെന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**125. പ്ലാക്കൂട്ടത്തിൽപ്പടിക്കുളം-പുത്തൻകുളം മണ്ണാട്ടുപാറക്കുളം എന്നിവയുടെ സംരക്ഷണം എന്ന പരാമർശത്തിന്മേൽ സാങ്കേതിക പരിശോധന നടത്തി പ്രവൃത്തി പൂർത്തീകരണത്തെയും ബാദ്ധ്യതയുണ്ടെങ്കിൽ ആയതിനെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുക. ടെലിഫോൺ എക്സ്ചേഞ്ച്, മുകടിപ്പടി റോഡ്, പാലത്തടം കോളനി റോഡ് എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട് എം. ബുക്ക് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുക.**

**126. പാറേ-കൊല്ലാംകുളം സംരക്ഷണം, കുന്നിയിലെ തുണ്ടിൽക്കണ്ടം മോടിപ്പടി റോഡ്, കോഴിച്ചാൽ-ഇരുട്ടടി തോട് വലിയ തോട് വരെ ആഴംകൂട്ടൽ, കിളികൊല്ലൂർ തോട് സംരക്ഷണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാർക്കെതിരെ ആർ.ആർ. നടപടി പ്രകാരം ഈടാക്കേണ്ട തുക പലിശസഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുക.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാതെ ഉപേക്ഷിച്ചു**

1997-98 മുതൽ 1999-2000 വരെ മുൻകൂർ തുകകളും പാർട്ട് ബില്ലുകളും വാങ്ങി പൂർത്തിയാക്കാതെ പണി ഉപേക്ഷിച്ചുപോയിട്ടുള്ള ഇനത്തിൽ

ഗ്രാമപഞ്ചായത്തിന് 2,07,736 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *നൽകിയ തുക* |
|---|---|---|
| 1 | നെല്ലിക്കൽ ബണ്ട് ബലപ്പെടുത്തൽ | 61,715 |
| 2 | ടിവി കിയോസ്ക് നിർമ്മാണം | 12,893 |
| 3 | വലക്കടവ് റോഡ് സംരക്ഷണം | 32,216 |
| 4 | അമ്പലപ്പടി-പുന്തലമുക്ക് റോഡ് | 96,965 |
| 5 | പുത്തൻപുരപ്പടി-പോഴംകോല്ലറോഡ് | 3,947 |
| | ആകെ | 2,07,736 |

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-2005, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.2)

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *നൽകിയ തുക* | |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | നെല്ലിക്കൽ ബണ്ട് ബലപ്പെടുത്തൽ | 61,715 | അഡ്വാൻസ് കൈപ്പറ്റിയ 61,715 രൂപയിൽ പലിശ 70,934 രൂപയും ഉൾപ്പെടെ 1,32,649 രൂപ 6-9-2005-ലെ 44/21642 നമ്പർ രസീതുപ്രകാരം ഈടാക്കിയിട്ടുണ്ട്. |
| 2 | ടി.വി. കിയോസ്ക് നിർമ്മാണം | 12,893 | അഡ്വാൻസായി കൈപ്പറ്റിയ 12,893 രൂപ കൺവീനർ ശ്രീ. കെ. എസ്. അയ്യപ്പൻ കടമാൻകോട് കിഴക്കേതിൽ കൂരമ്പാല പന്തളം എന്നയാളിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 18-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 3 | വലക്കടവ് റോഡ് നിർമ്മാണം | 32,216 | അഡ്വാൻസായി കൈപ്പറ്റിയ 32,216 രൂപ കൺവീനർ ശ്രീ. കെ. എസ്. അയ്യപ്പൻ കടമാൻകോട് കിഴക്കേതിൽ കൂരമ്പാല പന്തളം എന്നയാളിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 18-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 4 | അമ്പലപ്പടി-പുന്തലമുക്ക് റോഡ് | 96,965 | അഡ്വാൻസായി കൈപ്പറ്റിയ 96,965 രൂപ കൺവീനർ ശ്രീ. അസീം സൈനു, അസ്ന മൻസിൽ പന്തളം എന്നയാളിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 18-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 5 | പുത്തൻപുരപ്പടി പോഴം കൊല്ലാ റോഡ് | 3,947 | ടി വേല പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കൺവീനറായ ശ്രീ. സുരേന്ദ്രൻ, പുന്തിലേത്ത്, മങ്ങാരം എന്നയാളിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 6-8-2008-ലെ എ1-1182/07 നമ്പരായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| | ആകെ | 2,07,736 | |

ഓഡിറ്റ് പരാമർശം 3-9-2008-ലെ സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു:

127. പൂർത്തിയാക്കാതെ ഉപേക്ഷിച്ച പണികളിൽ കൺവീനർമാർ കൈപ്പറ്റിയ അഡ്വാൻസ് തുക തിരിച്ചുപിടിക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്കു റിപ്പോർട്ട് നൽകണമെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

128. സമിതി നിർദ്ദേശപ്രകാരം പരാമർശങ്ങൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 28-3-2009-ലെ എൽ.എഫ്. 2344/സ്പെ.സെൽ.ജി2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

പാർട്ട് ബില്ലുകൾ മാറിയ 5 പ്രവൃത്തികൾ ഉപേക്ഷിച്ചത്.

ആദ്യത്തെ പ്രവൃത്തിയുടെ തുക ഈടാക്കിയതായും ബാക്കി റവന്യൂ റിക്കവറി നടപടികൾക്ക് ജില്ലാ കളക്ടറോട് 6-8-2008-ലും 18-8-2008-ലുമായി അപേക്ഷിച്ചതായും മറുപടി നൽകിയത് പരിശോധിച്ചു.

1. 1,32,649 രൂപ ഈടാക്കിയത് പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്.

2. മുൻകൂർ : 12,893+

   പലിശ : 21,777

   34,670 രൂപ ഈടാക്കുവാൻ കൺവീനർ ശ്രീ. കെ. എസ്. അയ്യപ്പനെതിരെ റവന്യൂ റിക്കവറി നടപടി.

3. മുൻകൂർ : 32,216+

   പലിശ : 54,414

   86,630 രൂപ ഈടാക്കുവാൻ കൺവീനർ ശ്രീ. പി. എസ്. ചന്ദ്രനെതിരെ റവന്യൂ റിക്കവറി നടപടി.

4. മുൻകൂർ : 96,965+

   പലിശ : 1,63,778

   2,60,743 രൂപ ഈടാക്കുവാൻ കൺവീനർ ശ്രീ. അസീം സൈനുവിനെതിരെ റവന്യൂ റിക്കവറി നടപടി.

5. മുൻകൂർ : 3,947+

   പലിശ : 4,536

   8,483 രൂപ ഈടാക്കുവാൻ കൺവീനർ ശ്രീ. സുരേന്ദ്രനെതിരെ റവന്യൂ റിക്കവറി നടപടി.

**നിഗമനങ്ങൾ/ശുപാർശകൾ**

**129. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 5 പ്രവൃത്തികളിൽ 'നെല്ലിക്കൽ ബണ്ട് ബലപ്പെടുത്തൽ' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട മുൻകൂർ നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

**130. ടി. വി. കിയോസ്ക് നിർമ്മാണം, വലക്കടവ് റോഡ് സംരക്ഷണം, അമ്പലപ്പടി പുന്തലമുക്ക് റോഡ്, പുത്തൻപുരപ്പടി പോഴം കൊല്ലാറോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ തുകകൾ ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതു അവലോകനം**

സെക്രട്ടറിയുടെ പ്ലാൻ പി. ഡി. അക്കൗണ്ടിൽ 29,62,656 രൂപ മാത്രമുള്ളപ്പോൾ 70,48,851 രൂപയുടെ ചെക്കുകൾ സെക്രട്ടറി നൽകിയിട്ടുണ്ട്. ഈ തുകകൾ എങ്ങനെ

ക്യാഷ് ചെയ്തുവെന്നത് അന്വേഷണവിധേയമാക്കേണ്ടതാണ്. 2000-2001-ൽ സെക്രട്ടറി പ്ലാൻ പി. ഡി. അക്കൗണ്ടിലെ നീക്കിയിരിപ്പ് (-) 41,22,195 രൂപയാണ്. എന്നാൽ മറ്റ് സ്രോതസ്സുകളിൽനിന്നും സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി.സി. ചെയ്യേണ്ട തുകകൾ ഒന്നുംതന്നെ റ്റി.സി. ചെയ്തിട്ടില്ല. സെക്രട്ടറിയുടെ ക്രമവിരുദ്ധമായ ഈ നടപടിയെ സംബന്ധിച്ച് അന്വേഷണം ഉണ്ടാകേണ്ടതാണ്.

കൺവീനർമാർക്ക് മുൻകൂർ, പാർട്ട് ബിൽ ഇനങ്ങളിലായി തുകകൾ നൽകിയ വിവിധ പദ്ധതികൾ നാളിതുവരെയും പൂർത്തീകരിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ ഇനത്തിൽ ടെണ്ടർ ചെയ്ത് നടത്തിയ ഒരു പദ്ധതിയും ഉൾപ്പെടുന്നു.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-2005, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.3)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"പന്തളം ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ 31-3-2001 അവസാനിക്കുമ്പോൾ 29,62,656 രൂപ മാത്രമേ ബാക്കിയുള്ളൂ എന്നത് വസ്തുതയാണ്. എന്നാൽ തുക ഈ കാലയളവിൽ വിവിധ പ്രോജക്ടുകളിൽ വിവിധ സ്രോതസ്സുകളിലായി തുക വകയിരുത്തിയതനുസരിച്ച് ബില്ലുകൾ പ്രകാരം 70,48,851 രൂപയുടെ ചെക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്ലാൻ പി.ഡി.-യുള്ള നീക്കിയിരുപ്പിനേക്കാൾ അധികംതുക അന്നത്തെ സെക്രട്ടറി ചെക്കുവഴി മാറി നൽകിയിട്ടുള്ളത് സത്യമാണ്. 1997-98 മുതൽ 2000-01 വരെയുള്ള വാർഷിക പദ്ധതിയിൽ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിരുന്ന തനതുഫണ്ട് ബി ഫണ്ട് എന്നിവയായി 40,58,599 രൂപ പഞ്ചായത്തു ഫണ്ടിൽനിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് റെഗുലറൈസ് ചെയ്തിട്ടുണ്ട്.

അഡ്വാൻസായും പാർട്ടുബിൽ ആയും തുക കൈപ്പറ്റി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വർക്കുകൾ പൂർത്തിയാക്കാനും പൂർത്തീകരിക്കാൻ കഴിയാത്തവയിൽ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു."

ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. ടി യോഗത്തിന്റെ ചുരുക്കം ചുവടെ ചേർത്തിരിക്കുന്നു:

131. സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ 29,62,656 രൂപ മാത്രമുള്ളപ്പോൾ 70,48,851 രൂപയുടെ ചെക്കു കൊടുത്തു എന്ന ഓഡിറ്റ് പരാമർശത്തിൽ അത് പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി.സി. ചെയ്യാതെ കിടന്ന പണമാണെന്നും പിന്നീട് ശ്രദ്ധയിൽപ്പെട്ടപ്പോൾ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫണ്ടുകളായി ടി തുക പഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി.സി. ചെയ്തെന്നും പിന്നീട് റിലീസ് ചെയ്തെന്നും സെക്രട്ടറി വിശദീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**132. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, പഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിലുള്ള നീക്കിയിരുപ്പിനേക്കാൾ അധികം തുകയ്ക്ക് സെക്രട്ടറി ചെക്ക് നൽകി എന്നത്, ടി തുക പഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി.സി. ചെയ്യാതെ കിടന്ന പണമാണെന്നും ആയത് വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി യിട്ടുള്ള ഫണ്ടുകളായി പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി. സി. ചെയ്തിട്ടുണ്ടെന്നു മുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**രസീതുകളുടെ പരിശോധന—രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

താഴെപ്പറയുന്ന പ്രകാരമുള്ള രസീത് ബുക്കുകൾ, വരവ് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ എന്നിവ 1-4-2000 മുതൽ 31-3-2002 വരെയുള്ള കാലയളവിലെ രസീത് പ്രകാരമുള്ള വരവിന്റെ പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ നഷ്ടപ്പെട്ടതായി സെക്രട്ടറി രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ 1-4-2000 മുതൽ 31-3-2002 വരെയുള്ള രസീത് ഉപയോഗിച്ച് പിരിച്ചെടുത്ത തുകകൾ മുഴുവനും കൃത്യമായി പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല:

(1) നമ്പർ 11273, 11293, 11295 തുടങ്ങി 30 രസീത് ബുക്കുകൾ.

(2) 2002-03 കാലയളവിലെ 23247, 32001, 32003 എന്നീ മൂന്ന് രസീത് ബുക്കുകൾ.

(3) 16-2-2001 മുതൽ 20-7-2001 വരെയുള്ളതും 27-11-2001 മുതൽ 5-4-2002 വരെയുള്ളതുമായ വരവ് രജിസ്റ്ററുകൾ.

(4) ശ്രീ. സുനിൽ ജോണിന്റെ 7-8-2001 മുതൽ 14-6-2002 വരെയുള്ള കളക്ഷൻ രജിസ്റ്റർ.

(5) ശ്രീമതി സി. അംബികയുടെ 29-12-2000 മുതൽ 27-3-2002 വരെയുള്ള കളക്ഷൻ രജിസ്റ്റർ.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-2005, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

"ഓഡിറ്റിൽ പരാമർശിക്കുംപ്രകാരമുള്ള രസീത് ബുക്കുകൾ, വരവ് രജിസ്റ്ററുകൾ, കളക്ഷൻ രജിസ്റ്ററുകൾ എന്നിവ നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട യൂണിറ്റിൽനിന്നും VE/8/03 PTA നമ്പർ പ്രകാരം അന്വേഷണം നടത്തുകയും തുടർന്ന് 25-5-2007-ൽ VC/1/07 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്."

ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതിയോഗം പരിഗണിക്കുകയുണ്ടായി. യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

133. പരാമർശവിഷയത്തെ സംബന്ധിച്ച് വിജിലൻസ് കേസ് നിലനിൽക്കുന്നുവെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. രസീതു ബുക്ക് കാണാതായതിന് കാരണക്കാർ ആരെല്ലാമാണെന്ന സമിതിയുടെ ചോദ്യത്തിന് അന്ന് അവിടെ ജോലി ചെയ്തിരുന്ന മോഹനൻ എന്ന യു.ഡി. ക്ലാർക്കിന്റെ പേരിലാണ് ആരോപണം എന്നു സെക്രട്ടറി അറിയിച്ചു. പരാമർശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന സുനിൽ ജോൺ, സി. അംബിക എന്നിവർ യഥാക്രമം 7-8-2001 മുതൽ 14-6-2002 വരെയും 29-12-2001 മുതൽ 27-8-2002 വരെയുള്ള കളക്ഷൻ രജിസ്റ്ററുകൾ ഏൽപ്പിച്ചിട്ടില്ലായിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് അവർ കളക്ഷൻ ചാർജസ് ഓഫീസിൽ കൊടുത്തിട്ടുണ്ടെന്ന് എസ്.പി.എ.ഒ.-യും, അവർ കളക്ട് ചെയ്തുകൊണ്ടുവന്ന് സെക്രട്ടറിയെ ഏൽപ്പിച്ചു എന്നതാണ് കേസ് എന്ന് പത്തനംതിട്ട എ.ഡി.പി.-യും അറിയിച്ചു.

134. വിജിലൻസ് കേസ് നിലനിൽക്കുന്ന ഈ കേസിൽ ഡിപ്പാർട്ടുമെന്റലായി ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് ആ കാലയളവിൽത്തന്നെ അവരെ സസ്പെൻഡ് ചെയ്തെന്നും പഞ്ചായത്ത് തീരുമാന പ്രകാരം വിജിലൻസ് കൈമാറി വി.സി. 1/2007 എന്ന നമ്പറിൽ ക്രൈം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെന്ന് പത്തനംതിട്ട എ.ഡി.പി. (ADP) അറിയിച്ചു. എന്നാൽ അകൗണ്ട് ചെയ്ത് നിൽക്കുന്ന ഈ കേസിൽ കൃത്രിമത്വം കാട്ടിയ 30 രസീതികളിന്മേൽ യഥാർത്ഥ നഷ്ടം എത്രയാണെന്ന് കണക്കാക്കി വീണ്ടെടുക്കാൻ എന്തു മാർഗ്ഗമുണ്ടെന്ന് സമിതി ആരാഞ്ഞതിന് നഷ്ടപ്പെട്ട തുകയുടെ യഥാർത്ഥ കണക്കുകൾ വിജിലൻസ് കേസിന്റെ ചാർജിൽ വ്യക്തമായിക്കാണുമെന്ന് എസ്.പി.എ.ഒ. അറിയിച്ചു. പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ആരായാൻ തീരുമാനിച്ചു.

ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 28-3-2009-ലെ എൽ.എഫ്. 2344/സ്പെ.സെൽ.ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

135. രസീതികളുടെ പരിശോധന, ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾ ഇപ്പോൾ വിജിലൻസ് നടപടികളായതിനാൽ രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

136. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർവാങ്ങി പണി പൂർത്തിയാക്കിയില്ല**

തിരുത്തേൽപ്പടി-ഈരിക്കലേത്ത് പടി റോഡ് ടാറ് ചെയ്യുന്നതിന് 10-8-2000-ൽ അഡ്വാൻസായി 28,389 രൂപയും ഭാഗിക ബില്ലായി 13-3-2001-ൽ 56,124 രൂപയും ചേർത്ത് ആകെ 84,513 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഭാഗിക ബില്ലുകൾ പ്രകാരം ആകെ 62,360 രൂപയുടെ പണികൾ മാത്രമേ നടന്നിട്ടുള്ളൂ.

കൂരമ്പാല ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ ഓഫീസ് കെട്ടിടം പണിയുന്നതിന് 5-1-2001-ൽ മുൻകൂർ 33,800 രൂപയും 3-8-2001-ൽ ഭാഗിക ബില്ലുകൾ പ്രകാരം 41,657 രൂപയും ചേർത്ത് ആകെ 75,457 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആകെ 42,248 രൂപയുടെ പണികൾ മാത്രമേ നടന്നിട്ടുള്ളൂ.

മേൽവിവരിച്ച രണ്ട് പണികൾക്കുമായി നൽകിയ തുകകൾ പലിശ സഹിതം ഈടാക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്തിട്ടുണ്ട്.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.5)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"തിരുത്തേൽപ്പടി ഈരിക്കലേത്ത് റോഡ് ടാറിംഗ് പ്രവൃത്തി.

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 12-8-2003-ലെ 204260-ാം നമ്പർ ചെക്കുപ്രകാരം ഫൈനൽ ബിൽത്തുക നൽകിയിട്ടുണ്ട്.

കൂരമ്പാല ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം.

കൂരമ്പാല ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ ഓഫീസ് കെട്ടിടം പണിയുടെ കൺവീനറായ സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സുബൈദാബീവി, അരുൺ നിവാസ്, മങ്ങാരം-ന് പന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുക തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് 27-6-2007-ൽ എ1-1182/07-ാം നമ്പരായി നോട്ടീസ് നൽകിയിരുന്നു. ടി നോട്ടീസിനുള്ള മറുപടിയിൽ പി.റ്റി.എ. കമ്മിറ്റി ചെയർമാനാണ് ടി വേല നിർവ്വഹിച്ചിട്ടുള്ളതെന്ന് ശ്രീമതി സുബൈദാബീവി പറഞ്ഞതിൻപ്രകാരം പി.ടി.എ. കമ്മിറ്റി ചെയർമാനായ ശ്രീ. ഭാർഗ്ഗവൻപിള്ള, പടിഞ്ഞാറേവീട്ടിൽ, കൂരമ്പാല എന്ന ആൾക്ക് 25-1-2008-ൽ എ1-1182/07-ാം നമ്പരായി തുക പഞ്ചായത്തിൽ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിട്ടുണ്ട്."

ഓഡിറ്റ് ഖണ്ഡിക 3-9-2008-ൽ നടന്ന തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. ടി യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

137. പരാമർശ വിഷയത്തിന്മേൽ നൽകിയ തുകകൾ തിരിച്ചുപിടിക്കാനുള്ള നടപടികൾ സ്വീകരിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് തുക അടയ്ക്കണമെന്ന് പറഞ്ഞ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അന്നത്തെ പി.ടി.എ. പ്രസിഡന്റ് ഭാർഗവൻപിള്ള തുക അടയ്ക്കാമെന്ന് പറഞ്ഞെന്നും എന്നാൽ പലിശസഹിതം അടയ്ക്കണമെന്ന് പറഞ്ഞതുകൊണ്ട് ബുദ്ധിമുട്ടിലാണെന്നും അതിനാൽ ആർ.ആർ. നടപടി എടുത്തേപറ്റൂ എന്നും സെക്രട്ടറി ശ്രീ. ശങ്കരൻകുട്ടി ഉണ്ണിത്താൻ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ കൺവീനറായിരുന്ന എച്ച്.എം. റിട്ടയർ ചെയ്തുവെന്നും അദ്ദേഹവും ലയബിൾ ആണെന്നും എന്നാൽ ഭാർഗ്ഗവൻ പിള്ളയാണ് വർക്കുകൾ മുഴുവൻ ചെയ്തതെന്ന് അയാൾ രേഖാമൂലം എഴുതിത്തന്നിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. അതിനാൽ 28,000 രൂപയുടെ ലയബിലിറ്റി രണ്ടുപേരും ചേർന്ന്

അടയ്ക്കേണ്ടതാണെന്നും അതിനാൽ രണ്ടുപേർക്കുമെതിരെ ആർ.ആർ. നടപടി സ്വീകരിക്കുവാൻ സമിതി പന്തളം സെക്രട്ടറിയോട് നിർദ്ദേശിച്ചു.

138. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 28-3-2009-ലെ എൽ.എഫ്. 2344/സ്പെ.സെൽ.ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

| | |
|---|---|
| "(1) തുരുത്തേൽപ്പടി-ഈരിയ്ക്കലേത്ത് റോഡ് ടാറിംഗ് .. | ഫൈനൽ ബിൽപ്രകാരം ആകെ 1,22,987 രൂപയുടെ പ്രവൃത്തി ചെയ്തിട്ടുണ്ട്. ഫയൽ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എം. ബുക്ക് 3/99-00 പരിശോധനയ്ക്ക് ലഭിച്ചില്ല. |
| (2) കൂരമ്പാല ഗവ. എൽ.പി.എസ്.-ന്റെ.. ഓഫീസ് കെട്ടിടം പണി. കൺവീനർ 75,457 രൂപ കൈപ്പറ്റിയപ്പോൾ 42,248 രൂപയുടെ പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളൂ. | 25-1-2008-ന് പി.റ്റി.എ. കമ്മിറ്റി ചെയർമാന് നോട്ടീസ് നൽകിയിട്ടുണ്ട്. മറുപടി ലഭിക്കാതിരുന്നിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല." |

**നിഗമനങ്ങൾ/ശുപാർശകൾ**

139. **തിരുത്തേൽപ്പടി-ഈരിയ്ക്കലേത്ത് റോഡ് ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട എം.ബുക്ക് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

140. **കൂരമ്പാല ഗവൺമെന്റ് എൽ.പി.എസിന്റെ ഓഫീസ് കെട്ടിടം പണിയുമായി ബന്ധപ്പെട്ട് കൺവീനറായിരുന്ന പി.റ്റി.എ. കമ്മിറ്റി ചെയർമാനിൽനിന്ന് ഈടാക്കേണ്ട തുക പലിശസഹിതം ആർ.ആർ. നടപടിയിലൂടെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് വയ്ക്കുന്നതിന് വാങ്ങിയ ഭൂമി വിതരണം ചെയ്തില്ല**

പട്ടികജാതിയിൽപ്പെട്ട വീടില്ലാത്ത 24 കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 3 സെന്റ് സ്ഥലം നൽകുന്ന പദ്ധതി അനുസരിച്ച് വിതരണം ചെയ്യുന്നതിന്

37 ആർ. ച.മീ. ഭൂമി ഗ്രാമപഞ്ചായത്തിന്റെ പേരിൽ 31-3-2000-ൽ 5,14,985 രൂപയ്ക്ക് വാങ്ങുകയുണ്ടായി. സ്ഥലം 3 സെന്റ് വീതം അതിരുതിരിച്ച് നൽകുന്നതിന് തഹസിൽദാർക്ക് 1-7-2002-ൽ കത്തുനൽകിയതല്ലാതെ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള യാതൊരു നടപടിയും മൂന്നര വർഷത്തിനുശേഷവും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 24 ഗുണഭോക്താക്കളുടെ ലിസ്റ്റും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ കൈവശം വസ്തു ഉണ്ടായിരുന്നപ്പോൾത്തന്നെ പട്ടികജാതി വിഭാഗത്തിന് നേരിട്ട് 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 15,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ നടപടികളെക്കുറിച്ച് അന്വേഷണം ഉണ്ടാകേണ്ടതാണ്.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.1.6)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു:

"പന്തളം ഗ്രാമപഞ്ചായത്ത് 1998-99 ജനകീയാസൂത്രണ പദ്ധതി പ്രകാരം ഭൂരഹിതരായ 24 പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 5,14,985 രൂപ വിലനൽകി പന്തളം വില്ലേജിലെ 313/7, 313/7-2, 313/10 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 37 ആർ. 38 ച. മീറ്റർ ഭൂമി 31-3-2000-ൽ വാങ്ങുകയുണ്ടായി. ടി വസ്തു അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തില്ലെന്നുള്ള ഓഡിറ്റ് പരാമർശം ശരിയാണ്. 7-7-2008-ൽ കൂടിയ പന്തളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(സി) നമ്പർ തീരുമാനപ്രകാരം ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിലുള്ള ഗുണഭോക്തൃലിസ്റ്റിൽനിന്നും മുൻഗണനാപ്രകാരം മൂന്ന് സെന്റ് ഭൂമിവീതം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. "

ഓഡിറ്റ് പരാമർശം 3-9-2008-ൽ നടന്ന സമിതി തെളിവെടുപ്പ് യോഗം പരിഗണിക്കുകയുണ്ടായി. ടി യോഗത്തിൽ പരാമർശത്തിൻമേൽ താഴെ ചേർത്തിരിക്കുന്നതിൻപ്രകാരം തീരുമാനിച്ചു:

141. ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി ഭൂമി വിതരണം ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**142. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി ഭൂമി വിതരണംചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## തുമ്പമൺ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പേപ്പർ ഷോപ്പിംഗ്ബാഗ് നിർമ്മാണം—പാഴ്ച്ചെലവ്**

പ്ലാസ്റ്റിക്കിന്റെ ഉപയോഗംമൂലമുള്ള പരിസ്ഥിതിപ്രശ്നം തടയുന്നതിനും വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്ന തിനുവേണ്ടി 3,49,720 രൂപയുടെ അടങ്കൽ നിശ്ചയിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ക്വട്ടേഷൻ വിളിച്ച് ഒയാസിസ് ഏജൻസീസ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽനിന്നും 3,23,200 രൂപയുടെ ഓട്ടോമാറ്റിക് പേപ്പർബാഗ് മേക്കിംഗ് മെഷീൻ വാങ്ങുകയുണ്ടായി. ക്വട്ടേഷൻ വാഗ്ദാനം ചെയ്തിരുന്ന പ്രകാരം ഔവറിൻ പേപ്പർ റോൾ ലഭിച്ചതായോ ഓട്ടോമാറ്റിക് മെഷീന്റെ പ്രവർത്തനപരിശീലന ക്യാമ്പ് നടത്തിയതായിട്ടോ കാണിക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. 10/01-ൽ മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതായി പറയപ്പെടുന്ന ഈ വ്യവസായ യൂണിറ്റിൽനിന്നും ഇതുവരെയും ബാഗ് നിർമ്മിച്ച് വിതരണം നടത്തി യിട്ടില്ല. ഇപ്പോൾ ഈ യൂണിറ്റ് പ്രവർത്തനക്ഷമവുമല്ലായെന്ന് അറിയാൻ കഴിഞ്ഞു. കാലാകാലങ്ങളിൽ ഈ വ്യവസായ യൂണിറ്റിന്റെ പ്രവർത്തനം മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയതായും യാതൊരു രേഖയും ലഭ്യമല്ല.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.3.1.2.1)

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 28-8-2008-ലെ 42711/എ.ബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു:

“പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിലേക്ക് തുമ്പമൺ ഗ്രാമപഞ്ചായത്ത് 2001-02 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3,23,200 രൂപ മുടക്കി വാങ്ങിയ പേപ്പർബാഗ് മെഷീൻ നിലവിൽ പ്രവർത്തനക്ഷമമല്ല എന്നുള്ള ഓഡിറ്റ് പരാമർശം ശരിയാണെന്ന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. പദ്ധതിയുടെ നടത്തിപ്പിനായി പി-1165/01 നമ്പരായി ഒരു സംഘം 28-9-2001-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്വട്ടേഷനിൽ വാഗ്ദാനം ചെയ്തപ്രകാരം ഒരു റീൽ പേപ്പർ സൗജന്യമായി ലഭിക്കുകയും ആയതുപയോഗിച്ച് 1-11-2001 മുതൽ 30-11-2001 വരെ 1 മാസം പേപ്പർബാഗ് നിർമ്മാണത്തിന് തുമ്പമൺ പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ വനിതകൾക്ക് പരിശീലനം നടത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച ഹാജർബുക്ക്, മെഷീൻപേപ്പർ എന്നിവ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ഒരു റോളിൽ നിന്ന് ഉല്പാദിപ്പിക്കാവുന്ന കവറുകളുടെ എണ്ണത്തിൽ കുറവുവന്ന സാഹചര്യത്തിൽ സംഘത്തിന് നഷ്ടം സംഭവിക്കുകയും പ്രവർത്തനം ക്രമേണ നിലയ്ക്കുകയും ചെയ്തിരിക്കുകയുമാണ്. കാവേരി കുടുംബശ്രീ യൂണിറ്റിനെക്കൊണ്ട് പ്രവർത്തനം പുനർജ്ജീവിപ്പിക്കാൻ പഞ്ചായത്ത് ശ്രമം ആരംഭിച്ചെങ്കിൽ സാമ്പത്തികനഷ്ടം വരുമെന്നതിനാൽ അവർ ഇത് ഏറ്റെടുക്കാൻ തയ്യാറല്ല എന്ന് 16-5-2008-ൽ രേഖാമൂലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണ

ഉദ്യോഗസ്ഥ എൽ.വി.ഇ.ഒ ആണ്. തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിലാണ് ടി മെഷീൻ സൂക്ഷിച്ചിട്ടുള്ളത്. ഈ മെഷീൻ ഉപയോഗിച്ച് ഇപ്പോൾ പേപ്പർബാഗ് നിർമ്മാണം നടത്തുന്നില്ല."

ഓഡിറ്റ് പരാമർശം 3-9-2008-ലെ സമിതിയോഗം പരിഗണിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർത്തിരിക്കുന്നു:

143. ഷോപ്പിംഗ് ബാഗ് നിർമ്മാണ സംരംഭത്തിന്റെ അവസ്ഥ സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന് 25 വനിതകൾക്ക് തൊഴിൽകൊടുക്കാനുള്ള ഒരു സംരംഭമായിരുന്നു പ്രസ്തുത പദ്ധതിയെന്നും പഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിൽ അഞ്ചാറുമാസം പ്രവർത്തിച്ച ടി യൂണിറ്റ് അവർക്ക് നഷ്ടം വന്നതു കൊണ്ട് തുടർന്നുകൊണ്ടുപോയില്ലെന്നും യൂണിറ്റിന്റെ യന്ത്രസാമഗ്രികൾ പഞ്ചായത്തിന്റെ സാംസ്കാരിക നിലയത്തിൽ സൂക്ഷിച്ചിരിക്കുകയാണെന്നും സെക്രട്ടറി ശ്രീ. ജയിംസ് ജോർജ്ജ് അറിയിച്ചു.

144. ആറു മാസത്തോളം പ്രവർത്തിച്ച ടി യൂണിറ്റിന് എത്ര രൂപ നഷ്ടം വന്നുവെന്ന സമിതിയുടെ ചോദ്യത്തിന് ഒരു കിലോ പേപ്പർ ഉപയോഗിച്ചാൽ 45 രൂപ ചെലവുവരുമെന്നും പക്ഷേ വിൽക്കുമ്പോൾ 38 രൂപ മാത്രമേ ലഭിക്കുക യുള്ളൂവെന്നും യൂണിറ്റംഗങ്ങൾ അറിയിച്ചതായി സെക്രട്ടറി അറിയിച്ചു. പ്രസ്തുത പ്രോജക്ട് സംബന്ധിച്ച പഞ്ചായത്തിന്റെ ഇപ്പോഴത്തെ നിലപാട് സമിതി ആരാഞ്ഞു.

145. കുടുംബശ്രീയെ ഏൽപ്പിക്കാൻ പഞ്ചായത്ത് കമ്മിറ്റി പലപ്രാവശ്യം ശ്രമിച്ചു വെന്നും, കാവേരി എന്ന കുടുംബശ്രീ താത്പര്യപൂർവ്വം ഏറ്റെടുക്കാൻ തയ്യാറായ താണെങ്കിലും അവസാനം അവർ പിൻമാറുകയുമാണുണ്ടായതെന്നും മാത്രമല്ല പ്രസ്തുത യൂണിറ്റിൽ ഉണ്ടായിരുന്ന വനിതകളിൽ പലരും പിരിഞ്ഞുപോയതായും സെക്രട്ടറി അറിയിച്ചു.

146. പ്രസ്തുത മെഷീനുകൾ വച്ചിരുന്നാൽ തുരുമ്പെടുത്ത് പോകുമെന്നും അതിനാൽ അത് ലേലം ചെയ്യുന്നതാണ് നല്ലതെന്ന് എസ്.പി.എ.ഒ. അഭിപ്രായപ്പെട്ടു. ഇനി ഏതെങ്കിലും കുടുംബശ്രീ യൂണിറ്റുകളെക്കൊണ്ട് റിവൈവ് ചെയ്യിക്കാൻ പറ്റുമോ യെന്ന് ഒരു ശ്രമംകൂടി നടത്തണമെന്നും അതിനു പറ്റിയില്ലെങ്കിൽ മെഷീനുകൾ ലേലം ചെയ്ത് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

147. സമിതി നിർദ്ദേശമനുസരിച്ച് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പുനരുദ്ധരിച്ച് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കാതെ വന്നതിനാൽ മെഷീനുകൾ ലേലം ചെയ്യുന്നതിനുള്ള അനുമതിക്കായി തുമ്പമൺ ഗ്രാമപഞ്ചായത്ത് കമ്മിറ്റി സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു. ആയത് പരിശോധിച്ച് 13-8-2009-ലെ സ.ഉ.(സാധാ.) നമ്പർ 2078/2009/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു:

തുമ്പമൺ ഗ്രാമപഞ്ചായത്തിലെ പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പുനരുദ്ധരിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പേപ്പർബാഗ് നിർമ്മാണ മെഷീൻ ലേലം ചെയ്ത് വിൽക്കുന്നതിന് തുമ്പമൺ ഗ്രമാപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി ഉത്തരവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 3-6-2010-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08/നമ്പർ കത്തുപ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു:

148. "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയുടേയും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അഭ്യർത്ഥനയുടേയും, പത്തനംതിട്ട ഡി.ഡി.പി.-യുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ പേപ്പർ നിർമ്മാണ മെഷീൻ ലേലം ചെയ്ത് വിൽക്കുന്നതിന് 13-8-2009-ലെ സ.ഉ.(സാധാ.) നമ്പർ 2078/2009/തസ്വഭവ. ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ലേലം നടന്നതിന്റെ വിവരമൊന്നും ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമാക്കിയിട്ടില്ല. വിവരം അറിയിക്കാനായി ഗ്രാമപഞ്ചായത്തു സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. "

149. പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് മെഷിനറി ലേലം ചെയ്യുന്നതിന് 19-8-2010-ലെ IV(3)-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-1-2011-ലെ എൽ.എഫ്. 13705/സ്പെ.സെൽ.ജി2/08 നമ്പർ കത്തുപ്രകാരം സമിതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

**150. തുമ്പമൺ ഗ്രാമപഞ്ചായത്തിലെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ, സർക്കാർ ഉത്തരവ് പ്രകാരം മെഷീൻ ലേലം ചെയ്തിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ഡിസംബർ 18.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| | | **പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ** | |
| 1 | 8 | നാരങ്ങാനം | വിവിധ പ്രവൃത്തികൾ നടത്തുന്നതിന് അഡ്വാൻസായി കൈപ്പറ്റിയ തുകകൾ അന്തിമ ബില്ലിൽ തട്ടിക്കിഴിക്കുകയോ മറ്റുള്ളവ തിരിച്ച് ഈടാക്കുകയോ ചെയ്തെന്ന പഞ്ചായത്തിന്റെ മറുപടി പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 11 | ,, | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക തിരികെ ഈടാക്കിയിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 14 | മലയാലപ്പുഴ | കോടതിയുടെ ഇടപെടൽമൂലമാണ് ജോലിയിൽ തുടർന്ന രണ്ട് അദ്ധ്യാപകർക്ക് അവധിക്കാല വേതനം നൽകേണ്ടിവന്നതെന്ന സാഹചര്യം കണക്കിലെടുത്തും വെക്കേഷൻ സാലറി നൽകുക വഴി പഞ്ചായത്തിനുണ്ടായ യഥാർത്ഥ നഷ്ടത്തെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഇല്ലാത്തതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 19 | കലഞ്ഞൂർ | സർക്കാരിന്റെയും പഞ്ചായത്തിന്റെയും മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 25 | റാന്നി-പെരുനാട് | അധികമായി ഡീസൽ വാങ്ങിയ ഇനത്തിലുള്ള 5,214 രൂപയും നാളിതുവരെയുള്ള പലിശയും ബന്ധപ്പെട്ട മുൻ സെക്രട്ടറിയിൽ നിന്നും ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി റിപ്പോർട്ടു സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 26 | ,, | ജീപ്പിന്റെ ലോഗ് ബുക്കിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ട് എന്ന ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോഗു ബുക്കുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 30 | പള്ളിക്കൽ | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നിലവിലെ സ്ഥിതിയും സ്റ്റേ പിൻവലിക്കുന്ന മുറയ്ക്ക് പരാമർശ തുക ഈടാക്കി ആയതിന്റെ വിവരവും റിപ്പോർട്ട് ചെയ്യുവാൻ ശുപാർശ ചെയ്യുന്നു. |
| 8 | 42 | കവിയൂർ | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പദ്ധതിയുടെ, പ്രോജക്ട് റിപ്പോർട്ടിന്റെ അസ്സൽ/ഫോട്ടോകോപ്പി, വൗച്ചർ, മെഷീൻ നൽകിയ ഡീലറുടെ ബില്ല്, മെഷീൻ വിതരണം ചെയ്തതിനുള്ള രസീത്, പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. പരാമർശം സംബന്ധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 9 | 43 | ,, | ആവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാത്തപക്ഷം തയ്യൽ മെഷീൻ വിതരണം ചെയ്ത പദ്ധതിക്കായി ചെലവാക്കിയ തുക അന്നത്തെ സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരിൽനിന്ന് ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | 48 | കവിയൂർ | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന് കൈമാറിയിട്ടുണ്ടോ, എന്നതിനെ സംബന്ധിച്ചും, അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ടി അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും സമിതിക്കും ഓഡിറ്റിനും റിപ്പോർട്ട് ചെയ്യുക. കൂടാതെ, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലും, മറ്റു രേഖകളും പരിശോധിച്ച് പദ്ധതിനിർവ്വഹണത്തിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ചും പദ്ധതി നിർവ്വഹണത്തിലെ ധനവിനിയോഗത്തെ സംബന്ധിച്ചുമുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് സമർപ്പിക്കണമെന്നും കൺവീനറിൽനിന്ന് ഈടാക്കേണ്ട തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 11 | 55 | ,, | നാലുപാറ വെളിത്തോടത്ത് കടവ് ഇറിഗേഷൻ ബണ്ട് എക്സ്റ്റൻഷൻ പണി ഇലക്ട്രിസിറ്റിപ്പടി പാടിക്കൽ കടവ് റോഡ് കയ്യാലേപ്പടി തുണ്ടിപ്പടിറോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാരിൽനിന്ന് ഈടാക്കേണ്ട തുക ആർ. ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കിയും ഇലക്ട്രിസിറ്റിപ്പടി-പാടിക്കൽ കടവ് റോഡ് പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തിയും റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 56 | ,, | കല്ലമ്പള്ളി തേനിശ്ശേരിപ്പടി റോഡ് പണി സംബന്ധിച്ച പരാമർശം ഓഡിറ്റ് വകുപ്പ് പരിശോധിച്ച്, പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽത്തുക നൽകിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 59 | ,, | മണ്ണേറ്റുപടി പാറപ്പുഴ കടവ്റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട് 12,500 രൂപ അഡ്വാൻസ് കൈപ്പറ്റുകയും പണി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെയ്യാതിരിക്കുകയും ചെയ്ത കൺവീനറിൽ നിന്നും അഡ്വാൻസ്തുക പലിശസഹിതം ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുക. |
| 14 | 68 | കവിയൂർ | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നൽകിയ റിപ്പോർട്ടിൽ, മനഃപ്പൂർവ്വമായി ഫണ്ട് ദുർവിനിയോഗം നടന്നതായി കാണുന്നില്ല എന്ന് രേഖപ്പെടുത്തിയതിനാലും, പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ പരാമർശ വിധേയനായ കൺവീനർ മരണപ്പെട്ടിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 81 | ഓമല്ലൂർ | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഒൻപതു പ്രവൃത്തികളിൽ താന്നിക്കൽപ്പാടി, കയ്യാലേത്തുപടി റോഡ് നിർമ്മാണം, നിയായിപ്പും വേലിൻപടി മാപ്പിറപ്പാട്ടപടി റോഡ് സംരക്ഷണം, ഉറുമ്പിൻപടി പുതുവാത്തുപ്പടി റോഡ്, കപ്പമാവ് നിൽക്കുന്നതിൻപ്പടി-മലങ്കോട്ട റോഡ് എന്നീ പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്ത് നൽകിയ വിശദീകരണം ഓഡിറ്റ് വകുപ്പ് അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നത് പരിഗണിച്ച്, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഒരേ പ്രവൃത്തി രണ്ടുപ്രാവശ്യം ചെയ്തുവെന്ന മറ്റു പരാമർശങ്ങൾ കണക്കിലെടുത്ത് ഒരേ റോഡുകളിൽ പല ഭാഗങ്ങളിലായി ഉദ്ധാരണ പ്രവൃത്തികൾ നടത്തുമ്പോൾ എസ്റ്റിമേറ്റിലും മറ്റ് രേഖകളിലും നിർബന്ധമായും ചെയിനേജ് കാണിച്ചിരിക്കണം എന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | 84 | കോട്ടാങ്ങൽ | പരിശീലന സ്ഥാപനം നൽകിയ ഹാജർ രേഖകളും പഞ്ചായത്തിന്റെ മിനിട്സ് പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റും പൊരുത്തപ്പെടുന്നതിനാൽ തടസ്സം ഒഴിവാക്കാമെന്ന് ഓഡിറ്റ് വകുപ്പ് ശുപാർശ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 17 | 87 | അരുവാപ്പുലം | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും കേസിന്റെ വിധിപ്രകാരം തുടർനടപടികൾ സ്വീകരിക്കാനും സമിതി നിർദ്ദേശിക്കുന്നു. |
| 18 | 89 | ,, | ഓഡിറ്റ് പരാമർശവിധേയനായ സെക്രട്ടറി സർവ്വീസിലിരിക്കെ മരണമടഞ്ഞ സാഹചര്യത്തിൽ, ടിയാന്റെ ബാദ്ധ്യത തിട്ടപ്പെടുത്തി ഈടാക്കാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ റദ്ദ് ചെയ്ത് ടിയാനെതിരായ തുടർനടപടികൾ അവസാനിപ്പിക്കാൻ 28-3-2008-ലെ സ.ഉ.(സാ.) നമ്പർ 954/08/തസ്വഭവ. നമ്പർ ഉത്തരവായിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 91 | ,, | ജനവിദ്യാകേന്ദ്രത്തിന് വസ്തു വാങ്ങിയത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനം സംബന്ധിച്ച് എന്ന പരാമർശത്തിൽ പദ്ധതിക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നതിന്റെയും പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് തീരുമാന പ്രകാരം 5 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട് എന്ന വസ്തുത കണക്കിലെടുത്തും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | 100 | ഏറത്ത് | ഇലക്ട്രിസിറ്റി വർക്കുമായി ബന്ധപ്പെട്ട പരാമർശത്തിൽ 1997-98 മുതൽ 2006-07 വരെയുള്ള ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അടക്കമുള്ള ഫയൽ പരിശോധിച്ച് തടസ്സം ഒഴിവാക്കാമെന്ന് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 101 | ,, | കെ.എസ്.എച്ച്.ബി.-യിൽനിന്നും തിരികെ ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിനായി, സർക്കാരിലേക്ക് അപേക്ഷിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിനോട് സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 104 | ആനിക്കാട് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ബാധ്യതയെ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 109 | വെച്ചൂച്ചിറ | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആകെ പ്രവൃത്തിമൂല്യം 1,56,817 രൂപയായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും 1,23,770 രൂപ മാത്രമേ നൽകിയതായി ഫയലിൽ കാണുന്നുള്ളൂവെന്നും ടി വസ്തുത പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ശുപാർശ പരിഗണിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 24 | 114 | ,, | ജനകീയാസൂത്രണം-മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം പണി ആരംഭിച്ചിട്ടില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഡി.സി.എൻ.പടി കോൺക്രീറ്റിംഗ്, കൊല്ലമുള 10-ാം കോളനി റോഡ് ടാറിംഗ്, വാലേൽപ്പടി കലുങ്ക്, താന്നിക്കാപ്പുഴ- |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കുക്കുടുക്ക റോഡ് ടാറിംഗ്, കുന്നം-പുള്ളിക്കല്ല് റോഡ് ടാറിംഗ്, കുന്നം-അമ്പടിപ്പാറ റോഡ് ടാറിംഗ് എന്നീ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 25 | 115 | വെച്ചൂച്ചിറ | (i) വാഴൂർമുക്ക് റോഡ് ടാറിംഗ്, (ii) ഇടത്തിക്കാവ്-മണൽക്കടവ് കോൺക്രീറ്റിംഗ്, (iii) എൽ.പി.എസ്.പടി റോഡും ഡി.ആർ. നിർമ്മാണവും (iv) ഇടത്തിക്കാവ്-ഡി.ആർ. (v) ചാത്തൻതറ-അഴുത കോളനിറോഡ്, (vi) ആന്റണിമുക്ക്-മുട്ടുട്ടുതറ റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിന്മേൽ പഞ്ചായത്ത് പ്രസിഡന്റും എഞ്ചിനീയറും ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി, സ്ഥല പരിശോധന നടത്തി പ്രവൃത്തികൾ ഒന്നും നടത്തിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തത് കണക്കിലെടുത്ത് ടി പ്രവൃത്തികളുടെ കൺവീനർമാരിൽനിന്ന് റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ നിശ്ചയിച്ചിരുന്ന തുക പലിശസഹിതം അടിയന്തരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുക. കൂടാതെ വേഴയ്ക്കാപ്പടി കലുങ്ക് ആറാകർപടി-ഡി.ആർ. നിർമ്മാണം ചാത്തൻതറ-പത്താം കോളനി റോഡ് കൊല്ലമുള-പലകക്കടവ് റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട കൺവീനർമാരിൽനിന്നും ആർ. ആർ. നടപടിയിലൂടെ ഈടാക്കേണ്ട തുക പലിശസഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുക. |
| 26 | 116 | ,, | പഴയമഠം-പാലാബ്ലോക്ക് ടാറിംഗ്, ഉപ്പുമാക്കൽപ്പടി കലുങ്ക് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുക. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | 117 | വെച്ചൂച്ചിറ | വള്ളിക്കാവ്റോഡ് നിർമ്മാണം, അറുവച്ചാം കുഴി-ഇടകടത്തി റോഡ് ടാറിംഗ് എന്നീ പ്രവൃത്തികളിൽ മുൻകൂർ നൽകിയ തുകയ്ക്കുള്ള പ്രവൃത്തി പൂർത്തീകരിച്ചത് കണക്കിലെടുത്ത് പരാമർശം ഒഴിവാക്കാവുന്ന താണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 28 | 124 | പന്തളം | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മൂരിക്കാവിൽ ഐ.എച്ച്.ഡി.പി. കോളനി റോഡ്, പൂലിക്കുഴിമുക്ക്-കെല്ലിരേത്ത്പടി റോഡ്, നിരപ്പിൽ കോളനി-പാറങ്ങൽപ്പാലം റോഡ്, പാലത്തടം-പൂവണ്ണത്തടം റോഡ്, കടയ്ക്കാട് മണ്ണിൻ വടക്കേതിൽ റോഡ്, ഫാക്ടറിപ്പടി-തയ്യിൽപ്പടി റോഡ്, മൂപ്പാർ പി.എച്ച്.സി. കെട്ടിട നിർമ്മാണം, ഇയ്യാംകോട് കരിംകിട്ടിയ്ക്കൽ ഏലായിൽ പുളിമുട്ടത്ത്, കിഴക്കേകുളം സംരക്ഷണം എന്നീ പ്രവൃത്തികൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി യിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശ ങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 29 | 125 | ,, | പ്ലാക്കൂട്ടത്തിൽപ്പടിക്കുളം-പുത്തൻകുളം മണ്ണാട്ടുപാറക്കുളം എന്നിവയുടെ സംരക്ഷണം എന്ന പരാമർശത്തിന്മേൽ സാങ്കേതിക പരിശോധന നടത്തി പ്രവൃത്തി പൂർത്തീകരണത്തെയും ബാദ്ധ്യത യുണ്ടെങ്കിൽ ആയതിനെയും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുക. ടെലിഫോൺ എക്സ്ചേഞ്ച്, മുകടിപ്പടി റോഡ്, പാലത്തടം കോളനി റോഡ് എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട് എം. ബുക്ക് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുക. |
| 30 | 126 | ,, | പാറേ-കൊല്ലാംകുളം സംരക്ഷണം, കുന്നിയിലെ തുണ്ടിൽക്കണ്ടം മോടിപ്പടി റോഡ്, കോഴിച്ചാൽ-ഇരുട്ടടി തോട് വലിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തോട് വരെ ആഴംകൂട്ടൽ, കിളികൊല്ലൂർ തോട് സംരക്ഷണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് കൺവീനർമാർക്കെതിരെ ആർ.ആർ. നടപടിപ്രകാരം ഈടാക്കേണ്ട തുക പലിശസഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യുക. |
| 31 | 129 | പന്തളം | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 5 പ്രവൃത്തികളിൽ 'നെല്ലിക്കൽ ബണ്ട് ബലപ്പെടുത്തൽ' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട മുൻകൂർ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 32 | 130 | ,, | ടി. വി. കിയോസ്ക് നിർമ്മാണം, വലക്കടവ് റോഡ് സംരക്ഷണം, അമ്പലപ്പടി പുന്തല മുക്ക് റോഡ്, പുത്തൻപുരപ്പടി പോഴം കൊല്ലാറോഡ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ തുകകൾ ആർ.ആർ. നടപടിയിലൂടെ അടിയന്തരമായി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 33 | 132 | പൊതു അവലോകനം (പന്തളം) | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, പഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിലുള്ള നീക്കിയിരുപ്പിനേക്കാൾ അധികം തുകയ്ക്ക് സെക്രട്ടറി ചെക്ക് നൽകി എന്നത്, ടി തുക പഞ്ചായത്തിന്റെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി.സി. ചെയ്യാതെ കിടന്ന പണമാണെന്നും ആയത് വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഫണ്ടുകളായി പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് റ്റി. സി. ചെയ്തിട്ടുണ്ടെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 34 | 136 | പൊതു അവലോകനം (പന്തളം) | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു. |
| 35 | 139 | ,, | തിരുത്തേൽപ്പടി-ഈരിയ്ക്കലേത്ത് റോഡ് ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട എം.ബുക്ക് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 36 | 140 | ,, | കൂരമ്പാല ഗവൺമെന്റ് എൽ.പി.എസിന്റെ ഓഫീസ് കെട്ടിടം പണിയുമായി ബന്ധപ്പെട്ട് കൺവീനറായിരുന്ന പി.റ്റി.എ. കമ്മിറ്റി ചെയർമാനിൽനിന്ന് ഈടാക്കേണ്ട തുക പലിശസഹിതം ആർ.ആർ. നടപടിയിലൂടെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 37 | 142 | ,, | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട്, ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി ഭൂമി വിതരണം ചെയ്യാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 38 | 150 | തുമ്പമൺ ഗ്രാമപഞ്ചായത്ത് | തുമ്പമൺ ഗ്രാമപഞ്ചായത്തിലെ പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ, സർക്കാർ ഉത്തരവ് പ്രകാരം മെഷീൻ ലേലം ചെയ്തിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |